No/775/2023/SRG/LSGD/CC(6)

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം 26.10.2023 വ്യാഴാഴ്ച ഉച്ചയ്ക്ക്ശേഷം 2.30 മണിക്ക് സെക്രട്ടറിയേറ്റ് അനക്സ് II ലെ നവകൈരളി ഹാളിൽ വച്ച്**

**അജണ്ട**

**2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022, 08.03.2023, 25.04.2023, 15.06.2023, 22.06.2023, 03.07.2023 എന്നീ തീയതികളിൽ നടന്ന യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.1 21.10.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

1

**2.1 ഖണ്ഡിക 4.58**

**അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്**

**അട്ടപ്പാടി ബ്ലോക്കുപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ 29.09.2022 ലെ കത്ത് (SRG 1061/22).**

**വിഷയം:-** കോട്ടത്തറ ആശുപത്രിയിൽ അധികമായി സ്റ്റാഫിനെ ബ്ലോക്കു പഞ്ചായത്തിൽ നിന്നും നിയമിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 188/23*** | ***അടങ്കൽ*** | ***10,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)*** |
| ***പേര്*** | ***കോട്ടത്തറ GTSH HMC താൽക്കാലിക ജീവനക്കാർക്ക് വേതനം*** | |

അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സേവനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തിക്കുന്നത്. ഇവിടെ ജനറൽ മെഡിസിൻ, ഓർത്തോ, ഇ.എൻ.ടി, ഗൈനക്കോളജി, സൈക്ക്യാട്രി, സർജറി, ശിശുരോഗ വിദഗ്ധ സേവനം, കണ്ണ് രോഗം, ഡയാലിസിസ് തുടങ്ങിയ വിഭാഗങ്ങളിൽ സ്പെഷ്യാലിറ്റിയുണ്ട്. ഡയാലിസിസിന് ഇപ്പോഴുള്ള ഒരു ഷിഫ്റ്റിനു പകരം രണ്ടു ഷിഫ്റ്റാക്കണം. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അധിക സ്റ്റാഫിനെ നിയമിക്കേണ്ടതുണ്ട്. എച്ച്.എം.സിയ്ക്ക് മതിയായ വരുമാനമില്ലാത്തതിനാൽ താല്ക്കാലികാടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം അധികമാൾക്കാരെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നു നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

1) ഡയാലിസിസ് ടെക്നീഷ്യൻ - 1 എണ്ണം
2) സ്റ്റാഫ് നേഴ്സ് ഗ്രേഡ് II - 3 എണ്ണം
3) ലാബ് ടെക്നീഷ്യൻ - 1 എണ്ണം
4) സെക്യൂരിറ്റി ജീവനക്കാർ - 2 എണ്ണം

**21.10.2022 ലെ തീരുമാനം:-** മുകളിൽ പറഞ്ഞ പ്രകാരം ജീവനക്കാരെ നിയമിക്കുന്നതു സംബന്ധിച്ച് പരിശോധിച്ച റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ആരോഗ്യ വകുപ്പിൽ നിന്ന് ഇവരെ നിയമിക്കാൻ സാധിക്കുമോ എന്നതും റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. റിപ്പോർട്ട് ലഭിക്കാത്തതിനാൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് നൽകണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടറോട് 22.11.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി വീണ്ടും ആവശ്യപ്പെട്ടു. ഈ ആശുപത്രിയുടെ പ്രധാന ഗുണഭോക്താക്കൾ പട്ടികവർഗ്ഗ വിഭാഗക്കാരാണ്. അതിനാൽ മുകളിൽ പറഞ്ഞവരെ നിയമിക്കുന്നതടക്കം ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായവും ഉണ്ടാകണമെന്ന് പട്ടികവർഗ്ഗ വികസന ഡയറക്ടറോട് യോഗം നിർദ്ദേശിച്ചു.

പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് മുകളിൽ പറഞ്ഞവരെ നിയമിക്കാൻ ധനസഹായം നൽകാൻ ബുദ്ധിമുട്ടാണെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ 14.02.2023 ലെ യോഗത്തിൽ അറിയിച്ചു. ഇതനുസരിച്ച് ഇവരെ നിയമിക്കാൻ നാഷണൽ ഹെൽത്ത് മിഷനിൽ നിന്ന് സാധിക്കുമോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ 14.02.2023 ലെ യോഗം ചുമതലപ്പെടുത്തി. ഇതനുസരിച്ച് 25.04.2023–ലെ യോഗത്തിലേയ്ക്ക് റിപ്പോർട്ട് നൽകി.

**<u>25.04.2023 ലെ യോഗത്തിൽ നൽകിയ റിപ്പോർട്ട്</u>** :– 14.02.2023 ലെ മീറ്റിംഗ് തീരുമാന പ്രകാരം NHM സ്റ്റേറ്റ് /ജില്ലാ ഓഫീസർമാരോട് ചർച്ച ചെയ്തു. ആദിവാസി മേഖലയിലുള്ള ആശുപത്രി എന്ന പ്രത്യേക പരിഗണനയിൽ 3 സ്റ്റാഫ് നേഴ്സുമാരെ പോസ്റ്റ് ചെയ്യുന്നതിനുള്ള അനുമതി ലഭ്യമായിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനയുടെ സഹായത്തോടെ ഒരു ഡയാലിസിസ് ടെക്നീഷ്യനെ കൂടി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ ഈ പ്രോജക്ട് വഴി അല്ലാതെയുള്ള ജീവനക്കാരെ ലഭിക്കുന്ന മുറയ്ക്ക് രണ്ടാം ഷിഫ്റ്റ് തുടങ്ങാൻ സാധിക്കുമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചു.

**<u>25.04.2023 ലെ തീരുമാനം</u>**:– ഈ ആശുപത്രിക്ക് ഹെൽത്ത് ഗ്രാന്റിൽ നിന്ന് ധനസഹായം നൽകാൻ കഴിയുമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതോടൊപ്പം പ്രത്യേക പരിഗണനയോടെ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് നൽകാൻ കഴിയുന്ന ധനസഹായം /ഇടപെടൽ എന്താണെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ വികസനവകുപ്പിനേയും ചുമതലപ്പെടുത്തി. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് ട്രൈബൽ പാരാമെഡിക്സിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരിശോധിച്ച് നൽകണം. ഇതനുസരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും റിപ്പോർട്ട് നൽകി.

1) **ആരോഗ്യവകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ട്**:– കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിക്ക് ഹെൽത്ത് ഗ്രാന്റ് ലഭ്യമല്ല. അതിനാൽ ഹെൽത്ത് ഗ്രാന്റിൽ നിന്ന് ധനസഹായം നൽകാൻ കഴിയില്ല.

2) **പട്ടികവർഗ്ഗവികസനവകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ട്**:– പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നേഴ്സിംഗ് ഉൾപ്പെടെയുള്ള പാരാമെഡിക്കൽ കോഴ്സ് പൂർത്തിയാക്കിയവരെ ആരോഗ്യ സ്ഥാപനങ്ങളിൽ കരാർ വ്യവസ്ഥയിൽ 'ഗോത്ര വർഗ്ഗ പാരാമെഡിക്സ്' എന്ന പേരിൽ നിയമിക്കുന്നുണ്ട്. അട്ടപ്പാടി മേഖലയിൽ നിന്ന് 11 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവരിൽ നിന്ന് അർഹരായവരെ ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുമതിയോടെ കോട്ടത്തറ ആശുപത്രിയിൽ നിയമിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

   പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്ന് കോട്ടത്തറ ആശുപത്രിയുടെ സേവനം മെച്ചപ്പെടുത്തുന്നതിന് മറ്റ് ഇടപെടൽ സാധ്യതകൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, പട്ടികവർഗ്ഗവികസനവകുപ്പ്<br>2)ഡയറക്ടർ, ആരോഗ്യവകുപ്പ്<br>3) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്** |

2

**<u>2.2 കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023–ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**<u>2.2 ഖണ്ഡിക 4.22</u>**

**<u>ലൈഫ് ഭവന പദ്ധതി</u>**

**<u>ബഹു. ആലപ്പുഴ എം.എൽ.എ 06.12.2022 ൽ അവതരിപ്പിക്കുന്നതിന് അനുവദിച്ച സബ്മിഷൻ നം.2, ബഹു. ആലപ്പുഴ എം.എൽ.എ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി,</u>**

**ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരുടെ കത്തുകളുടെ അടിസ്ഥാനത്തിലുള്ള 03.02.2023 ലെ സർക്കാർ ഫയൽ (SRG 268/2023 – LSGD – DE3/221/2022/LSGD).**

**വിഷയം:-** പ്രളയത്തിൽ വീടുതകർന്നവർക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

ബഹു തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി 03.02.2023 ൽ നോട്ട് ഫയലിൽ (ഖണ്ഡിക 28) ഉത്തരവായതനുസരിച്ച് പ്രളയത്തിൽ തകർന്ന വീടുകൾക്ക് SDRF / CMDRF ൽ നിന്നു ധനസഹായം ലഭിക്കുകയും പിന്നീട് വീട്ടു വാസയോഗ്യമല്ലാതായതിനാൽ ലൈഫ് / പി.എം.എ.വൈ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള വിവരം താഴെ പറയും പ്രകാരം ശേഖരിച്ച് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഉടനെ റിപ്പോർട്ട് നൽകാമെന്ന് 25.04.2023 ലെ യോഗത്തിൽ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.
ഇതു സംബന്ധിച്ച റിപ്പോർട്ട്.

| **ജില്ലയുടെ പേര്** | **പ്രളയത്തിൽ തകർന്ന വീടുകളുടെ പുനരുദ്ധാരണത്തിന് CMDRF/SDRF ൽ നിന്ന് ധനസഹായം ലഭിച്ചതും പിന്നീട് ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവരുമായ കുടുംബങ്ങളുടെ എണ്ണം (പ്രളയ ധനസഹായമായി ലഭിച്ച 10,000 രൂപ വീടിനുള്ള ധനസഹായമായി കണക്കാക്കേണ്ടതില്ല)** |
|---|---|
| തിരുവനന്തപുരം | |
| ↓ | |
| ↓ | |
| ↓ | |
| കാസർകോഡ് | |

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

3

**2.2 ഖണ്ഡിക 4.84**

**പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.01.2023 ലെ കത്തും പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 23.08.2022 ലെ C-299/2018-ാം നമ്പർ കത്തും (SRG 165/2023- CC /481/22)**

**വിഷയം:-** നിലവിലെ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീനു പകരം പുതിയ മെഷീൻ വാങ്ങുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 76/2018*** | ***അടങ്കൽ*** | ***16,00,000/- രൂപ (വികസനഫണ്ട് - ജനറൽ )*** |
| ***പേര്*** | **പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പരിപാടി** | |

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് 2017-18ൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി കൈപറമ്പ് ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് ആരംഭിച്ചിരുന്നു. ഇതിന്റെ ഭാഗമായി 4,54,000 രൂപ മുടക്കി പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ വാങ്ങി സ്ഥാപിച്ചു. 1,62,000 രൂപ ഇതുവരെ പ്രതിവർഷ അറ്റകുറ്റപ്പണിക്കായി ചെലവഴിച്ചിട്ടുണ്ട്. ഈ മെഷീന്റെ 6 ബ്ലേഡുകൾ പലതവണ മാറ്റിയെങ്കിലും പ്ലാസ്റ്റിക് പൊടിക്കാനാകുന്നില്ല. അതിനാൽ നിലവിലെ മെഷീൻ കണ്ടം ചെയ്ത് പുതിയ മെഷീൻ വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**08.03.2023 ലെ തീരുമാനം** :-2017 ൽ വാങ്ങിയ മെഷീൻ പല പ്രാവശ്യം അറ്റകുറ്റപ്പണി നടത്തിയിട്ടും ഉപയോഗിക്കാൻ കഴിയാത്തത് പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്. ക്ലീൻ കേരള കമ്പനി മുഖേനയാണോ മെഷീൻ വാങ്ങിയത് എന്നതടക്കം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകിയെങ്കിലും റിപ്പോർട്ട് അപൂർണ്ണമായതിനാൽ പരിഗണിച്ചില്ല.

**25.04.2023 ലെ തീരുമാനം**:- അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ താഴെ പറയുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് നൽകാൻ ക്ലീൻകേരള കമ്പനിയുടെ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി. ക്ലീൻകേരള കമ്പനി മുഖേനയാണോ മെഷീൻ വാങ്ങിയത്, നിലവിലെ മെഷീനിന്റെ ടെക്നിക്കൽ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്, മെഷീൻ പല പ്രാവശ്യം അറ്റകുറ്റപ്പണി നടത്തിയിട്ടും പ്രവർത്തിക്കാൻ കഴിയാത്തതിന്റെ കാരണം എന്നിവ സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി<br>2)തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്** |

4

**2.2 ഖണ്ഡിക 4.98**

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2023 ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 15.07.22, 22.02.2023 എന്നീ തീയതികളിലെ DPT C4-984/22-ാം നമ്പർ കത്തുകളും (SRG 214/23, CC/21/23)**

**വിഷയം:-** ചെലവഴിക്കാതെ കിടക്കുന്ന പാർപ്പിട പദ്ധതി പ്രകാരമുള്ള തുക ലൈഫ് ഭവന പദ്ധതിയ്ക്ക് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 1063/2023*** | ***അടങ്കൽ*** | ***69,00,000/- രൂപ***<br>*(ചെലവഴിക്കാതെ ബാങ്കിൽ കിടക്കുന്ന തുക)* |
| ***പേര്*** | **ലൈഫ് ഭവനപദ്ധതി - സ്വാഭിമാൻ ഭവന പദ്ധതി ഫണ്ട് - ഗ്രാമപഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം** | |

തൃശ്ശൂർ ജില്ലാ പഞ്ചായത്തും ഗവണ്മെന്റേതിര ഏജൻസി ആയ കോസ്റ്റ് ഫോർഡും തൃശ്ശൂർ ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളും ചേർന്ന് 1999-2000 വർഷത്തിൽ ഹഡ്കോയുടെ സഹായത്തോടെ നടപ്പാക്കിയ പദ്ധതിയാണ് സ്വാഭിമാൻ പാർപ്പിട പദ്ധതി. ഹഡ്കോയിൽ നിന്നും വായ്പ എടുത്ത് കോസ്റ്റ് ഫോർഡ് മുഖേന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് വായ്പ വിതരണം ചെയ്യുകയും ഗുണഭോക്താക്കൾ വായ്പ ഗഡുക്കളായി കോസ്റ്റ് ഫോർഡിൽ അടയ്ക്കുകയും കോസ്റ്റ് ഫോർഡ് ഈ തുക ഹഡ്കോയിൽ തിരിച്ചടവാക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത 12,605 ഗുണഭോക്താക്കളിൽ നിന്ന് 3667 പേർക്ക് മാത്രമായി ഹഡ്കോ വായ്പ പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ അവശേഷിച്ച ഗുണഭോക്താക്കൾക്ക് പ്ലാൻ ഫണ്ട് ഉപയോഗിച്ച് വായ്പ നൽകുകയാണുണ്ടായത്. ഹഡ്കോയ്ക്ക് തിരികെ നൽകാനുണ്ടായ വായ്പാതുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പ്ലാൻ ഫണ്ടിൽ നിന്ന് കുറവ് ചെയ്ത് തിരിച്ചടച്ചു. എന്നാൽ സർക്കാർ പിന്നീട് കോസ്റ്റ് ഫോർഡിനെ പദ്ധതിയിൽ നിന്നും ഒഴിവാക്കിയതിനാൽ ഗുണഭോക്താക്കൾ തുക ജില്ലാ പഞ്ചായത്തിലാണ് തിരിച്ചടച്ചത്. ഗുണഭോക്താക്കൾ തിരിച്ചടച്ച തുക തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ബാങ്ക് ഓഫ് ഇൻഡ്യയിലെ **BOI 855610110008125** നമ്പർ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

26.11.2004-ലെ 319/4/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ തിരിച്ചടവാക്കിയ തുക അതത് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി കണക്കാക്കി വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് മറ്റ തദ്ദേശഭരണസ്ഥാപനങ്ങൾ സ്വാഭിമാൻ പദ്ധതി പ്രകാരം തിരിച്ചടവാക്കിയ തുക ഉപയോഗിച്ച് 2022-23 വർഷത്തെ ലൈഫ് ഭവനപദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. ഈ പദ്ധതിയ്ക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>08.03.2023 ലെ തീരുമാനം</u> :-** സർക്കാരിന്റെ 26.11.2004 ലെ 319/04/തസ്വഭവ നമ്പർ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ഇതു വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>റിപ്പോർട്ട്:-</u>** തൃശ്ശൂർ ജില്ലാ പഞ്ചായത്തും കോസ്റ്റ് ഫോർഡും തൃശ്ശൂർ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് 1999-2000 ൽ ഹഡ്കോയുടെ സഹായത്തോടെ നടപ്പാക്കിയ സ്വാഭിമാൻ പാർപ്പിട പദ്ധതി നടപ്പാക്കുന്നതിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭാഗത്തുനിന്ന് പലതരത്തിലുള്ള വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. എന്നിരുന്നാലും പദ്ധതി നടപ്പാക്കി നിരവധി വർഷങ്ങൾ കഴിഞ്ഞു എന്നതും ജില്ലാ പഞ്ചായത്ത് ഹഡ്കോയിൽ തിരിച്ചടയ്ക്കേണ്ട തുക പൂർണ്ണമായി തിരിച്ചടച്ചു എന്നതും പരിഗണിക്കേണ്ടതുണ്ട്. ഇനി ജില്ലാ പഞ്ചായത്തിന്റെ പേരിൽ ബാങ്ക് ഓഫ് ഇന്ത്യയുടെ അയ്യന്തോൾ ബ്രാഞ്ചിൽ 71,33,957 രൂപയാണ് ബാക്കിയുള്ളത്. ജില്ലാ പഞ്ചായത്ത് വികസനഫണ്ടിൽ നിന്നും മറ്റും ഹഡ്കോയിലേയ്ക്ക് തുക തിരിച്ചടച്ചു. ഈ തുക ഗുണഭോക്തൃ വിഹിതമായി ഗുണഭോക്താക്കൾ ജില്ലാ പഞ്ചായത്തിലേയ്ക്ക് തിരിച്ചടയ്ക്കാൻ തുടങ്ങിയതു കൊണ്ടാണ് ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ തുക മിച്ചമായി വന്നത്. ഈ തുക 2022-23 വർഷം ലൈഫ് ഭവന പദ്ധതിക്കായി ഉപയോഗിക്കാനാണ് ജില്ലാ പഞ്ചായത്ത് അനുമതി ആവശ്യപ്പെട്ടത്. 2022-23 വർഷം കഴിഞ്ഞതിനാൽ ഈ തുക 2023-24 വർഷം ലൈഫ് ഭവന പദ്ധതിക്കായി വിനിയോഗിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

5

**<u>2.2 ഖണ്ഡിക 4.107</u>**
**<u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത്</u>**
**പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 18.01.2023-ലെ കത്ത് (SRG/192/23)**

**വിഷയം:-** പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ ഉപയോഗിച്ച് സർവ്വേ നടത്തുന്നത് സംബന്ധിച്ച്

പത്തനംതിട്ട ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും ജില്ലാ പദ്ധതിയുടെ ഭാഗമായി നിർമ്മല ഗ്രാമം, നിർമ്മല നഗരം, നിർമ്മല ജില്ല എന്ന പദ്ധതി ഏറ്റെടുക്കുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ശുചിത്വ സർവ്വേ നടത്തുന്നതിന് ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് ആപ്ലിക്കേഷൻ ഉപയോഗിക്കുവാനാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. ജില്ലയിൽ നിലവിൽ 4 നഗരസഭകളിലും 12 ഗ്രാമപഞ്ചായത്തുകളിലും ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ ഉപയോഗിച്ച് സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആദ്യഘട്ടത്തിന്മേൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഗ്രാമപഞ്ചായത്തുകളിൽ വിശദമായ സർവ്വേ നടത്തേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ നഗരസഭകളിൽ മാത്രമേ വിശദമായ സർവ്വേ നടത്തിയിട്ടുള്ളൂ. സർക്കാർ ഉത്തരവ് പ്രകാരം സർവ്വേക്കായി നഗരസഭകളിൽ 25 രൂപയും ഗ്രാമപഞ്ചായത്തുകളിൽ 15 രൂപയുമാണ് ഒരു വീടിന് പ്രതിഫലം അനുവദിച്ചിട്ടുള്ളത്. എന്നാൽ

പത്തനംതിട്ട ജില്ലയിൽ ജില്ലാ പ്ലാനിന്റെ ഭാഗമായി നിർമ്മല ഗ്രാമം, നിർമ്മല നഗരം, നിർമ്മല ജില്ല പദ്ധതി നടപ്പാക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിശദമായ സർവ്വേ നടത്തേണ്ടതുണ്ട്. അതിനാൽ പത്തനംതിട്ട ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് ആപ്ലിക്കേഷൻ ഉപയോഗിച്ച് വിശദമായ സർവ്വേ നടത്തുന്നതിനും നഗരസഭയിലേതിനു തുല്യമായി 25 രൂപ വീതം സർവ്വേയ്ക്ക് പ്രതിഫലം നൽകുന്നതിനും നിലവിൽ പ്രാരംഭ സർവ്വേ നടത്തിയ 12 ഗ്രാമപഞ്ചായത്തുകളിൽ വിശദമായ സർവേ വീണ്ടും നടത്തേണ്ടതിനാൽ ഇതിന് അധികമായ തുക വകയിരുത്തുന്നതിനും അനുമതി നൽകണമെന്നതു സംബന്ധിച്ച് .

<u>**08.03.2023 ലെ തീരുമാനം**</u> :- സർക്കാരിന്റെ 26.09.2022-ലെ 2341/2022/തസ്വഭവ നമ്പർ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു പ്രകാരം ശുചിത്വമിഷൻ ഡയറക്ടർ താഴെ പറയും പ്രകാരം റിപ്പോർട്ട് നൽകി.

<u>**25.04.2023 ൽ നൽകിയ റിപ്പോർട്ട്:**</u>- 26.09.2022 ലെ 2341/22/തസ്വഭവ നമ്പർ ഉത്തരവിൽ പറയും പ്രകാരം നഗരസഭകൾക്ക് പരമാവധി 25 രൂപയും ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 15 രൂപയും എന്ന നിരക്ക് തുടരണമെന്നാണ് റിപ്പോർട്ട് നൽകിയിരിക്കുന്നത്.

<u>**25.04.2023 ലെ തീരുമാനം:**</u>- ഏതു രീതിയിലുള്ള സർവ്വേയാണ് നടത്തുന്നത്, എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നത്, മുകളിൽ പറഞ്ഞ സർക്കാർ ഉത്തരവിൽ പറയുന്നതിനേക്കാൾ വിശദമായ വിവരങ്ങൾ ശേഖരിക്കുന്നുണ്ടോ എന്നീ വിശദാംശങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറോട് ആവശ്യപ്പെട്ട പ്രകാരം റിപ്പോർട്ട് നൽകി.

<u>**റിപ്പോർട്ട് :-**</u> നഗരസഭകളിലേതുപോലെ അടിസ്ഥാന വിവരങ്ങളോടൊപ്പം അധിക വിവരങ്ങൾ കൂടി (കുടിവെള്ള സ്രോതസ്സ്, വീട്ടിലെ അംഗങ്ങളുടെ എണ്ണം, വാർഷിക വരുമാനം, റോഡിന്റെ പേര്, റോഡിന്റെ വീതി തുടങ്ങിയവ) ഉൾപ്പെടുത്തിയാണ് സർവ്വേ നടത്തുന്നത്. നിലവിൽ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ മുഖേന നഗരസഭാ പ്രദേശങ്ങളിലേതുപോലെ ഗ്രാമപഞ്ചായത്തുകളിലും വിശദമായ സർവ്വേ നടത്തുന്നതിന് ആവശ്യമായ ചോദ്യാവലി ആപ്ലിക്കേഷനിൽ ലഭ്യമാണെന്ന് കെൽട്രോൺ അറിയിച്ചിട്ടുണ്ട്. അതിനാൽ നഗരസഭകളിലേതുപോലെ ഗ്രാമപഞ്ചായത്തുകളിലും അധികവിവരശേഖരണം നടത്തുന്ന പക്ഷം പത്തനംതിട്ട ജില്ലാ പഞ്ചായത്തിന് ഒരു വീടിന് 25 രൂപാ നിരക്കിൽ സർവ്വേയ്ക്കായി അനുവദിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ<br>2)തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്** |

6

<u>**2.3 കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.04.2023 ന് കൂടിയ യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**</u>

**2.3 ഖണ്ഡിക 3.5** (ii) കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.04.2023 ലെ യോഗ തീരുമാനപ്രകാരം (ഖണ്ഡിക 4.35) 2022-23 ൽ പദ്ധതി ചെലവിൽ കുറവു വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥന്മാരുടെ യോഗം തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 01.06.2023 ൽ പ്രത്യേകമായി കൂടി. ഈ യോഗത്തിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് നിർദ്ദേശം നൽകുകയും നിർവ്വഹണം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ആകെ കൈവരിച്ച പദ്ധതി ചെലവ് ശതമാനത്തേക്കാൾ കുറവാണ് പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ നേരിട്ട് നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ

ചെലവ് ശതമാനം. ഉദാഹരണത്തിന് എസ്.സി.പി പദ്ധതിയുടെ ആകെ ചെലവ് 83.48 ശതമാനവും റ്റി.എസ്.പി പദ്ധതിയുടെ ആകെ ചെലവ് 85 ശതമാനവുമാണ്. എന്നാൽ പട്ടികജാതി വികസനവകുപ്പിലെ ഉദ്യോഗസ്ഥരും പട്ടികവർഗ്ഗ വികസനവകുപ്പിലെ ഉദ്യോഗസ്ഥരും നേരിട്ട് നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ പദ്ധതി ചെലവ് യഥാക്രമം 79.63 ശതമാനവും 71.90 ശതമാനവുമാണ്. ഇതു പട്ടികജാതി വികസനവകുപ്പ് ഡയറക്ടറും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും പ്രത്യേകം പരിശോധിച്ച് റിപ്പോർട്ട് നൽകണം എന്ന് 25.04.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ച പ്രകാരം റിപ്പോർട്ട് നൽകിയെങ്കിലും ഇത് പൂർണ്ണമല്ല എന്നു യോഗം വിലയിരുത്തി. ഈ വിഷയം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി അവലോകനം ചെയ്ത് വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് നൽകാൻ പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർമാരെ ചുമതലപ്പെടുത്തിയ പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും പട്ടികജാതി വികസനവകുപ്പ് ഡയറക്ടറും റിപ്പോർട്ട് നൽകി.

**പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ട് :-** ഐ.കെ.എം. സുലേഖ സോഫ്റ്റ് വെയറിലെ കണക്ക പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ചെലവ് 71.90ശതമാനമാണെങ്കിലും പട്ടികവർഗ്ഗ വികസന വകുപ്പ് ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ചെലവ് താഴെപ്പറയും പ്രകാരമാണെന്ന് അറിയിച്ചിരിക്കുന്നു.

| ക്രമ നം. | ഓഫീസിന്റെ പേര് | ചെലവ് ശതമാനം |
|---|---|---|
| 1 | ഇടുക്കി പ്രോജക്ട് ഓഫീസ് | 100 |
| 2 | കാഞ്ഞിരപ്പള്ളി പ്രോജക്ട് ഓഫീസ് | 100 |
| 3 | കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് | 90 |
| 4 | കാസർഗോഡ് ജില്ലാ ഓഫിസ് | 85 |
| 5 | കണ്ണൂർ പ്രോജക്ട് ഓഫീസ് | 84 |
| 6 | റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് | 80 |
| 7 | ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, (TEO മുഖേന) | 100 |
| 8 | പാലക്കാട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് | 84 |
| 9 | അടിമാലി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് (TDO) | 90 |

പദ്ധതി ചെലവ് കുറയാൻ പ്രധാന കാരണം ഗുണഭോക്തൃ ലിസ്റ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിൽ കാലതാമസം വരുന്നതുകൊണ്ടാണെന്നറിയിച്ചിട്ടുണ്ട്. മോണിറ്ററിംഗ് സുഗമമാക്കുന്നതിന് പ്രോജക്ട് വിവരങ്ങൾ പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർക്ക് ഇൻഫർമേഷൻ കേരള മിഷൻ ലഭ്യമാക്കണമെന്ന് അറിയിച്ചിട്ടുണ്ട്.

**പട്ടികജാതിവികസന വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ട് :-** ഗുണഭോക്തൃ ലിസ്റ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൃത്യമായി നൽകാത്തതും കഴിഞ്ഞ വർഷം നിലനിന്ന ട്രഷറി നിയന്ത്രണവും മൂലമാണ് പദ്ധതി ചെലവ് കുറഞ്ഞതെന്ന് അറിയിച്ചിരിക്കുന്നു. ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രതിമാസ യോഗത്തിൽ പ്രാദേശിക സർക്കാരുകളുടെ പദ്ധതി നിർവ്വഹണം ഇനി മുതൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പ്രത്യേകമായി അവലോകനം ചെയ്യുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ<br>2)പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ<br>3) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്** |

7

**2.3 ഖണ്ഡിക 3.5(iii)** ഇടുക്കി ജില്ലാ പഞ്ചായത്ത് എസ്.സി.പി, റ്റി.എസ്.പി എന്നിവയിൽ വളരെ കുറവ് ചെലവാണ് വരുത്തിയിരിക്കുന്നത്. യഥാക്രമം 45 ശതമാനവും 57 ശതമാനവും ആണ്. ഇത് പ്രത്യേകം പരിശോധിക്കണം. കാസർകോട് ജില്ലാ പഞ്ചായത്തിൽ എസ്.സി.പിയുടെ പദ്ധതി ചെലവ് 46.42 ശതമാനം മാത്രമാണ്. ഇതും റൂറൽ ഡയറക്ടർ പ്രത്യേകം പരിശോധിക്കണം. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളെ അപേക്ഷിച്ച് എസ്.സി.പിയിൽ ജില്ലാ പഞ്ചായത്തിന്റെ ചെലവ് കുറവാണ്. ഇത് പട്ടികജാതി വികസന ഡയറക്ടർ പരിശോധിക്കണം.

ഇതു സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകി.

റിപ്പോർട്ട്:- തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതിചെലവ് പ്രത്യേകമായി അവലോകനം ചെയ്യാൻ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രതിമാസ അവലോകനയോഗത്തിൽ ഡയറക്ടർ ഇതു പ്രത്യേകമായി പരിശോധിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ<br>2)പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ<br>3) റൂറൽ ഡയറക്ടർ, തസ്വഭവ<br>4)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**8**

**2.4 കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.4 ഖണ്ഡിക 3.3**

**ഹാപ്പിനസ്സ് പാർക്ക് :-** കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലും കുറഞ്ഞത് ഒന്ന് വീതം ഹാപ്പിനസ്സ് പാർക്കുകൾ എന്നതാണ് ലക്ഷ്യം. ഇതിനായി തദ്ദേശഭരണസ്ഥാപനങ്ങൾ 50 സെന്റ് സ്ഥലമെങ്കിലും കണ്ടെത്തണം. മാലിന്യനിക്ഷേപ കേന്ദ്രങ്ങളായിരുന്ന പ്രദേശങ്ങൾ, ക്രിമിറ്റോറിയത്തിനു സമീപമുള്ള ഭൂമി എന്നിവ ഇതിനായി ഉപയോഗിക്കാൻ മുൻഗണന നൽകേണ്ടതാണ്. താഴെ പറയുന്നതടക്കമുള്ള സൗകര്യങ്ങളുള്ള പാർക്കാണ് ഉണ്ടാക്കേണ്ടത്.

- ഭംഗിയും വൃത്തിയുമുള്ള പാർക്ക്, ഇരിപ്പിടം, സൗകര്യ ലഭ്യതയ്ക്കനുസരിച്ച് മറ്റ് വിനോദ ഉപാധികൾ എന്നിവ ഉണ്ടാകണം.
- സെൽഫി കോർണർ ഉണ്ടാകണം
- സ്നാക്ക്സ് & ഡ്രിംഗ്സ് (ടേസ്റ്റ് ദി വില്ലേജ് കോർണർ), മൊബൈൽ റീ ചാർജ്ജിംഗ് സംവിധാനം, വൈഫൈ, കുടിവെള്ളം, വൃത്തിയുള്ള ടോയിലറ്റ് എന്നീ സൗകര്യങ്ങൾ അനിവാര്യമാണ്.
- മാലിന്യശേഖരണ സംവിധാനം ഉണ്ടാകണം
- ഭംഗിയുള്ള ലൈറ്റിംഗ് സംവിധാനം വേണം
- സേവ് ദി ഡേറ്റ്, ബർത്ത് ഡേ പാർട്ടി പോലുള്ള ഇവന്റുകൾക്ക് വിനിയോഗിക്കുവാൻ കഴിയും വിധം ഭംഗിയുണ്ടാകണം.
- മാസത്തിൽ ഒരു ദിവസം ഹാപ്പിനസ്സ് ഡേ ഉണ്ടാകണം. പ്രദേശത്തെ തനത് കലാകാരന്മാർക്ക് അവസരം നൽകിക്കൊണ്ടുള്ള കലാപരിപാടികൾ, ഫുഡ് ഫെസ്റ്റ് എന്നിവ ആകാം.
- സ്ഥല ലഭ്യതയ്ക്കനുസരിച്ച് താഴെപ്പറയുന്ന അധിക സൗകര്യങ്ങൾ ഏർപ്പെടുത്തണം.
- ഡാൻസിംഗ് / സിംഗിങ് ഫ്ലോർ
- മഴവെള്ള സംഭരണ സംവിധാനം
- വർക്ക് ഫ്രം പാർക്ക് സൗകര്യങ്ങൾ
- കമ്മ്യൂണിറ്റി യോഗ, മെഡിറ്റേഷൻ, ജോഗിംഗ് തുടങ്ങിയവയ്ക്കുള്ള സംവിധാനം
- ഡിജിറ്റൽ ബോർഡ് ത്രീഡി തിയേറ്റർ സിസ്റ്റം
- റേഡിയോ ഉൾപ്പെടെയുള്ള സംഗീത സംവിധാനം
- ഡ്രസ്സ് ചേഞ്ചിംഗ് സൗകര്യം, മുലയൂട്ടാനുള്ള സൗകര്യം, മൈലാഞ്ചി കോർണർ
- സൈക്കിൾ ട്രാക്ക്, നീന്തൽക്കുളം

- ഓപ്പൺ ജിം, കിഡ്സ് ലൈബ്രറി, പെറ്റ് സ്റ്റേഷൻ
- കൾച്ചറൽ കോർണർ, അതത് സ്ഥലത്തെ പ്രശസ്തരായ സാഹിത്യകാരന്മാരുടെ സൃഷ്ടികൾ തീം ആക്കിയുള്ള കൾച്ചറൽ കോർണർ
- ഹോബി കഫേ (ചെസ്സ്, കാരംസ്, ടേബിൾ ടെന്നീസ് തുടങ്ങിയവയുള്ള സൗകര്യം)
- വാൾ ആർട്ട്, ബട്ടർ ഫ്ലൈ പാർക്ക്, ആക്ട് ഹൗസ്, ഫിലിം ക്ലബ്ബ്

ഈ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഭൂമി വാങ്ങുന്നതിനുൾപ്പെടെയുള്ളവയ്ക്കായി വികസന ഫണ്ട്, തനതുഫണ്ട് എന്നിവ ഉപയോഗിക്കാം. മാലിന്യ സംസ്കരണ മേഖലയ്ക്ക് മാറ്റി വയ്ക്കേണ്ട വിഹിതത്തിന്റെ ഒരു ഭാഗം വിനിയോഗിക്കാവുന്നതാണ്. നഗരങ്ങളിൽ അമൃത്, **KSWMP** പദ്ധതികളുടെ സാധ്യത കൂടി പ്രയോജനപ്പെടുത്തുന്നതോടൊപ്പം സ്പോൺസർഷിപ്പ്, സി.എസ്.ആർ എന്നിവയിലൂടെയും ഫണ്ട് കണ്ടെത്താവുന്നതാണ്. ഇതിനായി മോഡൽ പ്ലാനുകൾ തയ്യാറാക്കണം. ഇതിനായി ആർക്കിടെക്ചറൽ, എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ ഡ്രോയിംഗ് ക്യാമ്പ് സംഘടിപ്പിക്കാം. ഒപ്പം നിലവിലുള്ള പാർക്കുകളിൽ അധിക സംവിധാനം ഏർപ്പെടുത്തി ഹാപ്പിനസ്സ് പാർക്കായി മാറ്റാം.

ബന്ധപ്പെട്ടവരുമായി ഇത് വിശദമായി ചർച്ച ചെയ്ത് ഹാപ്പിനസ്സ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള കരട് തയ്യാറാക്കി നൽകാൻ ചീഫ് ടൗൺ പ്ലാനറെ ചുമതലപ്പെടുത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഇതിനായി പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.

ഇതു സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനർ സ്വീകരിച്ച നടപടി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് ടൗൺപ്ലാനർ 2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

9 **2.4 ഖണ്ഡിക 3.4**

**ഇൻഫർമേഷൻ കേരളമിഷൻ – ഐ.കെ.എം**

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ മാർഗ്ഗരേഖ രൂപീകരണ സമയത്ത് തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം, നിർവ്വഹണം സംബന്ധിച്ച് "സുലേഖ" അടക്കമുള്ള ഐ.കെ.എം. സോഫ്റ്റ് വെയർ പരിഷ്കരിക്കണമെന്ന് സർക്കാർ തലത്തിൽ അഭിപ്രായമുയർന്നിരുന്നു. അടിയന്തിരമായി താഴെ പറയുന്ന കാര്യങ്ങളിൽ ഐ.കെ.എം ക്രമീകരണങ്ങൾ ചെയ്യണമെന്ന് 15.06.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം തീരുമാനിച്ചിരുന്നു.

i. പദ്ധതി നിർവ്വഹണ അവലോകനവും വിലയിരുത്തലും ഇപ്പോൾ പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. ഭൗതിക നേട്ടം അവലോകനം ചെയ്യാൻ കഴിയുന്നില്ല. സുലേഖ സോഫ്റ്റ് വെയറിൽ ഭൗതികനേട്ടം രേഖപ്പെടുത്താനുള്ള സംവിധാനം ചേർത്തിട്ടുണ്ടെങ്കിലും ഇത് കുറ്റമറ്റതല്ലാത്തതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഭൗതിക നേട്ടം രേഖപ്പെടുത്താറില്ല. രേഖപ്പെടുത്തിയാൽ തന്നെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. ഉദാ. റോഡുകളുടെ നീളം മീറ്ററിലും കിലോമീറ്ററിലും രേഖപ്പെടുത്തുക, കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം ഏക്കറിലും ഹെക്ടറിലും രേഖപ്പെടുത്തുക തുടങ്ങിയവ. ഇവയെല്ലാം പരിഗണിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെ ഭൗതിക നേട്ടം കുറ്റമറ്റ രീതിയിൽ സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള ക്രമീകരണം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പുമായി കൂടിയാലോചിച്ച് കാലതാമസം കൂടാതെ ചെയ്യാൻ ഐ.കെ.എം നടപടി സ്വീകരിക്കണം.

ii. പ്രോജക്ട് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ രേഖപ്പെടുത്താൻ സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യമില്ല. ഉദാ: പ്രവൃത്തി ടെണ്ടർ ചെയ്തോ, പ്രവൃത്തിയുടെ നിർമ്മാണം ആരംഭിച്ചോ തുടങ്ങിയ കാര്യങ്ങൾ രേഖപ്പെടുത്താൻ കഴിയുന്നില്ല. പ്രോജക്ട്

നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ സുലേഖയിൽ രേഖപ്പെടുത്തുന്നതിന് സൗകര്യമൊരുക്കാൻ ക്രമീകരണം ചെയ്യണം.

ഇതു സംബന്ധിച്ച് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകി.

റിപ്പോർട്ട്:- (1) സുലേഖയിൽ ഭൗതികനേട്ടം പ്രോജക്ട് പൂർത്തീകരണ പത്രത്തിൽ നിർബന്ധമായി ചേർക്കണമെന്ന വാലിഡേഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ആസ്തികളുടെ യൂണിറ്റ് ഏകീകരിച്ചാൽ മാത്രമേ ഇത് കുറ്റമറ്റ രീതിയിൽ നടപ്പിലാവുകയുള്ളൂ. 29.09.2023-ന് ചേർന്ന എസ്.ആർ.ജി. മീറ്റിംഗിൽ ഇത് സംബന്ധിച്ച ചർച്ചകൾ നടന്നു. KSMART ആപ്ലിക്കേഷൻ ലോഞ്ചിന് ശേഷം എത്രയും വേഗം എസ്.ആർ.ജി.യും ഐ.കെ.എം ഉം ചേർന്ന് ഇതു പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(2) സുലേഖ സോഫ്റ്റ് വെയറിൽ പ്രോജക്ട് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യങ്ങൾ ഇപ്പോൾ ലഭ്യമാണ്.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം<br>2)തദ്ദേശസ്വയംഭരണ(ഇ.ജി) വകുപ്പ് |
|---|---|

10

**2.4 ഖണ്ഡിക 3.10**

സംസ്ഥാനത്ത് പി.എച്ച്.സി, സി.എച്ച്.സി, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിവിധതരത്തിൽ ലഭിച്ച എത്ര ആംബുലൻസുകൾ ഇപ്പോൾ ഉണ്ട് എന്നതു സംബന്ധിച്ചും അതിന്റെ കാലപ്പഴക്കം സംബന്ധിച്ച വിവരവും താഴെ പറയും പ്രകാരം അർബൻ ഡയറക്ടറും റൂറൽ ഡയറക്ടറും നൽകണം. അത്യാവശ്യമായി ആംബുലൻസ് വേണ്ടതും എന്നാൽ ആംബുലൻസ് ലഭ്യമല്ലാത്തതുമായ പ്രദേശം എവിടെയൊക്കെയാണ് എന്നതു സംബന്ധിച്ച വിവരം ആരോഗ്യ വകുപ്പ ഡയറക്ടർ നൽകണം.

**സംസ്ഥാനത്ത് തദ്ദേശഭരണസ്ഥാപനങ്ങളുടേയും തദ്ദേശഭരണസ്ഥാപനത്തിനു കൈമാറിയ ആരോഗ്യസ്ഥാപനങ്ങളുടേയും ഉടമസ്ഥതയിലുള്ള ആംബുലൻസ് സംബന്ധിച്ച വിവരങ്ങൾ**

| ജില്ലയുടെ പേര് | ആംബുലൻസുകളുടെ എണ്ണം | | | | | | | |
|---|---|---|---|---|---|---|---|---|
| | തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളത് | | പി.എച്ച്.സി/ എഫ്.എച്ച്.സിയുടെ ഉടമസ്ഥതയിലുള്ളത് | | സി.എച്ച്.സിയുടെ ഉടമസ്ഥതയിലുള്ളത് | | താലൂക്ക്, ജനറൽ, ജില്ലാ ആശുപത്രിയുടെ ഉടമസ്ഥതയിലുള്ളത് | |
| തിരുവനന്തപുരം<br>--<br>--<br>--<br>--<br>--<br>കാസർഗോഡ് | എണ്ണം | നിർമ്മിച്ച വർഷം | എണ്ണം | നിർമ്മിച്ച വർഷം | എണ്ണം | നിർമ്മിച്ച വർഷം | എണ്ണം | നിർമ്മിച്ച വർഷം |

മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശത്തെ വിവരങ്ങൾ നഗരകാര്യ ഡയറക്ടറും ഗ്രാമപഞ്ചായത്തു, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് സംബന്ധിച്ച കണക്ക് റൂറൽ ഡയറക്ടറും നൽകണം.
ഇതു സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകി

റിപ്പോർട്ട്:- അത്യാവശ്യമായി ആംബുലൻസ് വേണ്ടതും എന്നാൽ ആംബുലൻസ് ലഭ്യമല്ലാത്തതുമായ പ്രദേശം സംബന്ധിച്ച റിപ്പോർട്ട് താഴെചേർക്കുന്നു.
14 ജില്ലകളിലായി ആകെ 615 ആരോഗ്യ സ്ഥാപനങ്ങളിലാണ് ആംബുലൻസ് ഇല്ലാത്തത് ജില്ലകളുടെ വിവരങ്ങൾ സംക്ഷിപിതമായി നൽകിയിട്ടുണ്ട്. ഒപ്പം സ്ഥാപനങ്ങളുടെ പേരുവിവരം ജില്ലതിരിച്ചും നൽകിയിട്ടുണ്ട്. സംക്ഷിപ്തവിവരം താഴെചേർക്കുന്നു.

| Sl No | Name of District | Number of Institutions without Ambulances | District-wise Percentage in Total number of Institutions without ambulances |
|---|---|---|---|
| 1 | Thiruvananthapuram | 21 | 3.41 |
| 2 | Kollam | 31 | 5.04 |
| 3 | Pathanamthitta | 20 | 3.25 |
| 4 | Alappuzha | 70 | 11.38 |
| 5 | Kottayam | 27 | 4.39 |
| 6 | Idukki | 21 | 3.41 |
| 7 | Ernakulam | 79 | 12.84 |
| 8 | Thrissur | 78 | 12.68 |
| 9 | Palakkad | 78 | 12.68 |
| 10 | Malappuram | 40 | 6.50 |
| 11 | Kozhikkod | 42 | 6.82 |
| 12 | Wayanad | 23 | 3.73 |
| 13 | Kannur | 42 | 6.82 |
| 14 | Kasargod | 43 | 6.99 |
| | **Total** | **615** | **100** |

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)അർബൻ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>3)ആരോഗ്യവകുപ്പ് ഡയറക്ടർ<br>4)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

11

**2.4 ഖണ്ഡിക 4.29**

**പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്**

**പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.05.2023 -ലെ A7/3928/21-ാം നമ്പർ കത്തും പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.10.2021-ലെ A7 - 3928/2021-ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 30.08.2022-ലെ D1/ജനറൽ/2022-ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG 782/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങിയത് അനുയോജ്യമല്ലാത്തതിനാൽ മറ്റു പ്രദേശത്ത് ഭൂമി വാങ്ങുന്നത് സംബന്ധിച്ച്

ലൈഫ് ഭവന പദ്ധതിയിലെ താഴെപ്പറയുന്ന ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് **2019 - 20** ൽ ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം നൽകുകയും ഇവർ പുൽപ്പറ്റ വില്ലേജിൽ ബ്ലോക്ക് 60-ൽ റീസർവ്വേ 248/1/1-ൽ ഉൾപ്പെട്ട 3 സെന്റ് ഭൂമി വീതം വാങ്ങുകയും ചെയ്തു.

1. ശ്രീമതി സീനത്ത്, പാറമേൽ ഹൗസ്
2. ശ്രീമതി. ഷാഹിന പി.ടി, വലിയതൊടി ഷാപ്പിൽ കുന്ന്
3. ശ്രീമതി. നീലി വി.സി. വായംകുളം ഹൗസ്
4. ശ്രീമതി.സജിന പി. പുത്തൻപീടിക

ഇവരിൽ ക്രമനമ്പർ 1, 2 എന്നിവർക്ക് 1,40,000 രൂപ വീതവും ക്രമനമ്പർ 2, 3 എന്നിവർക്ക് യഥാക്രമം 2.00 ലക്ഷം രൂപ, 3.00 ലക്ഷം രൂപ വീതം വീട് നിർമ്മാണത്തിന് ധനസഹായം നൽകുകയും ചെയ്തു. തട്ടുകളായ ഭൂമിയിലാണ് ഈ വീടുകൾ നിർമ്മിക്കുന്നത്. ഇവിടെ

സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടില്ല. അതിനാൽ കനത്ത മഴയിൽ മുകളിലുള്ള കെട്ടിടങ്ങൾ അപകടാവസ്ഥയിലാകും. ആവശ്യമായ സംരക്ഷണഭിത്തി നിർമ്മിച്ചില്ലെങ്കിൽ വീട് അപകടാവസ്ഥയിലാകുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. സംരക്ഷണഭിത്തിക്ക് ഏകദേശം 60.00 ലക്ഷം രൂപ വരുമെന്നാണറിയിച്ചിരിക്കുന്നത്. ഇതേ രീതിയിൽ സീനിയർ ജിയോളജിസ്റ്റും റിപ്പോർട്ട് നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഈ സ്ഥലം ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നതിനും അനുയോജ്യമായ വേറെ സ്ഥലം കണ്ടെത്തി ഭൂമിയും വീടും നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>15.06.2023 ലെ തീരുമാനം</u> :-** വീട് നിർമ്മാണത്തിന് അനുയോജ്യമല്ലാത്ത സ്ഥലം വാങ്ങാൻ ഗ്രാമപഞ്ചായത്ത് ധനസഹായം നൽകിയതും വീട് നിർമ്മാണത്തിന് ഗഡുക്കൾ നൽകിയതും ഗ്രാമപഞ്ചായത്തിന്റേയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും വീഴ്ചയാണ്. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>റിപ്പോർട്ട് :-</u>** ചരിഞ്ഞ ഭൂമി തട്ടുകളാക്കി മാറ്റിയെടുത്തത് ശാസ്ത്രീയമല്ല. സംരക്ഷണഭിത്തി നിർമ്മിക്കണം. സംരക്ഷണഭിത്തി കോൺക്രീറ്റ് ഉപയോഗിച്ച് നിർമ്മിക്കണം. ഇതിന് വലിയ ചെലവ് വരും ഈ പ്രദേശത്ത് സുരക്ഷിതമായ സംരക്ഷണ ഭിത്തിയില്ലാതെ ഭവനം നിർമ്മിക്കുന്നത് അപകടമാണ്. അതിനാൽ ഇവിടുത്തെ മണ്ണിന്റെ തരം, സ്വഭാവം, ഉറപ്പ് എന്നിവ സംബന്ധിച്ച് വിദഗ്ദ്ധ സമിതി പരിശോധിച്ച് ഉറപ്പുവരുത്തണം. അനുയോജ്യമല്ലാത്ത ഈ സ്ഥലത്ത് വീട്ടു നിർമ്മാണം ആരംഭിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ജാഗ്രത കുറവാണെന്നറിയിച്ചിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ<br>2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

12

**<u>2.4 ഖണ്ഡിക 4.32</u>**

**<u>തിരുവനന്തപുരം കോർപ്പറേഷൻ</u>**

**തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 22.05.2023-ലെ** J1/82007/23-ാം **നമ്പർ കത്ത് (SRG 843/23)**

**വിഷയം:-** പട്ടികജാതി വിഭാഗക്കാർക്ക് വസ്തു വാങ്ങുന്നതിന് അധിക തുക ചെലവഴിച്ചത് സംബന്ധിച്ച്

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട്ടു നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് കഴിഞ്ഞ വർഷം (2022-23) 15,26,55,885 രൂപ (പ്രോ.നം. 1204/23 - SCP) വകയിരുത്തിയിരുന്നു. ഇതിനായി ഗുണഭോക്താക്കൾ കൂടുതൽ ഉള്ളതിനാൽ അധികമായി 77.12 ലക്ഷം രൂപ ആവശ്യമായി വന്നു. സാമ്പത്തിക വർഷാവസാനമായതിനാൽ പ്രോജക്ട് ഭേദഗതി ചെയ്ത് അധിക വിഹിതം പ്രോജക്ടിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. കോർപ്പറേഷൻ കഴിഞ്ഞ വർഷം പട്ടികജാതി കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് പ്രോജക്ട് എടുത്തിരുന്നു. (പ്രോ നം.987/23 - എസ്.സി.പി). യോഗ്യതയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ഇതിനായി ആനുകൂല്യം നൽകിയതിനു ശേഷം മിച്ചമുള്ള തുകയിൽ 77.12 ലക്ഷം രൂപ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി വാങ്ങാനുള്ള പ്രോജക്ടിലേയ്ക്ക് മാറ്റി ചെലവഴിച്ചു. ഇതിന് സാധൂകരണം നൽകണമെന്നത് സംബന്ധിച്ച്.

**<u>15.06.2023 ലെ തീരുമാനം</u> :-** കോർപ്പറേഷൻ നടത്തിയതെന്നു പറയുന്ന ക്രമീകരണം സാങ്കേതികമായി സാധിക്കുകയില്ല എന്ന് ഐ.കെ.എം. പ്രതിനിധി അറിയിച്ചു. ഐ.കെ.എം-മായി ചേർന്ന് ഇതു പ്രത്യേകം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ അർബൻ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>റിപ്പോർട്ട് :-</u>** അർബൻ ഡയറക്ടർ ഈ വിഷയം ഐ.കെ.എം. പ്രതിനിധികളുമായി ചർച്ച ചെയ്തുവെന്നും സാങ്കേതികമായി കോർപ്പറേഷൻ വരുത്തിയതെന്നു പറയുന്ന ക്രമീകരണം സാധിക്കുകയില്ലെന്നും അറിയിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട്ട നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനുള്ള കഴിഞ്ഞ വർഷത്തെ പ്രോജക്ടിലെ (പ്രോ.നം. 1204/23) മുഴുവൻ തുകയും ചെലവഴിച്ചതിനുശേഷവും ഗുണഭോക്താക്കൾ അവശേഷിച്ചതിനാലാണ് വീട് വാസയോഗ്യമാക്കാനുള്ള പ്രോ.നം. 987/23-ൽ നിന്ന് 77,12,000 രൂപ വീടിനു സ്ഥലം വാങ്ങാനുള്ള പ്രോജക്ടിലേയ്ക്ക് മാറ്റിയത്. കോർപ്പറേഷൻ കൗൺസിലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തത്. സാമ്പത്തിക വർഷാവസാനമായതിനാൽ പ്രോജക്ട് ഭേദഗതി ചെയ്ത് ജില്ലാ ആസൂത്രണസമിതിയുടെ അനുമതി വാങ്ങാൻ കഴിയാത്തതിനാലാണ് ഇപ്രകാരം ക്രമീകരണം ചെയ്തത്. രണ്ട് പ്രോജക്ടും ഭവന നിർമ്മാണ മേഖലയിലായതിനാലും നഗരസഭയ്ക്ക് ഇത് വഴി നഷ്ടമൊന്നും സംഭവിച്ചിട്ടില്ലാത്തതിനാലും സാധൂകരണം നൽകാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) നഗരകാര്യ ഡയറക്ടർ<br>2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം<br>3) തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

13

**2.4 ഖണ്ഡിക 4.33**

**സുൽത്താൻ ബത്തേരി നഗരസഭ**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.05.2023 ലെ കത്തും സുൽത്താൻ ബത്തേരി നഗരസഭ സെക്രട്ടറിയുടെ 27.04.2023 ലെ** PC1/215/2023-24-ാം **നമ്പർ കത്തും (SRG 823/23 - CC** /359/**2023).**

**വിഷയം:-** അൺഓതറൈസ്ഡ് കെട്ടിട നമ്പർ ലഭിച്ചിട്ടുള്ള വീടുകൾക്ക് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 215/24*** | ***അടങ്കൽ*** | ***10,00,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | **ചൂരിമല നിവാസികൾക്ക് പ്രത്യേക ഭവന പദ്ധതി** | |

സുൽത്താൻ ബത്തേരി നഗരസഭയിലെ ചൂരിമല പ്രദേശത്ത് പട്ടയം ഇല്ലാത്ത ഭൂമിയിലുള്ള അൺഓതറൈസ്ഡ് കെട്ടിട നമ്പർ ലഭിച്ചിട്ടുള്ള വീടുകൾക്ക് അറ്റകുറ്റപ്പണി നടത്താനാണ് പ്രോജക്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**15.06.2023 ലെ തീരുമാനം :-** ഇവർ അർഹരാണോ എന്നു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി.

ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) നഗരകാര്യഡയറക്ടർ<br>2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

14

**2.4 ഖണ്ഡിക 4.41**

**കേരള ഗ്രാമജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ്**

**കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 11.10.2021, 17.05.2023 എന്നീ തീയതികളിലെ കത്തുകളും, റൂറൽ ഡയറക്ടറുടെ 24.05.2023 ലെ LSGD/PP/35634/2023/EER2 നമ്പർ കത്തും (SRG 710/23)**

**വിഷയം:-** തെരുവുവിളക്ക സ്ഥാപിക്കാൻ കേരളഗ്രാമജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ വിവിധ പ്രവൃത്തികൾ ഏല്പിക്കുന്നതു സംബന്ധിച്ച്.

കേരളഗ്രാമജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് (KGL) തദ്ദേശഭരണസ്ഥാപനങ്ങളിൽ തെരുവുവിളക്ക സ്ഥാപിക്കുന്നതിനും പരിപാലനത്തിനുമുള്ള പദ്ധതി ഏറ്റെടുത്തു നടത്തിയിരുന്നു.

'നിലാവ്' പദ്ധതി വന്നതിനുശേഷം തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് KGL ന് ഓർഡർ ലഭിക്കുന്നില്ല. 45 പേർക്ക് നേരിട്ടും 300-ഓളം പേർക്ക് പരോക്ഷമായും KGL മുഖേന ജോലി ലഭിക്കുന്നുണ്ടായിരുന്നു. ഈ സ്ഥാപനം മുന്നോട്ട് കൊണ്ടു പോകുന്നതിന് താഴെ പറയുന്ന ആവശ്യങ്ങൾ പരിഗണിക്കുന്നത് സംബന്ധിച്ച്.

I. തദ്ദേശഭരണസ്ഥാപനങ്ങളിൽ നിലവിലുള്ള എല്ലാത്തരം ലൈറ്റുകളുടേയും വാർഷിക പരിപാലന ചുമതല KGL നെ ഏൽപ്പിക്കണം.

II. തദ്ദേശഭരണസ്ഥാപനങ്ങളിൽ നടത്തി വരുന്ന വിവിധ സോളാർ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി KGL നെ ചുമതലപ്പെടുത്തണം.

III. MPLAD/MLASDF പദ്ധതിയിൻ കീഴിൽ വരുന്ന ഹൈമാസ്റ്റ്, മിനിമാസ്റ്റ് പ്രവർത്തികളുടെ നിർവ്വഹണത്തിനും പരിപാലനത്തിനും **KGL** ന് അനുമതി നൽകണം.

**15.06.2023 ലെ തീരുമാനം :-**

**1)** മുകളിൽ പറഞ്ഞവയിൽ ക്രമ നമ്പർ 1,3 എന്നിവയിലെ ആവശ്യങ്ങൾ അംഗീകരിക്കുന്നു.

**2)** ക്രമനമ്പർ രണ്ടിൽ പറയുന്ന സോളാർ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി **KGL** നെ ചുമതലപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ **EMC (Energy Management Centre)** ന്റെ റിപ്പോർട്ട് തേടാനും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കാനും തീരുമാനിച്ചു. ഇതനുസരിച്ച് EMC രജിസ്ട്രാർ റിപ്പോർട്ട് നൽകി.

**26.09.2023-ൽ നൽകിയ റിപ്പോർട്ട്** - സോളാർ പ്രവൃത്തികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന്റെ നോഡൽ ഏജൻസിയായി അനെർട്ടിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നും അതിനാൽ ഇത് അനെർട്ടിനെ ഏല്പിക്കാവുന്നതാണെന്നും അറിയിച്ചു.

**തീരുമാനം:-** സോളാർ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി **KGL**നെ ചുമതലപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ **ANERT** ഡയറക്ടറെ ചുമതലപ്പെടുത്തി.

ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ,** ANERT<br>**2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

15 **2.4 ഖണ്ഡിക 4.46**

**ആലപ്പുഴ മുനിസിപ്പാലിറ്റി**

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 06.02.2023 ലെ കത്തും ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറിയുടെ 02.01.2023 ലെ** E2-**22502/21-ാം നമ്പർ കത്ത് (SRG 330/23 - CC**/85/**2023)**

**വിഷയം:-** അമൃത് പദ്ധതിയിൽ ലോൺ എടുത്ത തുക സി.എഫ്.സി (ടൈഡ്) ഗ്രാന്റിൽ നിന്നും തിരികെ അടയ്ക്കുന്നതിനു അനുമതി സംബന്ധിച്ച്.

ആലപ്പുഴ നഗരസഭയ്ക്ക് അമൃത് 1.0 പദ്ധതിയിൽ 222.7 കോടി രൂപ അനുവദിച്ചിരുന്നു. ഈ തുക 50:30:20 അനുപാതത്തിൽ കേന്ദ്രം, സംസ്ഥാനം, നഗരസഭാ വിഹിതമായാണ് കണക്കാക്കുന്നത്. ഇതിൽ ലോൺ വിഹിതം 23.85 കോടി രൂപയാണ്. 10 തുല്യ ഗഡുക്കളായി 7.5 ശതമാനം പലിശയോടെ പ്ലാൻ ഫണ്ടിൽ നിന്നാണ് ഈ തുക തിരികെ അടയ്ക്കുന്നത്. എന്നാൽ വെള്ളപ്പൊക്കം, കൊവിഡ് എന്നിവ മൂലം യഥാസമയം ലോൺ തിരികെ അടച്ചിട്ടില്ല. ആകെ 56.00 ലക്ഷം രൂപയാണ് തിരികെ അടച്ചത്. ഈ സാഹചര്യത്തിൽ ലോൺ തുകയുടെ ഗഡുക്കൾ

ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ൽ നിന്ന് അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**15.06.2023 ലെ തീരുമാനം** :- ഈ പദ്ധതിയിലെ മാനദണ്ഡങ്ങൾ, നിബന്ധന തുടങ്ങിയവ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ അമൃത് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തി.

ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, അമൃത് പ്രോജക്ട്<br>2)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

16

**2.5 കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.06.2023 ന് കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.5 ഖണ്ഡിക 4.7**

**ആലങ്ങാട് ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.04.2023, 27.04.2023എന്നീ തീയതികളിലെ കത്തുകളും അനുബന്ധരേഖകളും** (SRG 675/23 – CC /242/2023).

**വിഷയം:-** കരീച്ചാൽ പാടശേഖരത്തിൽ നിലമൊരുക്കുന്നതിന് നടത്തിയ പ്രവർത്തനത്തിന് ചെലവ് നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 108/2024 | ***അടങ്കൽ*** | ***5,00,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | **കരീച്ചാൽ പാടശേഖരത്തിനു കുറുകെ ചാലുകീറി ബണ്ട് സ്ഥാപിക്കൽ – തുക കൈമാറൽ** | |

ആലങ്ങാട് ഗ്രാമപഞ്ചായത്ത് തരിശുരഹിത ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞവർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചനീയർ ആയിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ. പ്രോജക്ട് നിർവ്വഹണം ആരംഭിക്കുന്നതിനു മുമ്പ് അളവുകൾ (ലവൽസ്) എടുക്കണമായിരുന്നു. എന്നാൽ ഇതിനു മുമ്പേ കർഷകൻ നിർമ്മാണം ആരംഭിച്ചു. അതിനാൽ മെഷർമെന്റ് എടുക്കാൻ ബുദ്ധിമുട്ടാണെന്ന് ആലങ്ങാട് ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഇതുവരെ നടത്തിയ പ്രവർത്തികൾക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തുക നൽകാമെന്നും തുടർന്നുള്ള പ്രവർത്തികൾ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടി സ്വീകരിച്ച് നിർമ്മാണം നടത്തണമെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തുടർന്നു അസിസ്റ്റന്റ് എഞ്ചിനീയർ മെഷർമെന്റ് എടുത്തതു പ്രകാരം 7,18,710 രൂപയാണ് ചെലവ്. തോട് ആഴം കൂട്ടലും ബണ്ട് നിർമ്മാണവുമാണ് ചെയ്ത പ്രവർത്തനങ്ങൾ. ഈ പ്രവർത്തികൾ പാടശേഖര സമിതിയുടെ മേൽനോട്ടത്തിൽ കർഷകനായ ശ്രീ ടിന്റോ കെ എടയാടി, പുളിങ്കുന്ന്, ആലപ്പുഴ എന്ന വ്യക്തിയാണ് ചെയ്തത്. ഈ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**22.06.2023 ലെ തീരുമാനം** :- നടപടിക്രമങ്ങൾ പാലിക്കാതെയാണ് നിർമ്മാണങ്ങൾ ചെയ്തത് എന്ന് യോഗം വിലയിരുത്തി. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** നടപ്പാക്കിയ പ്രവൃത്തിക്ക് ഇനി സാങ്കേതികാനുമതി നൽകാനും ടെണ്ടർ നടപടി സ്വീകരിക്കാനും സാധ്യമല്ല. തദ്ദേശസ്വയംഭരണവകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ വാല്യുവേഷൻ പ്രകാരം GST ഉൾപ്പെടെ 7,18,710 രൂപ നൽകണം. ഇതിൽ GST ഒഴിവാക്കി ബാക്കി തുക നൽകാൻ അനുമതി

പരിഗണിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇനിയുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയോടെ ടെണ്ടർ ചെയ്ത് നടപ്പാക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, തസ്വഭവ 2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**17**

**2.5 ഖണ്ഡിക 4.9**
**പത്തനംതിട്ട ജില്ലാ കാർഷിക വിപണന സഹകരണസംഘം**

**വിഷയം:-** പത്തനംതിട്ട ജില്ലാ കാർഷിക വിപണന സഹകരണസംഘത്തിൽ നിന്ന് വിവിധ ഉല്പന്നങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്

പത്തനംതിട്ട ജില്ലയിൽ മണ്ണടി കേന്ദ്രമായി പത്തനംതിട്ട ജില്ലാ കാർഷിക വിപണന സഹകരണ സംഘം (PAMCOS) പ്രവർത്തിക്കുന്നു. വിവിധയിനം വിത്തുകൾ, മറ്റ് നടീൽ വസ്തുക്കൾ എന്നിവ ഇവിടത്തെ നഴ്സറിയിൽ ഉണ്ട്. ഒപ്പം ജൈവവളവും സംഘം ഉല്പാദിപ്പിക്കുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന വിവിധ കൃഷിയ്ക്കാവശ്യമായ വിത്തുകൾ, പച്ചക്കറി തൈകൾ, കുരുമുളക് തൈകൾ, തെങ്ങിൻ തൈകൾ, ഫലവൃക്ഷതൈകൾ മറ്റു വിവിധയിനം നടീൽ വസ്തുക്കൾ, ജൈവ കീടനാശിനികൾ എന്നിവ PAMCOS -ൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങാൻ (ടെണ്ടർ കൂടാതെ) അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>22.06.2023 ലെ തീരുമാനം</u> :-** കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2020-ലെ യോഗത്തിൽ നിർദ്ദേശിച്ചതുപോലെ ഈ സംഘത്തെ സംബന്ധിച്ച് പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് വാങ്ങി നൽകണം. ഇതിനായി പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** ഈ സംഘത്തിന് വിത്ത്, നടീൽ വസ്തുക്കൾ എന്നിവ ഉല്പാദിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യമുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഒപ്പം 100 ടൺ ജൈവവളം ഉല്പാദിപ്പിക്കാനുള്ള സൗകര്യവും ഉണ്ട്. VHSE (കൃഷി) യോഗ്യതയുള്ള മൂന്ന് പേർ ഇവിടെ സേവനം അനുഷ്ഠിക്കുന്നു. സംഘത്തിന് നേഴ്സറി ലൈസൻസും വളം വില്പനയ്ക്കുള്ള ലൈസൻസും ഉണ്ട്. ഇവ പരിഗണിച്ച് PAMCOS ന്റെ ആവശ്യം പരിഗണിക്കാവുന്നതാണെന്ന് പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട 2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**18**

**2.5 ഖണ്ഡിക 4.16**
**മറ്റത്തൂർ ഗ്രാമപഞ്ചായത്ത്**

**സർക്കാരിന്റെ 29.03.2023 ലെ** DB3/152/2023/**തസ്വഭവ നമ്പർ കത്തും മറ്റത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.02.2023 ലെ** A2-Plan /GEN/CHC/2023-ാം **നമ്പർ കത്തും മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.02.2023 ലെ 1(4)-ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ലെ യോഗ തീരുമാനവും (SRG 647/23)**

**വിഷയം:-** മറ്റത്തൂർ സി.എച്ച്.സിയിൽ ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നത് സംബന്ധിച്ച്.

മറ്റത്തൂർ ഗ്രാമപഞ്ചായത്തിന് പ്രാഥമികാരോഗ്യകേന്ദ്രമില്ല. കൊടകര ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന സാമൂഹ്യ ആരോഗ്യ കേന്ദ്രത്തെയാണ് മറ്റത്തൂർ

ഗ്രാമപഞ്ചായത്ത് ആശ്രയിക്കുന്നത്. ഇവിടെ രണ്ടു പട്ടികവർഗ്ഗസങ്കേതങ്ങൾ കൂടിയുണ്ട്. മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി ഇല്ലാത്തതിനാൽ ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും ഗ്രാമപഞ്ചായത്ത് വിഹിതമുപയോഗിച്ച് കരാറടിസ്ഥാനത്തിൽ ഈ സി.എച്ച്.സിയിൽ നിയമിക്കാൻ 26.07.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പ്രത്യേകാനുമതി നൽകിയിരുന്നു. കഴിഞ്ഞ വർഷം നൽകിയ അനുമതി തുടർ വർഷത്തേക്കു കൂടി ലഭ്യമാക്കണമെന്നതു സംബന്ധിച്ച്.

**<u>22.06.2023 ലെ തീരുമാനം</u> :-** ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള സി.എച്ച്.സിയിലേക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും തുടർന്നും നിയമിക്കേണ്ട ആവശ്യകത സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി

**<u>റിപ്പോർട്ട്</u>:-** ഇവിടെ രോഗികളുടെ എണ്ണം കൂടുതൽ ആയതിനാലും മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ FHC/PHC ഇല്ലാത്തതിനാലും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള സാമൂഹ്യാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മറ്റത്തൂർ ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഒരു ഡോക്ടറെയും ഒരു ഫാർമസിസ്റ്റിനെയും നിയമിക്കേണ്ടത് അത്യാവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ആരോഗ്യവകുപ്പ് ഡയറക്ടർ<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

19

**<u>2.5 ഖണ്ഡിക 4.41</u>**

**<u>കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്</u>**

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.05.2023 ലെ കത്ത് (SRG 699/23 – CC/299)**

**<u>വിഷയം:-</u>** <u>ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകുന്നതു സംബന്ധിച്ച്</u>

| ***പ്രോ.നം: 125/24*** | ***അടങ്കൽ*** | ***1,49,00,000 രൂപ*** |
|---|---|---|
| | *വികസനഫണ്ട് ജനറൽ* | *33,00,000 രൂപ* |
| | *സി.എഫ്.സി ബെയ്സിക് ഗ്രാന്റ്* | *1,00,000 രൂപ* |
| | *സർക്കാർ വിഹിതം* | *5,00,000 രൂപ* |
| | *ലോൺ* | *1,00,00,000 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *5,00,000 രൂപ* |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | *5,00,000 രൂപ* |
| ***പേര് – ലൈഫ് ഭവനപദ്ധതി ജനറൽ 2023-24*** | | |

കോടോം ബേളൂർ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിലുള്ള ശ്രീമതി ഗിരിജ കുമാരി, പുളിക്കൽ ഹൗസ് എന്ന വ്യക്തി ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉണ്ട്. ലൈഫ് ഭവനപദ്ധതി പ്രകാരം 25 സെന്റിൽ താഴെ സ്വന്തമായി സ്ഥലമുള്ളവർക്കാണ് ധനസഹായം നൽകുന്നത്. ഈ കുടുംബത്തിന് 28 സെന്റ് സ്ഥലമുണ്ട്. ഇവർക്ക് തലാസീമിയ എന്ന രോഗം ബാധിച്ച മകനുണ്ടെന്നും മാസത്തിൽ മൂന്നു പ്രാവശ്യം രക്തം മാറ്റിവയ്ക്കേണ്ടതുണ്ടെന്നും അറിയിച്ചിരിക്കുന്നു. വാസയോഗ്യമായ ഭവനമില്ലാത്തതിനാൽ അണുബാധ ഉണ്ടാകാതിരിക്കാൻ ബന്ധുവീട്ടിലാണ് ഇവർ താമസിക്കുന്നതെന്നറിയിച്ചുകൊണ്ട് 25 സെന്റ് ഭൂമി എന്നതിൽ ഇളവു നൽകണമെന്നതു സംബന്ധിച്ച്.

**<u>22.06.2023 ലെ തീരുമാനം</u>:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**20**

**2.5 ഖണ്ഡിക 4.47**

**പെരുമ്പാവൂർ നഗരസഭ**

**പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിയുടെ 26.05.2023-ലെ** PH3- S097/23-ാം **നമ്പർ കത്തും അനുബന്ധരേഖകളും (SRG 835/23).**

**വിഷയം:-** പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് ഭവനപുനരുദ്ധാരണത്തിനു ധനസഹായം നൽകുന്നതു സംബന്ധിച്ച്.

ഭവനപുനരുദ്ധാരണത്തിന് കഴിഞ്ഞ വർഷം (2022-23) പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഗുണഭോക്തൃ ലിസ്റ്റിലുള്ള താഴെ പറയുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾ താമസിക്കുന്നത് പുറമ്പോക്ക് ഭൂമിയിലാണ്.

1) ശ്രീമതി ഉഷ കുട്ടപ്പൻ, കണ്യാറപറമ്പിൽ, വാർഡ് 23
2) ശ്രീമതി ശാന്ത സുനിൽ, കരവട്ട്, വാർഡ് 26
3) ശ്രീമതി ഉഷരാജൻ, പാറപ്പുറത്ത്, വാർഡ് 15
4) ശ്രീ. ഷിബു എ, എരേക്കാട്ടു കുടി, വാർഡ് 26
5) ശ്രീമതി സുജ ശിവദാസ്, തേലക്കാട്ടു കുടി, വാർഡ് 9

ഇവർ റവന്യൂ അധികാരികളിൽ നിന്നു കൈവശരേഖ ഹാജരാക്കിയിട്ടുണ്ട്. കൈവശ രേഖയുടെ അടിസ്ഥാനത്തിൽ ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**22.06.2023 ലെ തീരുമാനം:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി.

ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) നഗരകാര്യ ഡയറക്ടർ<br>2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**21**

**2.5 ഖണ്ഡിക 4.56**

**മൊകേരി ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.04.2023 ലെ കത്തും മൊകേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.11.2022 ലെ 1/174(1)-ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും (SRG 637/23 -** CC **/266/2023).**

**വിഷയം:-** മൊകേരി എ.കെ.ജി വായനശാല ആന്റ് ഗ്രന്ഥാലയത്തിന് പൊതു ശൗചാലയം നിർമ്മിക്കുന്നതു സംബന്ധിച്ച്

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളോടു ചേർന്ന് പൊതു ശൗചാലയം നിർമ്മിക്കുന്ന പ്രോജക്ട് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരുന്നു. ഇതിനായി ശുചിത്വമിഷൻ 1.80 ലക്ഷം രൂപയും സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ 20,000 രൂപയും അനുവദിച്ചിട്ടുണ്ട്. കോസ്റ്റ് ഫോർഡാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർക്ക് എസ്റ്റിമേറ്റിന്റെ പകർപ്പ് നൽകികൊണ്ട് ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തി ചെയ്യിപ്പിക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ കോസ്റ്റ് ഫോർഡിന്റെ സേവനം വേണ്ട രീതിയിൽ ലഭിച്ചില്ല. അസി.എഞ്ചിനീയറുടെ മേൽനോട്ടവും ലഭിച്ചില്ല. ഗുണഭോക്തൃ സമിതി ടോയിലറ്റ് നിർമ്മാണം പൂർത്തിയാക്കി. ഇതിന്റെ തുക നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**22.06.2023 ലെ തീരുമാനം** :- ഗ്രാമപഞ്ചായത്തു നൽകിയ കത്തിൽ വ്യക്തത കുറവുണ്ട്. വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** നിർവ്വഹണ ഉദ്യോഗസ്ഥനും ഗുണഭോക്തൃ സമിതിയും യഥാസമയം ആശയവിനിമയം നടത്താത്തതിനാലാണ് ആശയക്കുഴപ്പമുണ്ടായത്. ഈ വർഷം ഇതിന്റെ ബിൽ തുക നൽകാൻ 81,111 രൂപ (പ്രോ.നം. 113/24) വകയിരുത്തിയിട്ടുണ്ട്. നടപടിക്രമങ്ങളിൽ വീഴ്ചയുണ്ടായിട്ടുണ്ടെങ്കിലും പ്രോജക്ട് പൂർത്തിയാക്കിയ സാഹചര്യത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം തുക അനുവദിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, ശുചിത്വമിഷൻ<br>2)തദ്ദേശസ്വയംഭരണ(ഡബ്ളിയു.എം) വകുപ്പ്** |

22

**2.6 കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.6 ഖണ്ഡിക 4.13**
**കോട്ടയം നഗരസഭ**
**ശ്രീ കെ. ചന്ദ്രൻപിള്ള, പ്രതീക്ഷ, കാരാപ്പുഴയുടെ 12.05.2023 ലെ കത്ത് (SRG 802/23)**

**വിഷയം:-** കോട്ടയം നഗരസഭയിലെ പുത്തൻ തോടിൽ നിർമ്മിച്ച പാലത്തിന്റ ബിൽതുക നൽകുന്നത് സംബന്ധിച്ച്.

കോട്ടയം നഗരസഭയിൽ 2006-2011 കാലഘട്ടത്തിൽ MLASDF സ്കീമിൽ രണ്ടാം വാർഡിൽ പുത്തൻതോടിന് കുറുകെ താൽക്കാലിക നടപ്പാലം നിർമ്മിച്ചു. നിർമ്മാണം പൂർത്തീകരിച്ച് നഗരസഭയുടെ ശുപാർശയോടെ ഫൈനൽ ബിൽ ജില്ലാ കളക്ടർക്ക നൽകിയിരുന്നു. എന്നാൽ പ്രകൃതിക്ഷോഭം മൂലം നടപ്പാലത്തിന് കേടു വന്നതിനാൽ ബിൽ തുക നൽകിയില്ല. ഇപ്പോൾ ഹൈക്കോടതി ഇതു സംബന്ധിച്ച വിഷയത്തിൽ സ്റ്റേ നൽകിയിട്ടുണ്ടെന്നറിയിച്ചിരിക്കുന്നു. നടപ്പാലം നിർമ്മിച്ച 74 വയസ്സുള്ള ശ്രീ. കെ.ചന്ദ്രൻപിള്ള വിവിധ രോഗങ്ങളാലും കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകളാലും വലിയ പരാധീനത അനുഭവിക്കുന്നു. ഈ സാഹചര്യത്തിൽ ബിൽതുകയും പലിശയും അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

**03.07.2023 ലെ തീരുമാനം :-** പ്രളയംമൂലം നടപ്പാലത്തിനു കേടുപാടുകൾ വന്നത് പാലം നിർമ്മിച്ച കരാറുകാരന്റെ വീഴ്ചയല്ലെന്ന് യോഗം നിരീക്ഷിച്ചു. ഇത് കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കേണ്ട വിഷയമല്ലെങ്കിലും കോട്ടയം നഗരസഭ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രവൃത്തി ആയതിനാലും അപേക്ഷകൻ പ്രായാധിക്യത്തിന്റെ അവശതകൾ അനുഭവിക്കുന്ന വ്യക്തിയാണെന്നത് പരിഗണിച്ചും ഇതിന്മേൽ പ്രത്യേക പരിഗണന നൽകി നടപടി സ്വീകരിക്കാൻ കോട്ടയം ജില്ലാ കളക്ടറോട് നിർദ്ദേശിക്കുന്നു.
ഇതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ജില്ലാ കളക്ടർ, കോട്ടയം<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

23

**2.6 ഖണ്ഡിക 4.38**

**അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.03.2023, 15.03.2023 എന്നീ തീയതികളിലെ കത്തും അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.01.2023 ലെ 5(3)-ാം നമ്പർ തീരുമാനവും (SRG 529/23, CC/170/2023).**

**വിഷയം:-** കുടിവെള്ളവിതരണ പദ്ധതിയുടെ ദൈനംദിന ചെലവ് നൽകുന്നതു സംബന്ധിച്ച്.

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ 9,10,11,12 വാർഡുകളിൽ പൂർണ്ണമായും മറ്റു വാർഡുകളിൽ ഭാഗികമായും ശുദ്ധജല വിതരണം നടത്തുന്നത് മൂലേപ്പാറ കുടിവെള്ള പദ്ധതിയിൽ നിന്നാണ്. ഈ പദ്ധതിയ്ക്കായി 2005-ൽ ജില്ലാ പഞ്ചായത്ത് 31,07,072 രൂപ മുടക്കി ജലസ്രോതസ്സിന് കുളവും

പമ്പ് ഹൗസും നിർമ്മിച്ചു. ഈ കുളത്തിൽ നിന്ന് KWA യുടെ ജലസംഭരണിയിലേക്ക് വെള്ളം പമ്പ് ചെയ്താണ് കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നത്. KWAയാണ് കുടിവെള്ള ചാർജ്ജ് ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നത്. 2022-23 വർഷം ഈ പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് ഇനത്തിലും പമ്പ് ഓപ്പറേറ്റർമാരുടെ വേതന ഇനത്തിലുമായി 13,30,899 രൂപ തനതുഫണ്ടിനത്തിൽ നിന്ന് ചെലവഴിച്ചു. ഗ്രാമപഞ്ചായത്തിന് തനതുഫണ്ട് കുറവായതിനാൽ 2023-24 വർഷം ഈ പദ്ധതിയുടെ വൈദ്യുതി ചാർജ്ജും പമ്പ് ഓപ്പറേറ്റർമാരുടെ വേതനവും വികസനഫണ്ട് / മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**03.07.2023 ലെ തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാമെന്ന് KWA ചീഫ് എഞ്ചിനീയറുടെ പ്രതിനിധി യോഗത്തിൽ അറിയിച്ചു. KWA ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം പിന്നീട് പരിഗണിക്കുന്നതാണ്.
ഇതു സംബന്ധിച്ച് KWA ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് .

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി<br>2) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

24

**4. പ്രത്യേക വിഷയം**
=====================

**4.1 കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ**

**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ 08.08.2023 ലെ കുറിപ്പ് (SRG 1099/23).**

**വിഷയം:-** യോഗ അദ്ധ്യാപകർക്ക് വേണ്ട യോഗ്യതയിൽ ഭേദഗതി സംബന്ധിച്ച്.

കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.06.2023 ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ഇതിന്റെ അടിസ്ഥാനത്തിലെ 26.07.2023 ലെ 1528/2023/തസ്വഭവ ഉത്തരവു പ്രകാരവും യോഗ അദ്ധ്യാപകർക്ക് വേണ്ട യോഗ്യത താഴെ പറയുന്നവയാണ്.

1) അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള BNYS (Bacheloor of Naturopathy and Yoga) ബിരുദം.
2) അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള Certificate of Yoga, BSC in Yoga

ഈ യോഗ്യതയോടൊപ്പം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് റിസോഴ്സ് സെന്ററും യോഗ അസോസിയേഷൻ ഓഫ് കേരളയും ചേർന്ന് നടത്തുന്ന ഒരു വർഷത്തെ Diploma in Yoga Teacher Training (DYT) കൂടി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

25

**4.2 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 01.08.2023 ലെ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 21.07.2023 ലെ 1(4)-ാം നമ്പർ തീരുമാനവും (SRG 1079/23)**

**വിഷയം:-** വേസ്റ്റ് മാനേജ്മെന്റ് പദ്ധതിയുടെ ജില്ലാ പഞ്ചായത്തു വിഹിതം ക്ലീൻ കേരള കമ്പനിക്ക് ഡിപ്പോസിറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:* 805/24** | ***അടങ്കൽ*** | ***55,00,000 രൂപ*** |
| *പഴയ നമ്പർ 275/22, 81/23* | *ജില്ലാ പഞ്ചായത്ത് വിഹിതം* | *30,00,000 രൂപ (സി.എഫ്.സി ടൈഡ്)* |
| | *ഗ്രാമപഞ്ചായത്ത് വിഹിതം* | *25,00,000 രൂപ* |
| ***പേര്*** | **ജില്ലാതല ഇന്റഗ്രേറ്റഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതി** | |

പത്തനംതിട്ട ജില്ലാ പഞ്ചായത്തും ക്ലീൻകേരള കമ്പനിയും സംയുക്തമായി കുന്നന്താനം ഗ്രാമപഞ്ചായത്തിൽ ഇന്റഗ്രേറ്റഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കുന്നന്താനത്തുള്ള വ്യവസായ പാർക്കിൽ ക്ലീൻ കേരള കമ്പനിക്ക് കോഓർഡിനേഷൻ കമ്മിറ്റി അനുമതിയോടെ 1.50 കോടി രൂപ ജില്ലാ പഞ്ചായത്ത് കൈമാറിയിരുന്നു. ഈ പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ആകെ ചെലവ് 6.40 കോടി രൂപയാണ്. അതിനാൽ 50.00 ലക്ഷം രൂപ കൂടി ക്ലീൻ കേരള കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് ഈ വർഷം മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം കൂടി ഉൾപ്പെടുത്തി 55.00 ലക്ഷം രൂപയുടെ പ്രോജക്ട് എടുത്തിട്ടുണ്ട് . ഈ തുക ക്ലീൻ കേരള കമ്പനിക്ക് ഡിപ്പോസിറ്റ് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

26

### 4.3 വേങ്ങര ഗ്രാമപഞ്ചായത്ത്

**വേങ്ങര ഗ്രാമപഞ്ചായത്ത് 17-ാം വാർഡു മെമ്പറുടെ കത്തും വേങ്ങര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.04.2023 ലെ 10(1)-ാം നമ്പർ തീരുമാനവും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.07.2023 ലെ കത്തും (SRG 948/23, CC-433/23, SRG 965/23)**

**വിഷയം:-** കുടിവെള്ള പൈപ്പ ലൈൻ നീട്ടുന്നതു സംബന്ധിച്ച്

വേങ്ങര ഗ്രാമപഞ്ചായത്തിൽ നിലവിൽ തട്ടാഞ്ചേരി കുടിവെള്ള പദ്ധതിയുണ്ട്. ഈ പദ്ധതിയിൽ നിന്ന് പൈപ്പ് ലൈൻ നീട്ടി കൂടുതൽ കുടുംബത്തിന് പൈപ്പ കണക്ഷൻ നൽകാൻ ഉദ്ദേശിക്കുന്നു. നിലവിൽ വേങ്ങര ഗ്രാമപഞ്ചായത്തിൽ ജലനിധി കുടിവെള്ള പദ്ധതിയുണ്ട്. പൈപ്പ് ലൈൻ നീട്ടാനും പുതിയ പൈപ്പകണക്ഷൻ നൽകാനുമായി 10.00 ലക്ഷം രൂപയുടെ പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

27

### 4.4 കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.06.2023 ലെ കത്തും കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 06.06.2023 ലെ BDOKNR/54/2023 - B നമ്പർ കത്തും (SRG 853/23 - CC/389/2023)**

**വിഷയം:-** വീവേഴ്സ് സംഘങ്ങളിൽ ഷീ ടോയിലറ്റ് നിർമ്മിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:*** 67/24 | ***അടങ്കൽ*** | ***20,00,200 രൂപ*** *(സി.എഫ്.സി റ്റൈഡ് ഗ്രാന്റ്)* |
| ***പേര്*** | **ബ്ലോക്ക് പരിധിയിലെ വീവേഴ്സ് സൊസൈറ്റികളിൽ ഷീ ടോയിലറ്റ സമുച്ചയം.** | |

ബ്ലോക്ക് പഞ്ചായത്ത് പിരിധിയിലെ വീവേഴ്സ് സൊസൈറ്റികളിൽ ഷീ ടോയിലറ്റ് സമുച്ചയം നിർമ്മിക്കുന്നതിനാണ് പ്രോജക്ട്. ഇത്തരം സംഘങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രോജക്ട് ചെലവിന്റെ 50 ശതമാനമാണ് ധനസഹായം നൽകാവുന്നത് എന്നു ചൂണ്ടി കാണിച്ച് മുഴുവൻ ചെലവും ബ്ലോക്ക് പഞ്ചായത്തിൽ നിന്നു വഹിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

28

### 4.5 കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

**കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.07.2023 ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 08.08.2023 ലെ LSGD/BOKHD (KSD)/36/2023 -ാം നമ്പർ കത്തും (SRG 1093/23).**

**വിഷയം:-** മാലിന്യ സംസ്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 76/24 | ***അടങ്കൽ*** | ***23,85,914 രൂപ*** |
| | *ശുചിത്വമിഷൻ വിഹിതം* | ***18,85,914 രൂപ*** |
| | *സി.എഫ്.സി റ്റൈഡ് ഗ്രാന്റ്* | ***5,00,000 രൂപ*** |
| ***പേര്*** | **RRF ലേക്ക് ആവശ്യമായ യന്ത്രങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്.** | |

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പള്ളിക്കര ഗ്രാമപഞ്ചായത്തിലെ വെളുത്തോളി റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററിൽ ശേഖരിക്കാനും മാലിന്യ സംസ്കരണത്തിനുമാണ് പ്രോജക്ട്. ഇവിടെ 2022–23 ൽ RRF കെട്ടിട നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. ഒപ്പം ഇങ്ങനെ ശേഖരിക്കുന്ന മാലിന്യങ്ങളിൽ നിന്നും പി.വി.സി പൈപ്പുപോലുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വരുമാനദായക പദ്ധതിയായി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി യന്ത്രസാമഗ്രികൾ വാങ്ങുന്നതിനാണ് പ്രോജക്ട്. ഇതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

29

**4.6 <u>ആര്യനാട് ഗ്രാമപഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.07.2023 ലെ കത്തുകൾ (2എണ്ണം) ആര്യനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.06.2023 ലെ 1(10)–ാം നമ്പർ തീരുമാനവും (SRG 1034/23 – CC/478/23).**

**വിഷയം:–** ഹരിതകർമ്മ സേനയ്ക്ക് ഇൻഷ്വറൻസ് നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 187/23 | ***അടങ്കൽ*** | ***50,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | **ഹരിതകർമ്മസേനയ്ക്ക് ഇൻഷ്വറൻസ്** | |

ഹരിതകർമ്മ സേനാംഗങ്ങൾ അപകടകരമായ ജോലിയാണ് ചെയ്യുന്നത് എന്നതിനാൽ അവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകാനുള്ള ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

30

**4.7 <u>കായംകുളം നഗരസഭ</u>**

**കോട്ടയം ഷാരോൺ വാട്ടർസൊല്യൂഷൻ ഉടമയുടെ 03.08.2023 ലെ കത്തും നഗരകാര്യ ഡയറക്ടർ സർക്കാരിനു നൽകിയ 16.03.2022 ലെ DC1–5101/2021–ാം നമ്പർ കത്തും (SRG –1092/23).**

**വിഷയം:–** കായംകുളം നഗരസഭയിൽ സ്ഥാപിച്ച Effluent Treatment Plant ൽ അധികമായി ചെയ്ത പ്രവൃത്തിയുടെ ബിൽതുക നൽകുന്നതു സംബന്ധിച്ച്.

കായംകുളം നഗരസഭയിൽ 2018–19 ൽ അറവുശാലയിൽ Effluent Treatment Plant (ETP) സ്ഥാപിക്കുന്നതിന് 33,85,000 രൂപയുടെ അടങ്കൽ തുകയിൽ പ്രോജക്ട് എടുത്തിരുന്നു. ഇത് ടെണ്ടർ ചെയ്തപ്പോൾ 23,50,000 രൂപ ക്വാട്ട് ചെയ്ത കോട്ടയം ഷാരോൺ വാട്ടർ സൊല്യൂഷൻ എന്ന സ്ഥാപനത്തെ പ്രവൃത്തി ഏല്പിച്ചു. ഇതനുസരിച്ച് 31.01.2019 ൽ കരാറുകാരനുമായി എഗ്രിമെന്റ് വച്ചു. പ്രവൃത്തി പൂർത്തിയാക്കി 28.03.2019 ന് ബിൽതുക കരാറുകാരന് നൽകി. എന്നാൽ നഗരസഭ ആവശ്യപ്പെട്ട പ്രകാരം ഇ.റ്റി.പിയോടനുബന്ധിച്ച് 11.50 ലക്ഷം രൂപയുടെ അധിക പ്രവൃത്തി ചെയ്തു. ഇതിന്റെ ബിൽതുക കരാറുകാരന് ലഭിച്ചില്ല. പ്രോജക്ടിന്റെ ആകെ അടങ്കൽ തുകയായ 33.85 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി ചെലവായ തുക നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

31

**4.8 <u>ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2023 ലെ കത്തും ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.04.2023 ലെ കത്തും (SRG 1251/23 – CC/313/23).**

**വിഷയം:–** അടയ്ക്കാ പൂത്തൂർ ശേഖരിപുരം ധന്വന്തരീക്ഷേത്രത്തിൽ ടേക്ക് എ ബ്രേക്ക് മോഡൽ ശുചിമുറി നിർമ്മാണം

| | | |
|---|---|---|
| *പ്രോ.നം:* 54/24 | ***അടങ്കൽ*** | ***6,50,000 രൂപ*** |
| | *സി.എഫ്.സി റൈറ്റഡ് ഗ്രാന്റ്* | *5,93,700 രൂപ* |
| | *സംഭാവന* | *56,300 രൂപ* |
| ***പേര്*** | **അടയ്ക്കാ പുത്തൂർ ശേഖരീപുരം ധന്വന്തരീ ക്ഷേത്രം ടേക്ക് എ ബ്രേക്ക് – വെള്ളിനേഴി** | |

അടയ്ക്കാ പുത്തൂർശേഖരപുരം ധന്വന്തരീക്ഷേത്രം ടേക്ക് എ ബ്രേക്ക് മോഡൽ ശുചിമുറി നിർമ്മിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇത് മലബാർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രമാണ്.

32

### 4.9 തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.08.2023-ലെ കത്തും തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.08.2023-ലെ SC2/317/24/2023-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 1184/23 - CC/605/23).**

**വിഷയം:-** പനങ്കുറുശ്ശി ക്ഷേത്രത്തിൽ ടോയിലറ്റ് നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 164/24 | ***അടങ്കൽ*** | ***6,00,000 രൂപ*** |
| | *ശുചിത്വമിഷൻ വിഹിതം (CSS)* | *4,20,000 രൂപ* |
| | *സി.എഫ്.സി ടൈഡ് ഗ്രാന്റ്* | *1,80,000 രൂപ* |
| ***പേര്*** | **പനങ്കുറിശ്ശി ക്ഷേത്രത്തിൽ ടോയിലറ്റ് നിർമ്മാണം** | |

പനങ്കുറിശ്ശി ക്ഷേത്രം മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ളതാണ്. ക്ഷേത്ര പരിസരത്ത് ടോയിലറ്റ് നിർമ്മിക്കാനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ക്ഷേത്രമതിലകത്തിനു പുറത്ത് എല്ലാ വിഭാഗം ജനങ്ങൾക്കും ഉപയോഗിക്കാൻ ലഭ്യമാക്കുംവിധം ടോയിലറ്റ് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് ക്ഷേത്രഭാരവാഹികൾ അറിയിച്ചിട്ടുണ്ട്.

33

### 4.10 പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.06.2023 , 15.03.2023 എന്നീ തീയതികളിലെ കത്തും അനുബന്ധ രേഖകളും (SRG 528/23 - CC/151/2023)**

**വിഷയം:-** റർബൻ മിഷൻ പദ്ധതിയിൽ എസ്റ്റിമേറ്റിൽ അധികമായി ആവശ്യമായി വന്ന തുകയ്ക്ക് തനതുഫണ്ട് വകയിരുത്തുന്നതു സംബന്ധിച്ച്.

പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിൽ നാഷണൽ റർബൻ മിഷൻ പദ്ധതി പ്രകാരം തോണ്ടൻ തോട് മെക്കാനിക്കൽ ഷട്ടർ നിർമ്മിക്കുന്നതിന് പദ്ധതി എടുത്തിരുന്നു. മെക്കാനിക്കൽ ഷട്ടർ നിർമ്മിക്കുന്നതിന് 9,85,000 രൂപയുടെ എസ്റ്റിമേറ്റ് 09.12.2021 നു ലഭിച്ചുവെങ്കിലും ഇതിനോടനുബന്ധിച്ചുള്ള സിവിൽ വർക്കിന്റെ എസ്റ്റിമേറ്റ് ലഭിച്ചത് 29.09.2022 നാണ്. ഇതിനിടയ്ക്ക് സ്റ്റീലിന്റെ വിലയും GST നിരക്കും വർദ്ധിച്ചതിനാൽ മെക്കാനിക്കൽ വർക്കിന്റെ എസ്റ്റിമേറ്റ് പുതുക്കുകയും 61,000 രൂപ അധികമായി വരുകയും ചെയ്തു. ആകെ 10,46,000 രൂപ. റർബൻ മിഷൻ പദ്ധതി പൂർത്തീകരണഘട്ടത്തിലായതിനാൽ അധിക തുക റർബൻ മിഷനിൽ നിന്ന് ലഭിക്കില്ല. അതിനാൽ അധിക തുകയായ 61,000 രൂപ തനതു ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

34

### 4.11 തൃശ്ശൂർ കോർപ്പറേഷൻ

**പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 ലെ LSGD/PD/43475/2023-DPLD4-ാം നമ്പർ കത്തും തൃശ്ശൂർ മേയറുടെ 07.06.2023 ലെ PP/4-24096/23-ാം നമ്പർ കത്തും (SRG 970/23**

**വിഷയം:-** മാലിന്യസംസ്കരണത്തിന്റെ ഭാഗമായി അധിക തൊഴിലാളികളെ നിയമിക്കുന്നതു സംബന്ധിച്ച്.

കോർപ്പറേഷനിൽ ആകെ 360 ദിവസവേതന തൊഴിലാളികളും 145 സ്ഥിര ജീവനക്കാരുമാണ് ശുചീകരണ പ്രവർത്തനത്തിനുള്ളത്. തൃശ്ശൂർ ശക്തൻ ഓർഗാനിക് വേസ്റ്റ് കൺവേർട്ടർ പ്ലാന്റിനു സമീപം കൂട്ടിയിട്ടിരിക്കുന്ന മാലിന്യം തരംതിരിച്ചു നീക്കം ചെയ്യുന്നതിന് കോർപ്പറേഷന്റെ 25 തൊഴിലാളികളെ നിയോഗിച്ചിരുന്നു. കോർപ്പറേഷന്റെ ശുചീകരണ ജോലിക്ക് തടസ്സം നേരിടും എന്നതിനാൽ ശക്തൻ പ്ലാന്റിലേക്ക് 2 മാസത്തേക്ക് 100

തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചു. രണ്ടു മാസം കൊണ്ട് മുഴുവൻ മാലിന്യങ്ങളും നീക്കം ചെയ്യാൻ കഴിയാത്തതിനാൽ ഈ തൊഴിലാളികളെ 3 മാസത്തേക്ക് കൂടി ജോലിക്ക് നിയോഗിച്ചിട്ടുണ്ട്. ഇതിന് സാധൂകരണം നൽകണമെന്നും കോർപ്പറേഷന് അധികം ശുചീകരണ തൊഴിലാളികളുടെ പോസ്റ്റ് അനുവദിച്ചു നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

35

### 4.12 <u>കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫെയർ സൊസൈറ്റി (ക്രൂസ്)</u>

**കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫെയർ സൊസൈറ്റി (ക്രൂസ്) സെക്രട്ടറിയുടെ 11.08.2023, 14.06.2023 എന്നീ തീയതികളിലെ A509/2021-ാം നമ്പർ കത്തും ക്രൂസ് ഡയറക്ടർ ബോർഡിന്റെ 22.07.2023 ലെ 11(5)-ാം നമ്പർ തീരുമാനവും (SRG 1258/23 LSGD/IBI/69/2023/LSGD).**

**വിഷയം:-** ക്രൂസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമലക്ഷ്മി മുദ്രാലയം നിർമ്മിക്കുന്ന ക്ലീനിംഗ് ഉല്പന്നങ്ങൾ വാങ്ങുന്നതു സംബന്ധിച്ച്.

കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫെയർ സൊസൈറ്റിയുടെ ഗ്രാമലക്ഷ്മി മുദ്രാലയം അച്ചടി സാധനങ്ങൾ, മറ്റ് സ്റ്റേഷനറി സാധനങ്ങൾ എന്നിവയ്ക്കൊപ്പം ടോയിലറ്റ് ക്ലീനിംഗ് ഉല്പന്നങ്ങൾ കൂടി ഉല്പാദിപ്പിക്കുന്നുണ്ട്. കഞ്ചിക്കോട് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ഫ്ലോർ ക്ലീനർ, ടോയിലറ്റ് ക്ലീനർ, ബാത്ത് റൂം ക്ലീനർ എന്നിവ ഉല്പാദിപ്പിച്ച് 'Tergeo' എന്ന പേരിൽ വിപണനം ചെയ്യുന്നു. വില താഴെ പറയും പ്രകാരമാണ്.

1) Tergeo Toilet cleaner 0.5 L. - Rs. 85.00 (നികുതിയടക്കം)
2) Tergeo Floor Cleaner 0.5L - Rs. 85.00 (നികുതിയടക്കം)
3) Tergeo Phenyl Cleaner 0.5 L - Rs. 55.00 (നികുതിയടക്കം)

ഇവ കുടുംബശ്രീ / ഹരിതകർമ്മസേന മുഖേന വില്പന നടത്താനുദ്ദേശിക്കുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾക്കും സർക്കാർ / അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും ടെണ്ടർ / ക്വട്ടേഷൻ കൂടാതെ ഈ ഉല്പന്നങ്ങൾ വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

36

### 4.13 <u>കൊല്ലം കോർപ്പറേഷൻ</u>

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 3.10.2023 ലെ കത്തും കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ 21.08.2023 ലെ PC4/25890/17-ാം നമ്പർ കത്തും (SRG/1365/23 -** CC/697/2023)

**വിഷയം:-** കൊല്ലം കോർപ്പറേഷനിൽ ചിന്നക്കടയിൽ അമിനിറ്റി സെന്ററിനു വേണ്ടി ഭാഗികമായി പൂർത്തീകരിച്ച കെട്ടിടം വഴിയോര വിശ്രമ കേന്ദ്രത്തിനു നൽകുന്നതു സംബന്ധിച്ച്

കൊല്ലം കോർപ്പറഷൻ 2018-19 വർഷം ചിന്നക്കട ക്ലോക്ക് ടവറിനു സമീപം അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിനായി പ്രോജക്ട് എടുത്തിരുന്നു. (പ്രോജ.നം. 774/18- അടങ്കൽ 1.10 കോടി രൂപ). 80.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ പ്രവൃത്തി ഏല്പിച്ചു. ഗ്രൗണ്ട് ഫ്ലോറിന്റെ റൂഫ്, ഒന്നാം നിലയുടെ പില്ലറുകൾവരെ സ്ട്രക്ചറൽ വർക്ക് പൂർത്തിയാക്കി. ഈ കെട്ടിടം മാസ്റ്റർ പ്ലാൻ പ്രകാരം നാഷണൽ ഹൈവേയുടെ 25 മീറ്റർ വൈഡനിംഗിൽ ഉൾപ്പെടുന്നതിനാലും **KMBR** ചട്ടം പാലിക്കുന്നില്ലാത്തതിനാലും നിർമ്മാണം നിർത്തിവെച്ചിരിക്കുകയാണ്. **KMBR** ചട്ടത്തിൽ ഇളവനുവദിക്കാൻ കഴിയില്ല എന്ന് 30.07.2022 ൽ സർക്കാർ കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 17,41,884 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇനി 1,91,809 രൂപ കൂടി നിർമ്മാണ ഏജൻസിക്ക് നൽകണം. നിർമ്മാണം നിർത്തിവച്ചിരിക്കുന്ന ഈ കെട്ടിടം ജനോപകാരപ്രദമായ രീതിയിൽ നിർമ്മിച്ച് വഴിയോര വിശ്രമകേന്ദ്രമാക്കി മാറ്റാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

37

4.14 <u>ദി റിജിയണൽ അഗ്രോ – ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ് (RAIDCO</u>) (SRG/1391/23)

**വിഷയം:-** ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് റെയ്ഡ്കോയെ അക്രഡിറ്റഡ് ഏജൻസിയായി പരിഗണിക്കണമെന്നതു സംബന്ധിച്ച്

മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ള ഡബിൾ ചേമ്പർ ഡയപ്പർ ഇൻസിനറേറ്റർ തദ്ദേശഭരണസ്ഥാപനങ്ങൾ സ്ഥാപിക്കുന്നുണ്ട്. ഇതു സ്ഥാപിക്കുന്നതിനുള്ള ഏജൻസിയായി ശുചിത്വമിഷൻ അക്രഡിറ്റേഷൻ ഉള്ള റെയ്ഡ്കോയെ പരിഗണിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

38

4.15 <u>വെളിയങ്കോട് ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.07.2023 ലെ കത്തും വെളിയങ്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.11.2022 ലെ 1(10)-ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും (SRG 1016/23- CC/143/23)**

**വിഷയം:-** നടപടി ക്രമം പാലിക്കാതെ റോഡ് നിർമ്മാണം നടത്തിയതിന്റെ ബിൽ തുക നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:* 185/24** | ***അടങ്കൽ*** | ***4,95,000 രൂപ*** |
| *പഴയ നമ്പർ 275/22, 81/23* | *വികസനഫണ്ട് - ജനറൽ* | *2,50,000 രൂപ* |
| | *മെയിന്റനൻസ് ഗ്രാന്റ് - റോഡ്* | *2,45,000 രൂപ* |
| ***പേര്*** | **ചങ്ങാടം റോഡ് വെസ്റ്റ് ഭാഗം കോൺക്രീറ്റ് പൂർത്തീകരണം** | |

വെളിയങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 254/22 (പേര് - ചങ്ങാടം റോഡ് മെയിന്റനൻസ്) 54/22 (പേര് ചങ്ങാടം റോഡ് റീ ടാറിംഗ്) എന്നീ പ്രവർത്തികൾ ചങ്ങാടം പാലത്തിന്റെ ഇരു വശങ്ങളിലുമായി ചെയ്തു. ഈ പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ നാട്ടുകാരുടെ ആവശ്യം കൂടി പരിഗണിച്ച് പ്രോ.നം 54/22-ൽ പറയുന്ന റോഡ് റീ ടാറിംഗ് എന്ന പ്രവൃത്തി കോൺക്രീറ്റിംഗ് ആയി മാറ്റുകയും അധികമായി കോൺക്രീറ്റിംഗ് നടത്തുകയും ചെയ്തു. നടപടിക്രമങ്ങൾ കൂടാതെ പഴയ കരാറുകാരനെ കൊണ്ടാണ് ഈ പ്രവൃത്തി ചെയ്യിപ്പിച്ചത്. പിന്നീട് ഇതിനായി 2021-22 ൽ 4.95 ലക്ഷം രൂപ വകയിരുത്തി 275/22-ാം നമ്പറായി പ്രോജക്ട് എടുത്തു. ഇതിന്റെ ബിൽ തുക 4,41,670 + GST ആണ്. ഇതിന്റെ ബിൽ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

39

4.16 <u>കൊടുവായൂർ ഗ്രാമപഞ്ചായത്ത്</u>

**ബഹു.നെന്മാറ എം.എൽ.എ യുടെ 06.07.2023 ലെ കത്തും കൊടുവായൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.06.2023 ലെ SC2/5452/2023 -ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.06.2023 ലെ 5(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG 1018/23).**

**വിഷയം:-** പീട്ടുപീടിക - മൈലാ റോഡ് - മാങ്ങോട് റോഡിന് അറ്റകുറ്റപ്പണി നടത്തുന്നതു സംബന്ധിച്ച്.

കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ പീട്ടുപീടിക - മൈലാ റോഡ് - മാങ്ങോട് റോഡിന്റെ പുനരുദ്ധാരണത്തിനായി NABARD RIDF XXV പദ്ധതിയിൽ 5.00 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും നിർമ്മാണ പ്രവൃത്തികൾക്കായി ടെണ്ടറിലൂടെ ശ്രീ. എം.റ്റി. അബ്ദുൾ കബീർ എന്നയാളുമായി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. നിർമ്മാണ ചുമതല PWD യെയാണ് ഏല്പിച്ചത്.

റോഡ് നിർമ്മാണത്തിനായി 29.09.2020 ന് PWD ക്ക് റോഡ് കൈമാറി. ഇവിടെ ജലനിധി പൈപ്പുകൾ ഉള്ളതിനാൽ നിർമ്മാണത്തിന് കാലതാമസം വന്നു. ഇതു സംബന്ധിച്ച് കരാറുകാരൻ PWDയ്ക്കെതിരെ ബഹു. ഹൈക്കോടതിയിൽ കേസു ഫയൽ ചെയ്തിട്ടുണ്ട്. റോഡു നിർമ്മാണത്തിന് കാലതാമസം വരുന്നതിനാൽ ഈ റോഡ് ഗതാഗതയോഗ്യമാക്കുന്നതിന്റെ ഭാഗമായി റോഡിലെ കുഴികൾ അടയ്ക്കുന്നതിന് 2.79 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രവൃത്തി ചെയ്യാനായി റോഡ് പൊതുമരാമത്ത് വകുപ്പ് ഗ്രാമപഞ്ചായത്തിനു തിരികെ കൈമാറിയിട്ടുണ്ട്. അടിയന്തിര സ്വഭാവമുള്ളതിനാൽ ഈ പ്രവൃത്തി ചെയ്യാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

40 4.17 <u>കൊയിലാണ്ടി നഗരസഭ</u>

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.07.2023 ലെ കത്തും കൊയിലാണ്ടി നഗരസഭ സെക്രട്ടറിയുടെ 28.02.2023, 10.07.2023 എന്നീ തീയതികളിലെ PWI-3680/ 2023–ാം നമ്പർ കത്തുകളും (2 എണ്ണം) അനുബന്ധരേഖകളും (SRG 1059/23 - CC/277/23).**

**വിഷയം:-** 2018 ലെ പ്രളയ സമയത്ത് തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിന്റെ ബിൽ തുക നൽകുന്നതു സംബന്ധിച്ച്.

കൊയിലാണ്ടി നഗരസഭയിൽ 2018 ലെ പ്രളയത്തിൽ തകർന്ന 16 വിവിധ നിർമ്മാണ പ്രവൃത്തികളുടേയും റോഡുകളുടേയും പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്തു. കൗൺസിലർമാർ ആവശ്യപ്പെട്ട പ്രകാരമാണ് ഈ പ്രവൃത്തികൾ ചെയ്തത്. പ്രവൃത്തികൾ ചെയ്തതിനുശേഷമാണ് ഇതിനായി പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകിയത്. സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ നടപടി ക്രമങ്ങൾ നഗരസഭ പാലിച്ചില്ല. അതിനാൽ കരാറുകാർക്ക് തുക അനുവദിക്കാൻ കഴിയുന്നില്ല. ഈ പ്രവൃത്തികളുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ബിൽ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. റോഡുകളുടെ പേരും വാല്യുവേഷൻ തുകയും താഴെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തികളുടെ പേര് | വാല്യുവേഷൻ തുക |
|---|---|---|
| 1 | നഗരസഭ വരാന്തഭാഗം നവീകരണം | 3,99,808 രൂപ |
| 2 | നരനിറങ്ങി ഫുട് പാത്ത് ബാക്കി ഭാഗം നിർമ്മാണം | 1,99,324 രൂപ |
| 3 | നെല്ലൂളി താഴെ അങ്കണവാടി ഫുട്പാത്ത് നിർമ്മാണം | 3,19,831 രൂപ |
| 4 | ചെനിയേരി അങ്കണവാടി ഫുട്പാത്ത് നിർമ്മാണം | 2,72,551 രൂപ |
| 5 | GMVHSS നവീകരണം | 4,89,914 രൂപ |
| 6 | ചൂരോളിക്കുനി ഫുട്പാത്ത് ഡ്രെയിനേജ് വാർഡ് 30 | 4,99,940 രൂപ |
| 7 | പന്തലായനി വിയ്യൂർ റോഡ് | 2,99,845 രൂപ |
| 8 | കന്മനിലം റോഡ് | 3,99,583 രൂപ |
| 9 | കുറുവങ്ങാട് പോസ്റ്റ് ഓഫീസ് സെൻട്രൽ സ്കൂൾ റോഡ് | 6,26,374 രൂപ |
| 10 | മാവിൻചുവട് മണക്കുളങ്ങര റോഡ് | 4,99,511 രൂപ |
| 11 | അണേല ഐ.റ്റി.ഐ റോഡ് ടാറിംഗ് | 4,99,897 രൂപ |
| 12 | കുന്ന്യോറമല ഫുട് പാത്ത് | 4,22,205 രൂപ |
| 13 | കാഞ്ഞിരക്കണ്ടി റോഡ് 2–ാം ഘട്ടം | 1,96,846 രൂപ |
| 14 | വരകുന്ന് വനിതാ പരിശീലന കേന്ദ്രം നവീകരണം | 4,99,940 രൂപ |
| 15 | വരകുന്ന് വനിതാ പരിശീലന കേന്ദ്രം ചുറ്റുമതിൽ | 4,98,620 രൂപ |

| | | |
|---|---|---|
| 16 | ചെറിയ പറമ്പത്ത് റോഡ് ടാറിംഗ് | 1,44,745 രൂപ |
| | ആകെ | 62,73,934 |

41

**4.18 വട്ടവട ഗ്രാമപഞ്ചായത്ത്**

**തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.06.2023 ലെ LSGD/PD/42807/2023/DPLAI നമ്പർ കത്തും വട്ടവട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.06.2023 ലെ DGPM09/GPO/23/856-ാം നമ്പർ കത്തും (SRG 918/23).**

**വിഷയം:-** വട്ടവട ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾക്ക് അധിക നിരക്ക് നിശ്ചയിക്കണമെന്നതു സംബന്ധിച്ച്.

വട്ടവട ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിൽ മൂന്നാർ കോസ്റ്റ് ഇൻഡക്സിന്റെ അടിസ്ഥാനത്തിൽ 10 ശതമാനം അധികനിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. നിർമ്മാണ സാമഗ്രികൾ ഇവിടെയെത്താൻ ദൂരക്കൂടുതലുള്ളതു കൊണ്ട് 20 ശതമാനമെങ്കിലും അധിക നിരക്ക് ലഭ്യമായെങ്കിൽ മാത്രമേ കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാവൂ എന്നറിയിച്ചിരിക്കുന്നു. അതിനാൽ വട്ടവട ഗ്രാമപഞ്ചായത്തിന് തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയർ പ്രത്യേകം കോസ്റ്റ് ഇൻഡക്സ് നിശ്ചയിച്ച് നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

42

**4.19 കടപ്ര ഗ്രാമപഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.06.2023 ലെ കത്തും കടപ്ര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.06.2023 ലെ 1(8)-ാം നമ്പർ തീരുമാനവും (SRG -929/23 - CC/443/2023).**

**വിഷയം:-** കടപ്രപള്ളിയോടത്തിന് ഗ്രാന്റ് നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 8/23 | ***അടങ്കൽ*** | ***10,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | **കടപ്രപള്ളിയോടത്തിന് ഗ്രാന്റ്** | |

കടപ്ര ഗ്രാമപഞ്ചായത്തിലെ ഏക പള്ളിയോടമാണ് കടപ്രപള്ളിയോടം. കടപ്രപള്ളിയോടത്തിന് 10000 രൂപ ഗ്രാന്റ് നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

43

**4.20 ആറന്മുള ഗ്രാമപഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.06.2023 ലെ കത്ത് (SRG 888/23 - CC/408/23).**

**വിഷയം:-** ആറന്മുള ഉതൃട്ടാതി വള്ളംകളിയിൽ പങ്കെടുക്കുന്ന പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 105/24 | ***അടങ്കൽ*** | ***1,75,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | **പള്ളിയോടങ്ങൾക്ക് ഗ്രാന്റ്** | |

ആറന്മുള ഗ്രാമപഞ്ചായത്തിൽ 7 പള്ളിയോടങ്ങൾ ഉണ്ട്. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ മുൻവർഷം 10000 രൂപ വീതമാണ് പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകിയത്. 2018 ലെ പ്രളയത്തെ തുടർന്ന് പള്ളിയോടങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ 25,000 രൂപ വീതം ഓരോ പള്ളിയോടത്തിനും നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

44

**4.21 പന്തളം ബ്ലോക്ക് പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.06.2023 ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 30.05.2023 ലെ 1(2)ാം നമ്പർ തീരുമാനവും (SRG 873/23/- CC / 395/23)**

**വിഷയം:-** മുല്ലൂർ സ്മാരകത്തിന് പ്രൊജക്റ്റർ വാങ്ങി നൽകുന്നതു സംബന്ധിച്ച്.

| *പ്രോ.നം:* 11/24 | ***അടങ്കൽ*** | ***50,000 രൂപ*** *(തനത് ഫണ്ട്)* |
|---|---|---|
| ***പേര്*** | **മുല്ലൂർ സ്മാരകം - പ്രൊജക്റ്റർ** | |

സരസകവി മുല്ലൂർ എസ്. പത്മനാഭപണിക്കരുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ ജന്മഗൃഹം കേരള സംസ്ഥാന സാംസ്കാരിക വകുപ്പ് മുല്ലൂർ സ്മാരകമായി ഏറ്റെടുത്തിട്ടുണ്ട്. ഈ സ്ഥാപനത്തിന് പ്രൊജക്റ്റർ വാങ്ങി നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

45

**4.22 <u>മൂന്നാർ ഗ്രാമപഞ്ചായത്ത്</u>**

**മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.10.2023 ലെ എ6-3695/2022-ാം നമ്പർ കത്തും അനുബന്ധരേഖകളും** (SRG/ 1401/23)

**വിഷയം:-** മൂന്നാർ മേള 2023-സംഘാടക സമിതിക്ക് വന്ന അധിക ചെലവ് കണ്ടെത്തുന്നതു സംബന്ധിച്ച്

മൂന്നാർ ഗ്രാമപഞ്ചായത്തിൽ എല്ലാ വിഭാഗം സംഘടനകളുടേയും പിന്തുണയോടെ 16.05.2023 മുതൽ 27.05.2023 വരെ മൂന്നാർ മേള നടത്തി. ടൂറിസം പ്രമോഷൻ, വിനോദവിജ്ഞാന സംവിധാനങ്ങൾ, അമ്യൂസ്മെന്റ് പാർക്ക്, വിവിധ പ്രദർശന വില്പന സ്റ്റാളുകൾ, സ്റ്റേജ് പ്രോഗ്രാം, കാർഷിക ഉല്പന്ന വിപണനം, കുടുംബശ്രീ ഉല്പന്ന വിപണനം എന്നിവയായിരുന്നു പ്രധാന പരിപാടികൾ. ജനകീയ സമിതിയാണ് പരിപാടി സംഘടിപ്പിച്ചത്. ആകെ 28,15,708 രൂപ ചെലവായി. പ്രവേശന പാസ്, സംഭാവന എന്നിവയിലൂടെ ആകെ 20,13,758 രൂപ ലഭിച്ചു. 8,01,950 രൂപ ബാധ്യതയുണ്ട്. ചാർട്ടേർഡ് അക്കൗണ്ടന്റ് ഇതു ഓഡിറ്റ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ അധിക ചെലവ് മറ്റു വിധത്തിൽ കണ്ടെത്താൻ ബുദ്ധിമുട്ടുള്ളതിനാൽ ദേവികുളം, അടിമാലി ബ്ലോക്കു പഞ്ചായത്തുകളിൽ നിന്നും ഈ ബ്ലോക്കുപഞ്ചായത്തു പ്രദേശത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

46

**4.23 <u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.07.2023 ലെ കത്തും കണ്ണൂർ ജില്ലാ മൃഗസംരക്ഷണ വികസന ഓഫീസറുടെ DAHO/KNR/1417/2022-E നമ്പർ കത്തും അനുബന്ധ രേഖകളും** (SRG 939/23)

**വിഷയം:-** കണ്ണൂർ ജില്ലയിലെ മുണ്ടയാട് മേഖല കോഴി വളർത്തൽ കേന്ദ്രത്തെ അക്രഡിറ്റഡ് ഏജൻസി ആക്കണമെന്നതു സംബന്ധിച്ച്.

മുണ്ടയാട് മേഖല കോഴി വളർത്തൽ കേന്ദ്രം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാം ആണ്. ഇവിടെ പ്രതിമാസം 20,000 ഗ്രാമശ്രീ പിടക്കോഴി കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നു. കണ്ണൂർ, കാസർകോട് ജില്ലയിലെ 24 എഗ്ഗർ നേഴ്സറികളിലായാണ് വിതരണം ചെയ്യുന്നത്. ഈ കേന്ദ്രത്തെ അക്രഡിറ്റഡ് ഏജൻസിയായി നിശ്ചയിക്കണമെന്നും ഇവിടെ നിന്നും വാങ്ങുന്ന ഉല്പന്നങ്ങളുടെ തുക മുൻകൂറായി നൽകാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

47

**4.24 <u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.07.2023 ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.07.2023 ലെ B2-2022/2023-ാം ലെ കത്തും (SRG 955/23 - CC/455/23).**

**വിഷയം:-** സ്കൂൾ വിദ്യാർത്ഥികൾക്ക് കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതു സംബന്ധിച്ച്.

| *പ്രോ.നം:* 42/24 | ***അടങ്കൽ*** | ***9,75,000 രൂപ*** |
|---|---|---|
| | *വികസനഫണ്ട് - ജനറൽ* | *4,87,500 രൂപ* |
| | *ഗ്രാമപഞ്ചായത്ത് വിഹിതം* | *4,87,500 രൂപ* |
| ***പേര്*** | **സ്കൂൾ പൗൾട്രീ ക്ലബ്ബ് - ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം** | |

തെരഞ്ഞെടുക്കുന്ന സ്കൂളുകൾ വഴി കുട്ടികൾക്ക് 5 കോഴി കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട്. ആകെ 30 യൂണിറ്റുകളിലായി 50 കുട്ടികൾക്കാണ് (30x50 = 1500 കുട്ടികൾ) കോഴികുഞ്ഞുങ്ങളെ നൽകുന്നത്. 46 മുതൽ 60 ദിവസം വരെ പ്രായമായ ഒരു കോഴി കുഞ്ഞിന് 130 രൂപ നിരക്കിലാണ് നൽകുന്നത്. വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറി പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

48

### 4.25 <u>കാവനൂർ ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.07.2023 ലെ കത്തും കാവനൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.05.2023 ലെ 7(1)-ാം നമ്പർ തീരുമാനവും (SRG –947/23 – CC/425/2023).**

**വിഷയം:-** മുട്ടക്കോഴികളെ പുതിയ നിരക്കനുസരിച്ച് വിതരണം ചെയ്യുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 8/24 | ***അടങ്കൽ*** | ***12,35,000 രൂപ*** *(വികസനഫണ്ട് - ജനറൽ)* |
| ***പേര്*** | **മുട്ടക്കോഴി വിതരണം - വനിത** | |

അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതിയുടെ ഭാഗമായി കോഴികുഞ്ഞുങ്ങളെ വിതരണം നടത്താൻ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം 45 മുതൽ 60 ദിവസം വരെ 5 കോഴികുഞ്ഞുങ്ങൾ വീതമുള്ള ഒരു യൂണിറ്റിന് നിശ്ചയിച്ചിരിക്കുന്ന നിരക്ക് 600 രൂപയാണ്. ഒരു കോഴികുഞ്ഞിന് 120 രൂപ. മൃഗസംരക്ഷണവകുപ്പ് ഇതിന്റെ വില 130 രൂപയായി വർദ്ധിപ്പിച്ചു. ഇതനുസരിച്ച് ഒരു കോഴികുഞ്ഞിന് 130 രൂപ ക്രമത്തിൽ ഒരു യൂണിറ്റിന് 650 രൂപ നിരക്കിൽ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇതു വനിതാഘടക പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

49

### 4.26 <u>വെച്ചൂർ ഗ്രാമപഞ്ചായത്ത്</u>

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.06.2023 ലെ കത്തും വെച്ചൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.06.2023 ലെ AC1-3400/23-ാം നമ്പർ കത്തും (SRG 878/23 – CC/385/23)**

**വിഷയം:-** വെച്ചൂർ പശു സംരക്ഷണത്തിന്റെ ഭാഗമായി നൂറു ശതമാനം സബ്സിഡി നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 62/24 | ***അടങ്കൽ*** | ***2,00,000 രൂപ*** *(വികസന ഫണ്ട് - ജനറൽ)* |
| ***പേര്*** | **വെച്ചൂർ പശു സംരക്ഷണവും പരിപാലനവും** | |

വെച്ചൂർ പശുവിന്റെ സംരക്ഷണത്തിനായി ഗ്രാമപഞ്ചായത്തിലെ പരമ്പരാഗതമായി കന്നുകാലികളെ വളർത്തുന്ന ഗുണഭോക്താക്കൾക്ക് വെച്ചൂർ പശുക്കളെ വാങ്ങി സംരക്ഷിക്കുന്നതിനാണ് പ്രോജക്ട്. വെച്ചൂർ ഗ്രാമപഞ്ചായത്തിൽ നിന്ന് പുറത്തേക്ക് പശുവിന്റെ വിപണനം നടത്താതിരിക്കാൻ ഒരു സൊസൈറ്റി രൂപീകരിക്കാനും ജൈവ വൈവിധ്യ ബോർഡിന്റെ സഹകരണത്തോടെ മുഴുവൻ തുകയും സബ്സിഡിയായി നൽകിയും പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

50

### 4.27 <u>പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്</u>

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.06.2023 ലെ കത്തും പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 04.05.2023 ലെ 2(2)-ാം നമ്പർ കത്തും (SRG 880/23 – CC/363/23)**

**വിഷയം:-** ക്ഷീരസംഘത്തിന് മിനി പാസ്ചറൈസിംഗ് കം കേർഡ് പ്ലാന്റ് സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്.

| പ്രോ.നം: 51/24 | അടങ്കൽ | 6,00,000 രൂപ |
|---|---|---|
| | വികസന ഫണ്ട് – ജനറൽ | 3,00,000 രൂപ |
| | ഗുണഭോകതൃ വിഹിതം | 3,00,000 രൂപ |
| പേര് | അരീപ്പറമ്പ് ക്ഷീര സംഘത്തിൽ മിനി പാസ്ചറൈസർ കം കേർഡ് മേക്കിംഗ് പ്ലാന്റ് | |

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിലെ മണർകാട് ഗ്രാമപഞ്ചായത്തിലെ അരീപ്പറമ്പ് ക്ഷീര സഹകരണ സംഘത്തിന് മിനി പാസ്ചറൈസർ കം കേർഡ് മേക്കിംഗ് പ്ലാന്റിന് 50 ശതമാനം സബ്സിഡിയോടെ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു. മാർഗ്ഗരേഖ പ്രകാരം ഒരു ദിവസം ശരാശരി 3000 ലിറ്റർ പാൽ കൈകാര്യം ചെയ്യുന്ന ക്ഷീരസംഘത്തിനാണ് പാസ്ചറൈസിംഗ് പ്ലാന്റ് സ്ഥാപിക്കാൻ ധനസഹായം നൽകാവുന്നത്. എന്നാൽ ഈ സൊസൈറ്റിയിൽ ശരാശരി 1938 ലിറ്റർ പാലാണ് കൈകാര്യം ചെയ്യുന്നത്. അതിനാൽ മുകളിൽ പറഞ്ഞ പ്രോജക്ടിന് പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

51

**4.28 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.07.2023 ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.07.2023 ലെ B2-2230/2023-ാം നമ്പർ കത്തും (SRG 955/23 - CC/454/23).**

**വിഷയം:-** ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് ഗർഭാവസ്ഥയിൽ തന്നെ പശുക്കളേയും കുട്ടിയേയും പരിപാലിക്കുന്ന പ്രോജക്ടിന് അംഗീകാരം സംബന്ധിച്ച്.

| പ്രോ.നം: 52/24 | അടങ്കൽ | 12,10,000 രൂപ |
|---|---|---|
| | വികസനഫണ്ട് – ജനറൽ | 2,50,000 രൂപ |
| | ഗ്രാമപഞ്ചായത്ത് വിഹിതം | 2,50,000 രൂപ |
| | ഗുണഭോക്തൃ വിഹിതം | 7,10,000 രൂപ |
| പേര് | കാഫ് ബൂസ്റ്റർ പദ്ധതി – സംയുക്തം | |

ഗ്രാമപഞ്ചായത്തിൽ നിന്നും 6 മാസം ഗർഭിണികളായ പശുക്കളെ തെരഞ്ഞെടുത്ത് പ്രസവകാലം വരെ ഗർഭകാല റേഷനും മരുന്നുകളും സപ്ലിമെന്റും നൽകാനാണ് പ്രോജക്ട്. പ്രസവത്തിനുശേഷം കിടാവിനെ 6 മാസം വരെ പാലും തീറ്റയും നൽകി പരിപാലിക്കാനും ഉദ്ദേശിക്കുന്നു. 5000 രൂപ വീതം ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്തു വിഹിതമായും (ആകെ ധനസഹായം 10,000 രൂപ) 14,200 രൂപ ഗുണഭോക്തൃ വിഹിതവും പ്രതീക്ഷിക്കുന്നു. ആകെ 24,200 രൂപ. ഗ്രാമപഞ്ചായത്തുമായി ചേർന്ന് ഈ പ്രോജക്ട് ജില്ലാ പഞ്ചായത്തു മുഖേന നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

52

**4.29 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.07.2023 ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.07.2023 ലെ B2-2229/2023-ാം നമ്പർ കത്തും (SRG 953/23 - CC/453/23).**

**വിഷയം:-** കന്നുകുട്ടി പരിപാലനത്തിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുമായി ചേർന്നു നടപ്പാക്കുന്നതു സം ബന്ധിച്ച്.

| പ്രോ.നം: 47/24 | അടങ്കൽ | 1,00,00,000 രൂപ |
|---|---|---|
| | വികസനഫണ്ട് ജനറൽ | 25,00,000 രൂപ |
| | ഗ്രാമപഞ്ചായത്ത് വിഹിതം | 25,00,000 രൂപ |
| | ഗുണഭോക്തൃ വിഹിതം | 50,00,000 രൂപ |
| പേര് | കന്നുകുട്ടി പരിപാലനം – സംയുക്ത പദ്ധതി | |

കന്നുകുട്ടി പരിപാലനത്തിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുമായി ചേർന്നു നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഒരു കന്നുകുട്ടി/കാളകുട്ടിക്ക് ജില്ലാ പഞ്ചായത്തുവിഹിതം 6250 രൂപ, ഗ്രാമപഞ്ചായത്ത് വിഹിതം 6250 രൂപ, ഗുണഭോക്തൃ വിഹിതം 12,500 രൂപ എന്നീ രീതിയിൽ ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനുമാണ് ഈ പ്രോജക്ട് നടപ്പാക്കാവുന്നത്. ജില്ലാ പഞ്ചായത്ത് നേരിട്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

53

**4.30 <u>നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്</u>**

**നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.08.2023 ലെ SC2-5604/2023 -ലെ കത്തും നൂൽപ്പുഴ വെറ്ററിനറി ഡിസ്പൻസറി സർജന്റെ 243/2023-ലെ കത്തും അനുബന്ധരേഖകളും കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.06.2023 ലെ യോഗത്തിന്റെ മിനിറ്റ്സും ഖണ്ഡിക 4.23 (SRG - 1146/23).**

**വിഷയം:-** മൃഗാശുപത്രിയോട് അനുബന്ധിച്ചുള്ള ലാബിലെ ടെക്നീഷ്യനു വേതനം നൽകുന്നതു സംബന്ധിച്ച്

| *പ്രോ.നം:* 178/24 | ***അടങ്കൽ*** | ***50,000 രൂപ*** *(തനത് ഫണ്ട്)* |
|---|---|---|
| ***പേര്*** | **വെറ്ററിനറി ഡിസ്പൻസറിയിൽ ലാബ് ടെക്നീഷ്യന് മാസവേതനം** | |

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രിയിൽ എച്ച്.ഡി.സിയുടെ ശുപാർശയനുസരിച്ച് ലബോറട്ടറി ആരംഭിച്ചിട്ടുണ്ട്. ടെക്നീഷ്യനു നൽകുന്ന സേവനത്തിനനുസരിച്ച് മണിക്കൂറിന് 70 രൂപ നിരക്കിൽ വേതനം നൽകുന്ന രീതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ പ്രതിമാസം 10,000 രൂപ കുറഞ്ഞത് വേതനം നൽകണം. ലാബിൽ നിന്നുള്ള വരുമാനം കുറവാണെന്നറിയിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിൽ നിന്നും വേതനം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.06.2023 ലെ യോഗത്തിൽ പരിഗണിച്ച് ഇനിപറയും പ്രകാരം തീരുമാനമെടുത്തു.

ഈ ആശുപത്രിയിൽ രജിസ്റ്റർ പ്രകാരം കഴിഞ്ഞ രണ്ടു വർഷം എത്ര മൃഗങ്ങളെയാണ് (ഇനം തിരിച്ച്) ചികിത്സയ്ക്കായി കൊണ്ടു വന്നിരുന്നത്, ലാബിൽ ഏർപ്പെടുത്തിയിരുന്ന ഫീ നിരക്ക് സംബന്ധിച്ച വിശദാംശം എന്നിവ സഹിതം നൽകാൻ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് വിവരങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുണ്ട്.

ഡിസ്പൻസറിയിൽ ചികിത്സയ്ക്കായി കൊണ്ടുവന്ന മൃഗങ്ങൾ /പക്ഷികൾ

| **വർഷം** | **പശു** | **എരുമ** | **ആട്** | **നായ** | **പൂച്ച** | **പന്നി** | **കോഴി** | **മറ്റു പക്ഷികൾ** | **മറ്റു മൃഗങ്ങൾ** | **ആകെ** |
|---|---|---|---|---|---|---|---|---|---|---|
| 2021-22 | 8119 | 769 | 3138 | 540 | 23 | 60 | 7863 | 36 | 86 | 20634 |
| 2022-23 | 7967 | 583 | 1995 | 510 | 27 | 97 | 5362 | - | 11 | 16552 |

16.01.2021 ലെ എച്ച്.ഡി.സി യോഗ തീരുമാന പ്രകാരം ലാബിന്റെ പരിശോധനാ നിരക്ക് അംഗീകരിച്ചിട്ടുണ്ട്. ചാണകം 20 രൂപ, മൂത്രം 20 രൂപ, പാൽ 20 രൂപ, മൂത്രം ഷുഗർ 20 രൂപ, രക്തം ഷുഗർ 30 രൂപ, രക്തം 50 രൂപ, Culture & Sensitivity 50 രൂപ എന്ന രീതിയിലാണ് നിരക്ക്.

ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യന് ഗ്രാമപഞ്ചായത്തിൽ നിന്ന് വേതനം നൽകാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

54

**4.31 <u>പാലക്കാട് ജില്ലാ പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.07.2023 ലെ കത്ത് (SRG -1062/23 - CC/544/2023).**

**വിഷയം:-** എ.ബി.സി. പദ്ധതിയുടെ ഭാഗമായി നായ കുട്ടകൾ വാങ്ങുന്നതു സംബന്ധിച്ച്.

| പ്രോ.നം: 274/24 | അടങ്കൽ | 3,98,00,000 രൂപ |
|---|---|---|
| | തനത് ഫണ്ട് | 10,00,000 രൂപ |
| | ഗ്രാമപഞ്ചായത്ത് വിഹിതം | 2,88,00,000 രൂപ |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,00,00,000 രൂപ |
| **പേര്** | **തെരുവുനായ പ്രജനന നിയന്ത്രണ പദ്ധതി** | |

പാലക്കാട് ജില്ലയിൽ എ.ബി.സി കേന്ദ്രങ്ങളിലെ നായക്കൂടുകൾ കാലപ്പഴക്കത്താൽ കേടു സംഭവിച്ചതാണ്. ഇവ അറ്റകുറ്റപ്പണി നടത്തിയാലും ഉപയോഗയോഗ്യമല്ല. പുതിയ കൂടുവാങ്ങേണ്ടതുണ്ട്. ടെണ്ടർ നടപടി കൂടാതെ പാലക്കാടുള്ള കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നു വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

55

**4.32 പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്**

**പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.07.2023 ലെ കത്ത് (SRG 972/23)**

**വിഷയം:-** കൂൺകൃഷിക്ക് സബ്സിഡി നൽകുന്നതു സംബന്ധിച്ച്

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും 40 ശതമാനം സബ്സിഡി നൽകാം. 100 ബെഡ് എങ്കിലുമുള്ള രണ്ട് യൂണിറ്റിനാണ് ധനസഹായം നൽകാവുന്നത്. പരമാവധി 22,500 രൂപ നൽകാം. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും പട്ടികവർഗ്ഗവിഭാഗക്കാർക്കും കൃഷിമേഖലയിൽ പൊതുവേ നൽകുന്ന സബ്സിഡി യഥാക്രമം 75 ശതമാനവും 100 ശതമാനവുമാണെന്ന് ചൂണ്ടികാണിച്ചുകൊണ്ട് ഈ നിരക്കിൽ എസ്.സി, എസ്.റ്റി വിഭാഗക്കാർക്ക് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

56

**4.33 റബ്ഫാം പ്രൊഡ്യൂസർ കമ്പനി (RUBFARM)**

**റബ്ഫാം പ്രൊഡ്യൂസർ കമ്പനി ചെയർമാന്റെ 20.06.2023 ലെ കത്ത് (SRG 1050/23)**

**വിഷയം:-** റബ്ബർ നിർമ്മിതമായ ചെടിച്ചട്ടികൾ കൃഷി ആവശ്യത്തിനും മറ്റും ഉപയോഗിക്കുന്നതു സംബന്ധിച്ച്.

റബ്ബർ ഉല്പാദന മേഖലയിലെ ഒരു ഫാർമർ പ്രൊഡ്യൂസർ കമ്പനിയാണ് RUBFARM. ചെറുകിട റബ്ബർ കർഷകരുടെ കൂട്ടായ്മ എന്ന നിലയിലാണ് ഇതു രൂപീകരിച്ചിരിക്കുന്നത്. പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ചു കൊണ്ടുള്ള റബ്ബർ ചെടിചട്ടികൾ RUBFARM ഉല്പാദിപ്പിക്കുന്നുണ്ട്. കുറഞ്ഞത് 10 വർഷമെങ്കിലും ഇത് ഉപയോഗിക്കാമെന്നറിയിച്ചിട്ടുണ്ട്. കൃഷി ആവശ്യത്തിന് ഗ്രോ ബാഗിനു പകരം റബ്ബർ ചെടിചട്ടികൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കണമെന്നും ഇതിന് സബ്സിഡി നൽകാൻ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

57

**4.34 പാലരുവി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി, പത്തനാപുരം**

**സർക്കാരിന്റെ 22.07.2023 ലെ DA1/239/2023- തസ്വഭവ നമ്പർ കത്തും പാലരുവി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചെയർമാന്റെ 05.07.2023 ലെ PFPCL/212/2023-ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG 1080/23)**

**വിഷയം:-** പാലരുവി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഉല്പന്നങ്ങൾ ടെണ്ടർ കൂടാതെ വാങ്ങുന്നതു സംബന്ധിച്ച്

പത്തനാപുരത്തുള്ള പാലരുവി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി കൃഷി വകുപ്പിന്റെ അനുമതിയോടെയുള്ള കാർഷിക മേഖലയിലെ ഒരു സംരംഭമാണ്. കോഓർഡിനേഷൻ കമ്മറ്റിയുടെ 01.11.2017 ലെ യോഗ തീരുമാന പ്രകാരം പാലരുവി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ഉല്പാദിപ്പിക്കുന്ന കാർഷികമേഖലയിലെ വസ്തുക്കൾ ഉൽപാദനോപാധികൾ സസ്യസംരക്ഷണ സാമഗ്രികൾ തുടങ്ങിയവ ടെണ്ടർ കൂടാതെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വാങ്ങാൻ അനുമതി നൽകണമെന്ന് 11.10.2017 ൽ ഈ കമ്പനിയുടെ ചെയർമാൻ ആവശ്യപ്പെട്ടിരുന്നു. ഇത് 01.11.2017

ലെ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചു. പാലരുവി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ഉല്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളുടേയും സാധനസാമഗ്രികളുടേയും ഗുണനിലവാരം ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളിലെ കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി കൃഷി വകുപ്പ് നിശ്ചയിക്കുന്ന വില പ്രകാരം പാലരുവി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയിൽ നിന്ന് വാങ്ങാൻ കൊല്ലം ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് 01.11.2017 ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകി. കൊല്ലം ജില്ല എന്നതിനു പകരം സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ഇപ്രകാരം വാങ്ങാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

58

**4.35 <u>ഏലപ്പാറ ഗ്രാമപഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.07.2023 ലെ കത്ത് (SRG 1005/23 – CC/428/23).**

**വിഷയം:-** കാർഷികോപകരണങ്ങൾ കർഷകർക്ക് വ്യക്തിഗത സഹായമായി നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 39/23 | ***അടങ്കൽ*** | ***14,00,000 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | *7,00,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *7,00,000 രൂപ* |
| ***പേര്*** | **കർഷകർക്ക് കളവെട്ടി, പവർസ്പ്രേയർ എന്നിവ വാങ്ങുന്നതിന് ധനസഹായം** | |

പവർ സ്പ്രെയർ, കളവെട്ടി, ടീ ഹാർവസ്റ്റർ, കുരുമുളക് മെതിയെന്ത്രം തുടങ്ങിയ കാർഷിക ഉപകരണങ്ങൾ കർഷകർക്ക് വ്യക്തിഗത സഹായമായി നൽകാൻ ഉദ്ദേശിക്കുന്നു. എന്നാൽ മാർഗ്ഗരേഖ പ്രകാരം ചാരിറ്റബിൾ സൊസൈറ്റീസ് നിയമപ്രകാരമോ സഹകരണനിയമ പ്രകാരമോ രജിസ്റ്റർ ചെയ്ത കർഷക / കർഷക തൊഴിലാളി സംഘം/സമിതികൾക്കാണ് നൽകാവുന്നത്. ഈ ഉപകരണങ്ങൾ വ്യക്തിഗത സഹായമായി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

59

**4.36 <u>വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.08.2023 ലെ കത്ത് (SRG 1048/23 – CC/542/2023).**

**വിഷയം:-** അങ്കണവാടികളിലും സ്കൂളുകളിലും പച്ചക്കറികൃഷി നടത്തുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 44/24 | ***അടങ്കൽ*** | ***1,00,000 രൂപ*** *(വികസനഫണ്ട് ജനറൽ)* |
| ***പേര്*** | **കൃഷി അങ്കണം – അങ്കണവാടികളിലും സ്കൂളുകളിലും** | |

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ, സർക്കാർ/മാനേജ്മെന്റ് സ്കൂളുകൾ, കിന്റർഗാർട്ടൻ എന്നീ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി നടത്തുന്നതിനാണ് പ്രോജക്ട്. കാർഷിക കർമ്മസേനയെ ഉപയോഗിച്ച് 25 മൺചട്ടികളിൽ പോട്ടിംഗ് മിശ്രിതം, ജൈവവളം എന്നിവ നിറച്ച് അങ്കണവാടികളിലും സ്കൂളുകളിലും പച്ചക്കറി കൃഷി തോട്ടം സജ്ജീകരിക്കാനാണ് പദ്ധതി. 25 ചട്ടിയുടെ ഒരു യൂണിറ്റിന് 5000 രൂപ ചെലവു വരും. 100 ശതമാനം സബ്സിഡിയോടെ നൽകുന്നു. കുട്ടികളെ കൃഷി ചെയ്യുന്നതിൽ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

60

**4.37 <u>ദി കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്</u>**

**സർക്കാരിന്റെ 24.08.2023-ലെ DA1/306/2023 തസ്വഭവ നമ്പർ കത്തും കേരള മാർക്കറ്റ് ഫെഡ് ചെയർമാന്റെ കത്തും മാർക്കറ്റിംഗ് ഫെഡ് മാനേജിംഗ് ഡയറക്ടറുടെ 29.07.2023-ലെ കത്തും (SRG/1213/23)**

**വിഷയം:-** കാർഷിക ഉത്പാദനോപാധികൾ മാർക്കറ്റ് ഫെഡിൽ നിന്ന് നേരിട്ട് വാങ്ങാൻ അനുമതി സംബന്ധിച്ച്

തദ്ദേശഭരണസ്ഥാപനങ്ങൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന വിത്ത്, വിവിധ ഇനം വളങ്ങൾ കാർഷിക ഉത്പാദനോപാധികൾ എന്നിവ ടെണ്ടർ/ക്വട്ടേഷൻ ഇല്ലാതെ മാർക്കറ്റ് ഫെഡിൽ നിന്നും വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

61

**4.38 തൂണേരി ബ്ലോക്ക് പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2023 ലെ കത്തും തൂണേരി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 24.01.2023 ലെ 6/7-ാം നമ്പർ തീരുമാനവും (SRG/1176/23 - CC/163/23).**

**വിഷയം:-** ടെറസ്സിലും മുറ്റത്തും പച്ചക്കറി കൃഷി ചെയ്യുന്നതിന് അനുമതി സംബന്ധിച്ച്

| *പ്രോ.നം:* 155/24<br>(പഴയ നമ്പർ 194/23) | ***അടങ്കൽ*** | ***16,56,393 രൂപ*** |
|---|---|---|
| | *വികസനഫണ്ട് - ജനറൽ* | *10,00,956 രൂപ* |
| | *തനത് ഫണ്ട്* | *1437 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *6,54,000 രൂപ* |
| ***പേര്*** | **സമഗ്ര പച്ചക്കറി വികസനം - വനിതാഗ്രൂപ്പ്** | |

വീടുകളുടെ ടെറസ്സിലും മുറ്റത്തും പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കാൻ മൺചട്ടിയിൽ വളമിശ്രിതം ചേർത്ത് പച്ചക്കറി തൈകൾ നൽകുന്നതിനാണ് പ്രോജക്ട്. വനിതാ ഗ്രൂപ്പുകൾക്കാണ് നൽകാൻ ഉദ്ദേശിക്കുന്നത്. മാർഗ്ഗരേഖ പ്രകാരം ടെറസ്സ് / മുറ്റത്ത് ഇതേ രീതിയിൽ പച്ചക്കറി കൃഷിക്ക് സഹായം നൽകാവുന്നത് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ്. ബ്ലോക്ക് പഞ്ചായത്തിന് നേരിട്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

62

**4.39 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്**

**ബഹു. വള്ളിക്കുന്ന് എം.എൽ.എ യുടെ 07.09.2023 ലെ കത്തും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.09.2023 ലെ കത്തും അനുബന്ധരേഖകളും (SRG/ 1270/23 - CC/659/23).**

**വിഷയം:-** കാർബൺ ന്യൂട്രൽ ഫാമിങ്ങിന്റെ ഭാഗമായി മുള വച്ചുപിടിപ്പിക്കാൻ ധനസഹായം നൽകുന്നത് സംബന്ധിച്ച്.

| *പ്രോ.നം:* 73/23 | ***അടങ്കൽ*** | ***8,26,550 രൂപ***<br>*(വികസന ഫണ്ട് ജനറൽ- 50,00,000)*<br>*(കേന്ദ്രാവിഷ്കൃത വിഹിതം-3,26,550 രൂപ)* |
|---|---|---|
| ***പേര്*** | **കാർബൺ ന്യൂട്രൽ ഫാമിങ്ങ് - മുളവച്ചുപിടിപ്പിക്കൽ** | |

പൊതുസ്ഥലം കുറവായതിനാൽ സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് മുളവച്ചുപിടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഭൂമിയുടെ ഉടമസ്ഥാവകാശം കർഷകരിൽ നിലനിർത്തിക്കൊണ്ട് സൗജന്യമായി നൽകുന്ന തൈതകൾ നട്ടുപരിപാലിക്കുമെന്ന് രേഖാമൂലം ഉറപ്പുനൽകുന്നവരെയാണ് തെരഞ്ഞെടുക്കുന്നത്. MGNREGS തൊഴിലാളികളുടെ സഹായം, തൈകൾ, വളം എന്നിവ സൗജന്യമായി നൽകുന്നു. 1050 കുടുംബങ്ങളിലൂടെ 15.12 ഹെക്ടർ സ്വകാര്യ ഭൂമിയിൽ മുളകൃഷി വ്യാപിക്കാനാണ് ലക്ഷ്യം. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തൈകളുടെ എണ്ണം | ചെലവ് (വികസനഫണ്ട് ) | MGNREGS | ആകെ സബ്സിഡി |
|---|---|---|---|---|---|
| 1 | മുള തൈ (@Rs. 63.60 രൂപ) | 4400 | 2,80,000 | - | 2,80,000 |
| 2 | വള കിറ്റ് (@Rs. 38) | 4400 കിറ്റ് | 1,67,000 | - | 1,67,000 |

| | | | | | |
|---|---|---|---|---|---|
| 3 | പരിശീലനം (@Rs. 6000) | 7 | 42,000 | – | 42,000 |
| 4 | കുഴിയെടുത്ത് തൈ നടൽ | 4400 | – | 3,26,550 | 3,26,550 |
| 5 | ട്രാൻസ്പ്പോർട്ടേഷൻ | 4400 | 11,000 | – | 11,000 |
| **ആകെ** | | | **5,00,000** | **3,26,550** | **8,26,550** |

63 **4.40 <u>കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.08.2023 ലെ <u>കത്തും</u> (SRG/ 1179/23 – CC/580/23).**

**വിഷയം:-** വിള ഇൻഷ്വറൻസ് ഒഴിവാക്കി കൃഷി ചെയ്തവർക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

| *പ്രോ.നം:* 81/24 | ***അടങ്കൽ*** | ***5,18,000 രൂപ*** *(വികസന ഫണ്ട് ജനറൽ)* |
|---|---|---|
| ***പേര്*** | **ഞങ്ങളും കൃഷിയിലേക്ക് – തരിശുഭൂമി കൃഷിയോഗ്യമാക്കൽ** | |

കർഷകർക്ക് കൃഷിക്ക് ധനസഹായം നൽകുന്നതിന് വിള ഇൻഷ്വറൻസ് വേണമെന്ന മാനദണ്ഡം ഒഴിവാക്കണമെന്ന് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിരിക്കുന്നു. വിള ഇൻഷ്വറൻസ് ഇല്ലെങ്കിൽ പ്രകൃതി ക്ഷോഭത്തിലും മറ്റും കൃഷിനാശമുണ്ടായാൽ സർക്കാരിനു വലിയ നഷ്ടമുണ്ടാകുമെന്നു ചൂണ്ടികാണിച്ച് 15.06.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ആവശ്യം നിരസിച്ചു. എന്നാൽ കഴിഞ്ഞ വർഷം (2022-23)ൽ 13.32 ഹെക്ടർ സ്ഥലത്ത് വിള ഇൻഷ്വറൻസ് കൂടാതെ കർഷകർ കൃഷിയിറക്കുകയും വിളവെടുക്കുകയും ചെയ്തു. ഇതിന്റെ സബ്സിഡിയായി 5,32,800 രൂപ കർഷകർക്കു നൽകാനുണ്ട്. ഈ തുക നൽകാനായി ഈ വർഷം സ്പിൽഓവർ ആയി പ്രോജക്ട് എടുത്തിട്ടുണ്ട്. കൃഷി പൂർത്തിയാക്കിയ സാഹചര്യത്തിൽ ഇവർക്ക് നൽകാനുള്ള തുക അനുവദിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. നെൽകൃഷിയാണ് ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട്

64 **4.41 <u>തകഴി ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.06.2023 ലെ കത്ത് (SRG 931/23 – CC/424/23).**

**വിഷയം:-** അപൂർവ്വമായ ജീവജാലങ്ങളുടെ സംരക്ഷണം സംബന്ധിച്ച്

| *പ്രോ.നം:* 49/24 | ***അടങ്കൽ*** | ***15,000 രൂപ*** *(തനത് ഫണ്ട്)* |
|---|---|---|
| ***പേര്*** | **ജൈവവൈവിദ്ധ്യ ജീൻ പൂൾ** | |

പ്രകൃതിയിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ജീവജാലങ്ങളുടെ സംരക്ഷണത്തിനാണ് പ്രോജക്ട്. പല കാരണങ്ങളാൽ അപ്രത്യക്ഷമായികൊണ്ടിരിക്കുന്ന നാടൻ മുഷി, തവള മുതലായ ജീവജാലങ്ങളെ കണ്ടെത്തി അവയ്ക്ക് ആവാസ കേന്ദ്രങ്ങളൊരുക്കി ബ്രീഡിംഗ് സൗകര്യമൊരുക്കുന്നു. പിന്നീട് അനുകൂലഘട്ടങ്ങളിൽ പൊതുജലാശയങ്ങളിൽ നിക്ഷേപിക്കുന്നു. ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയുടെ സഹകരണത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

65 **4.42 <u>തകഴി ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.06.2023 ലെ കത്ത് (SRG 932/23 – CC/423/23).**

**വിഷയം:-** നാടൻമത്സ്യ ഇനങ്ങളുടെ സംരക്ഷണത്തിന് സൗകര്യമൊരുക്കുന്നതു സംബന്ധിച്ച്

| *പ്രോ.നം:* 37/24 | *അടങ്കൽ* | *25,000 രൂപ (തനത് ഫണ്ട്)* |
|---|---|---|
| *പേര്* | **മത്സ്യങ്ങളുടെ പറുദീസ** | |

നാടൻ മത്സ്യ ഇനങ്ങളുടെ പ്രജനനത്തിനും അതുവഴി മത്സ്യസമ്പത്ത് വാർദ്ധിപ്പിക്കുന്നതുമാണ് ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ ഒരു തോടിന്റെ പ്രത്യേക പ്രദേശം തെരഞ്ഞെടുത്ത് ആ പ്രദേശം മീൻപിടുത്ത നിരോധിത മേഖലയാക്കി ബോർഡ് സ്ഥാപിക്കുന്നു. തോടിന്റെ ഇരുവശം MGNREGS തൊഴിലാളികൾ മുഖേന കൈതയും വട്ടിപ്പുല്ലും വച്ചു പിടിപ്പിച്ച് ബ്രീഡിംഗിനും വളർച്ചയ്ക്കുമുള്ള സൗകര്യമൊരുക്കി വംശവർദ്ധനവുണ്ടാക്കുന്ന രീതിയാണ് ഉദ്ദേശിക്കുന്നത്. ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയുടെ കൂടെ നിർദ്ദേശത്തോടെ എടുത്ത ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

66

**4.43 <u>തകഴി ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.06.2023 ലെ കത്ത് (SRG 933/23 – CC/422/23).**

**വിഷയം:-** അസോളയും ഗപ്പിയും വളർത്തുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

| *പ്രോ.നം:* 34/23 | *അടങ്കൽ* | *10,000 രൂപ (തനത് ഫണ്ട്)* |
|---|---|---|
| *പേര്* | **അസോളയും ഗപ്പിയും** | |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അസോള ടാങ്കുകൾ നിർമ്മിച്ചും ഉപയോഗശൂന്യമായ കുളങ്ങൾ വൃത്തിയാക്കി കയർ ഭൂവസ്ത്രം വിരിക്കുകയും ചെയ്ത് ടാങ്കിലും കുളത്തിലും അസോളയും ഗപ്പിമത്സ്യത്തേയും നിക്ഷേപിക്കുന്നു. അസോള പശുക്കൾക്കും കോഴികൾക്കും തീറ്റയായി ഉപയോഗിക്കുന്നു. ഗപ്പി മത്സ്യങ്ങൾ കൊതുകുകളെ നിയന്ത്രിക്കുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

67

**4.44 <u>ദേവികുളം ബ്ലോക്ക് പഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.2023-ലെ കത്ത് (SRG/ 1302/23 – CC/ 791/2023)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച്

വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നേരിട്ട് നൽകാൻ പ്രോജക്ട് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. മാർഗ്ഗരേഖ പ്രകാരം സ്കോളർഷിപ്പ് നൽകാവുന്നത് ഗ്രാമപഞ്ചായത്തിനും നഗരസഭകൾക്കുമാണ്. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നേരിട്ട് സ്കോളർഷിപ്പ് നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതി വിഭാഗക്കാർ കൂടുതൽ ഉള്ളതിനാൽ എസ്.സി.പി. ഫണ്ട് കൂടുതൽ ഉണ്ട് എന്നറിയിച്ചിട്ടുണ്ട്.

68

**4.45 <u>താനൂർ മുനിസിപ്പാലിറ്റി</u>**

**താനൂർ നഗരസഭ ചെയർമാന്റെ 15.03.2023 ലെ കത്തും താനൂർ നഗരസഭാ സെക്രട്ടറിയുടെ 23.06.2023 ലെ G2-3126/23 നമ്പർ കത്തും അനുബന്ധ രേഖകളും (SRG 959/23)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതു സംബന്ധിച്ച്.

താനൂർ നഗരസഭ 2021-22 വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് പ്രോജക്റ്റ് ഏറ്റെടുക്കുകയും 2022-23 വർഷം തുടരുകയും ചെയ്തിരുന്നു. ആകെയുള്ള 37 വിദ്യാർത്ഥികളിൽ 12 വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി. ഇവർക്ക് ലാപ് ടോപ് നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഈ വർഷം (2023-24) ഇതിനായി പ്രോജക്റ്റ് എടുത്തിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

69

4.46 **<u>ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്</u>**

**ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 12.07.2023 ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 ലെ യോഗ തീരുമാനവും - ഖണ്ഡിക 4.36, 4.37 (SRG 1098/23)**

I. **വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പി.എസ്.സി പരിശീലനം നൽകുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 13/24* | *അടങ്കൽ* | *5,00,000 രൂപ (എസ്.സി.പി)* |
|---|---|---|
| *പേര് - പ്രതീക്ഷ - പി.എസ്.സി പരീക്ഷാ പരിശീലനം* | | |

സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്ന പട്ടികജാതി വിഭാഗത്തിലെ യുവതി യുവാക്കൾക്ക് പി.എസ്.സി പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിനാണ് പ്രോജക്റ്റ്. യോഗ്യതയുള്ള അദ്ധ്യാപകരെ തെരഞ്ഞെടുത്ത് 12 മാസത്തേക്ക് ഓണറേറിയം നൽകാനാണ് പ്രോജക്റ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച് 15.06.2023 ലെ യോഗം താഴെ പറയുന്ന തീരുമാനമെടുത്തു.

1) പട്ടികജാതി വികസനവകുപ്പിനു കീഴിൽ സംസ്ഥാനത്ത് നാലു Pre-Examination Training Centre - കൾ (PETC) ഉണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ പി.എസ്.സി കോച്ചിംഗ് അടക്കം എല്ലാ പ്രവേശന പരീക്ഷകൾക്കും പരിശീലനം നൽകുന്നുണ്ട്. അതിനാൽ ഉദ്യോഗാർത്ഥികളെ PETC യിൽ അയച്ചോ PETC വഴി ഓൺലൈൻ ആയോ പരിശീലനം നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചു.

2) പി.എസ്.സി-ക്കും മറ്റും പരിശീലനം നൽകുന്നതിന് മികച്ച സ്ഥാപനങ്ങളെ കണ്ടെത്തി എം.പാനൽ ചെയ്ത് അത്തരം സ്ഥാപനങ്ങളിലൂടെ പരിശീലനം നൽകുന്നതിന്റെ സാധ്യത സംബന്ധിച്ച റിപ്പോർട്ട് നൽകാൻ പട്ടികജാതി വികസന ഡയറക്ടറെ ചുമതലപ്പെടുത്തി.

കഴിഞ്ഞ മൂന്നുവർഷമായി നടപ്പാക്കി കൊണ്ടിരിക്കുന്ന പ്രോജക്റ്റാണ് ഇതെന്നും ഇതിനകം 120 പട്ടികജാതി വിഭാഗക്കാർക്ക് ഈ പദ്ധതി വഴി പരിശീലനം നൽകിയിട്ടുണ്ടെന്നും ഇതിൽ 20 പേർ വിവിധ പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. നൂതന പ്രോജക്റ്റുകൾക്കു വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി കഴിഞ്ഞവർഷത്തെ പ്രോജക്റ്റിന് അംഗീകാരം നൽകിയതാണ്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വിദൂരസ്ഥലത്ത് പോയി പഠിക്കുവാൻ ബുദ്ധിമുട്ടാണ്. ഇതിനുപകരം വീടിനടുത്തുള്ള സെന്ററുകളിൽ പരിശീലനം നൽകുകയാണ് ചെയ്യുന്നത്. ഈ സാഹചര്യത്തിൽ 15.06.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം പുനഃപരിശോധിച്ച് ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഒരു പരിശീലകന് ഒരു മണിക്കൂറിന് 500 രൂപ നിരക്കിൽ മാസം പരമാവധി 15,000 രൂപ നൽകാനാണ് ഉദ്ദേശിക്കുന്നത്. ആകെ 3 അദ്ധ്യാപകരെ നിയമിക്കുന്നു.

II. **വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിന് അനുമതി സംബന്ധിച്ച്

| *പ്രോ.നം: 12/24* | *അടങ്കൽ* | *17,00.000/- രൂപ (എസ്.സി.പി)* |
|---|---|---|
| *പേര് - അയ്യങ്കാളി പഠന കേന്ദ്രങ്ങളിൽ സായാഹ്ന ട്യൂഷൻ* | | |

പട്ടികജാതി വിഭാഗത്തിലെ പല വിദ്യാർത്ഥികൾക്കും സ്വന്തം വീടുകളിൽ നല്ല പഠന സൗകര്യമില്ല. ഇത്തരം വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി പഠനത്തിനു സഹായിക്കുന്നതിനായി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഈ വർഷം 33 കേന്ദ്രങ്ങളിലായി 400 പട്ടികജാതി വിദ്യാർത്ഥികൾക്ക് സായാഹ്ന ട്യൂഷൻ നൽകാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ ട്യൂഷൻ നൽകുന്നതിന് യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിച്ച് 12 മാസത്തെ ഓണറേറിയം നൽകാനാണ് പ്രോജക്ട്. ഇതു നടപ്പാക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച് താഴെ പറയുന്ന 15.06.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനമെടുത്തിരുന്നു.

**<u>15.06.2023 ലെ തീരുമാനം</u>:- "**മുകളിൽ പറഞ്ഞ രീതിയിൽ പ്രോജക്ട് നടപ്പാക്കാവുന്നതല്ല. പരിചയ സമ്പന്നരായ സർവ്വീസിൽ നിന്നും വിരമിച്ച അദ്ധ്യാപകർ, സാമൂഹ്യ പ്രതിബദ്ധതയുള്ള മറ്റു അദ്ധ്യാപകർ എന്നിവരുടെ സേവനം ഉപയോഗിച്ച് സാമൂഹ്യ പഠന കേന്ദ്രങ്ങളെ ഉപയോഗപ്പെടുത്തി ഈ രീതിയിൽ ട്യൂഷൻ നൽകാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു. ഒപ്പം എസ്.സി വിഭാഗത്തിലെയടക്കം പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അതതു സ്കൂളുകളിലെ അദ്ധ്യാപകരെ ഉപയോഗിച്ച് പ്രത്യേകം പരിശീലനം നടത്തുന്നതിന്റെ സാധ്യത കൂടി തേടാവുന്നതാണ്. സർക്കാർ സ്കൂളുകളിൽ ഇതിനായി തദ്ദേശഭരണ സ്ഥാപനത്തിന് റിഫ്രഷ്മെന്റിനുള്ള ചെലവുകളും മറ്റും വഹിക്കുന്ന രീതിയും സ്വീകരിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു. മുകളിൽ പറഞ്ഞ രീതിയിൽ പ്രോജക്ട് നടപ്പാക്കുന്നത് പരിഗണിക്കാൻ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചു**"**.

കഴിഞ്ഞ 7 വർഷമായി ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് 40 സെന്ററുകളിലായി സായാഹ്ന ട്യൂഷൻ നടത്തുന്നുണ്ട്. വിദ്യാർത്ഥികളെ അവരുടെ വീടിനോടു ചേർന്ന സെന്ററുകളിൽ പഠനസൗകര്യമൊരുക്കുന്നതിനാണ് പ്രോജക്ട്. കഴിഞ്ഞ വർഷം 11.01.2022 ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെയാണ് ഈ പ്രോജക്ട് നടപ്പാക്കിയതെന്ന് അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ 15.06.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം പുനഃപരിശോധിച്ച് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഒരു കേന്ദ്രത്തിൽ ഒരു അദ്ധ്യാപകനെ നിയമിക്കാനും പ്രതിമാസം 14500 രൂപ നൽകാനുമാണ് ഉദ്ദേശിക്കുന്നത്.

70

4.47 <u>വയനാട് ജില്ലാ പഞ്ചായത്ത്</u>

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.07.2023 ലെ <u>കത്തും</u> വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14.07.2023 ലെ <u>കത്തും</u> (SRG 1021/23 - CC/513/23).**

**വിഷയം:-** സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് ബാൻഡ് സെറ്റ് ഉപകരണങ്ങൾ വാങ്ങുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 167/24 | ***അടങ്കൽ*** | ***10,00,000 രൂപ***<br>*(വികസനഫണ്ട് - ജനറൽ)* |
| ***പേര്*** | **സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി - 2023-24** | |

ജില്ലയിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോഗ്രാം നടപ്പിലാക്കിവരുന്ന സ്കൂളുകളിൽ ബാൻഡ് സെറ്റ് ഇല്ല. അതിനാൽ കേഡറ്റുകളുടെ പരിശീലനം, തുടർന്ന് വരുന്ന പാസിംഗ് ഔട്ട് പരേഡ് എന്നിവയ്ക്ക് പ്രയാസം നേരിടുന്നു. അതിനാൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോഗ്രാം നടപ്പിലാക്കിവരുന്ന സ്കൂളുകൾക്ക് ബാൻഡ് സെറ്റ് വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

71

4.48 <u>മാവേലിക്കര മുനിസിപ്പാലിറ്റി</u>

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.06.2023 ലെ <u>കത്തും</u> മാവേലിക്കര നഗരസഭ കൗൺസിലിന്റെ 20.04.2023 ലെ 14-ാം നമ്പർ തീരുമാനവും (SRG 930/23 - CC/338/23).**

**വിഷയം:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതു സംബന്ധിച്ച്.

മാവേലിക്കര നഗരസഭ 2022-23 ൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 20.60 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഫണ്ടിന്റെ കുറവ് മൂലം സ്കോളർഷിപ്പിന് അർഹതയുള്ള താഴെ പറയുന്ന ഏഴ് പേർക്ക് 2022-23 വർഷം സ്കോളർഷിപ്പ് നൽകാൻ കഴിഞ്ഞില്ല. ഇവർക്ക് കഴിഞ്ഞ വർഷത്തെ സ്കോളർഷിപ്പ് ഈ വർഷം (2023-24) നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

കഴിഞ്ഞവർഷം സ്കോളർഷിപ്പ് നൽകാൻ വിട്ടുപോയ വിദ്യാർത്ഥികൾ

| | |
|---|---|
| 1 | വിവേക്, വിവേക് ഭവൻ, വാർഡ് 25 |
| 2 | സൂര്യ എസ്, വെള്ളൂർ തയ്യിൽ തെക്കേതിൽ, വാർഡ് 12 |
| 3 | അനന്തകൃഷ്ണൻ, വെള്ളൂർ തറേയിൽ, വാർഡ് 14 |
| 4 | രേഷ്മ ചന്ദ്രൻ, പ്രതീക്ഷ, വാർഡ് – 18 |
| 5 | അശ്വതി എസ്, കാവിന്റെ കിഴക്കതിൽ, വാർഡ് – 9 |
| 6 | അഭിജിത്ത് എസ്, കാവിന്റെ കിഴക്കതിൽ, വാർഡ് 9 |
| 7 | സ്റ്റെഫി ജയൻ, വാർഡ് – 6 |

72

**4.49 <u>വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസ്</u>**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.07.2023 ലെ കത്ത് (SRG 1009/23).**

**വിഷയം:-** പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതു സംബന്ധിച്ച്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കുട, ബാഗ്, നോട്ടു ബുക്ക് തുടങ്ങിയ പഠനോപകരണങ്ങൾ നൽകുന്നത് സംബന്ധിച്ച് 28.05.2022ലെ 115/22/തസ്വഭവ നമ്പർ സബ്സിഡി - ധനസഹായ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല. 06.07.2023 ൽ കൂടിയ ജില്ലാ ആസൂത്രണ സമിതി യോഗ തീരുമാന പ്രകാരം കുട, ബാഗ്, നോട്ട് ബുക്ക് തുടങ്ങിയവ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

73

**4.50 <u>തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസ്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.07.2023 ലെ 1025/2023/RO2/ DPM നമ്പർ കത്ത് (SRG 1045/23 – CC/575/23).**

**വിഷയം:-** ഡിസ്റ്റൻസ് എഡ്യൂക്കേഷൻ വഴി പഠനം നടത്തുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകുന്നതു സംബന്ധിച്ച്.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ വഴി ബിരുദത്തിനു പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ മുകേഷ് എന്ന വിദ്യാർത്ഥി തൃശ്ശൂർ കോർപ്പറേഷനിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന് അപേക്ഷിച്ചിരുന്നു വെങ്കിലും സ്കോളർഷിപ്പ് അനുവദിച്ചില്ല. സ്കോളർഷിപ്പ് അനുവദിക്കാത്തത് സംബന്ധിച്ച വിഷയത്തിന്മേൽ വിശദീകരണം നൽകണമെന്ന് തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറോട് തൃശ്ശൂർ ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ വഴിയും പാരലൽ കോളേജ് വഴിയും പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കാമോ എന്ന് സ്പഷ്ടീകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

74

**4.51 <u>കൊച്ചി കോർപ്പറേഷൻ</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.08.2023 ലെ കത്തുകളും (2 എണ്ണം) ബഹു.കൊച്ചി കോർപ്പറേഷൻ മേയറുടെ 08.08.2023 ലെ <u>കത്തും</u> (SRG -1127/23 – CC/602/2023).**

**വിഷയം:-** ഹൈസ്കൂളിൽ പ്രഭാത ഭക്ഷണം നൽകുന്നതു സംബന്ധിച്ച്.

| *പ്രോ.നം:* 151/24 | ***അടങ്കൽ*** | ***10,00,000 രൂപ*** *(വികസനഫണ്ട് – ജനറൽ)* |
|---|---|---|
| ***പേര്*** | **സർക്കാർ സ്കൂളുകളിൽ പ്രഭാതഭക്ഷണ പരിപാടി** | |

നഗരസഭാ പ്രദേശത്തെ സർക്കാർ സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകുന്നതിന് പ്രോജക്ട് എടുത്തിട്ടുണ്ട്. നൂതന പ്രോജക്ടിനു വേണ്ടിയുള്ള ജില്ലാതല വിദഗ്ധസമിതി ഇതിന് അനുമതി നിരസിച്ചു. നിലവിൽ ഏഴാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കാണ് പ്രഭാത ഭക്ഷണം നൽകാവുന്നത്. ഇതോടൊപ്പം സർക്കാർ ഹൈസ്കൂളുകളിൽ കൂടി പ്രഭാത ഭക്ഷണം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

75

**4.52 <u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**

**തദ്ദേശസ്വയംഭരണവകുപ്പ് റൂറൽ ഡയറക്ടറുടെ 23.02.2023 ലെ PAN/272/2023-J3 (DP) നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 18.10.2022 ലെ DP/MPM/25/2022-ാം നമ്പർ കത്തും മലപ്പുറം ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 13.10.2022 ലെ 1(10)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG –968/23).**

**വിഷയം:-** മലപ്പുറം ജില്ലാ പഞ്ചായത്ത് 2021-22 ൽ നടത്തിയ അക്ഷരശ്രീ പദ്ധതിക്കു ചെലവായ തുകയ്ക്ക് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

മലപ്പുറം ജില്ലാ പഞ്ചായത്ത് 2021-22 വർഷം പത്താംതരം, പ്ലസ്ടു തുല്യതാ പഠിതാക്കൾക്ക് മോട്ടിവേഷൻ ക്യാമ്പ് നടത്തി. അക്ഷരശ്രീ എന്ന ഈ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ വിദ്യാഭ്യാസ ഡയറക്ടർ ആയിരുന്നു. സർവ്വീസിൽ നിന്നും വിരമിച്ച അദ്ധ്യാപകരേയും ജീവനക്കാരേയും ഉൾപ്പെടുത്തി പത്താംതരം തുല്യതയ്ക്ക് 10 ക്യാമ്പുകളും പ്ലസ്ടു തുല്യതയ്ക്ക് 10 ക്യാമ്പുകളും (ആകെ 20 ക്യാമ്പുകൾ) നടത്തി. താഴെ പറയുന്ന ഇനങ്ങൾക്കായി ആകെ 7,77,330 രൂപ ചെലവഴിച്ചു. പഠിതാക്കളുടെ ആത്മവിശ്വാസക്കുറവ്, അപകർഷതാബോധം തുടങ്ങിയവ മാറ്റുന്നതിനാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ഈ പ്രോജക്ട് നടപ്പാക്കിയതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**ക്യാമ്പിനായി ചെലവായതുകയുടെ വിശദാംശം**

| **ക്രമ നമ്പർ** | **ഇനം** | **ചെലവ്** |
|---|---|---|
| 1 | ബാനർ | 26,400 രൂപ |
| 2 | ഫോട്ടോ | 37,670 രൂപ |
| 3 | ലൈറ്റ് & സൗണ്ട് | 1,29,200 രൂപ |
| 4 | പ്രൊജക്ടർ വാടക | 6,000 രൂപ |
| 5 | സ്റ്റേഷനറി | 29,399 രൂപ |
| 6 | ഹാൾ ക്ലീനിംഗ് ചാർജ്ജ് | 10,000 രൂപ |
| 7 | ഭക്ഷണം | 3,78,000 രൂപ |
| 8 | ആർ.പി അലവൻസ് | 1,30,000 രൂപ |
| 9 | ഫോട്ടോ കോപ്പി | 10,530 രൂപ |
| 10 | മറ്റിനങ്ങൾ | 20,131 രൂപ |
| | ആകെ | **7,77,330 രൂപ** |

76

**4.53 <u>വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.07.2023 ലെ കത്ത് (SRG 1057/23 – CC/481/2023).**

**വിഷയം:-** സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഐ.ഡി. കാർഡ് നൽകുന്നതു സംബന്ധിച്ച്.

| *പ്രോ.നം:* 42/24 | ***അടങ്കൽ*** | ***50,000 രൂപ*** *(വികസനഫണ്ട് ജനറൽ)* |
|---|---|---|
| ***പേര്*** | **സ്കൂൾ കുട്ടികൾക്ക് ഐ.ഡി കാർഡ്** | |

വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിലെ നാല്വ ഗവ.എൽ.പി സ്കൂളുകളിലെ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഐ.ഡി കാർഡു നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

77

**4.54 <u>പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.08.2023 ലെ കത്തും അനുബന്ധരേഖകളും (SRG 1136/23 – CC/594/23).**

**വിഷയം:-** സിവിൽ സർവ്വീസ് പഠനത്തിനു താല്പര്യമുള്ളവർക്ക് ഫൗണ്ടേഷൻ കോഴ്സ് നടപ്പാക്കുന്നതിന് അനുമതി സംബന്ധിച്ച്.

| *പ്രോ.നം:* 43/24 | ***അടങ്കൽ*** | ***10,00,000 രൂപ*** |
|---|---|---|
| | *സി.എഫ്,സി ബെയിസിക് ഗ്രാന്റ്* | *3,00,000 രൂപ* |
| | *ഗ്രാമപഞ്ചായത്ത് വിഹിതം* | *7,00,000 രൂപ* |
| ***പേര്*** | **സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്** | |

പഠിക്കാൻ മിടുക്കരായവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികളെ സിവിൽ സർവ്വീസിനായി തയ്യാറെടുപ്പിക്കുന്നതിനാണ് പ്രോജക്ട്. പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കാണ് പരിശീലനം. ടെണ്ടറിലൂടെ പരിശീലന ഏജൻസിയെ കണ്ടെത്തുന്നു. ഒരു ബാച്ചിൽ 40 മുതൽ 50 വരെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 3 സെന്ററുകൾ തുടങ്ങും. 7-8 മാസം കൊണ്ട് 120 മണിക്കൂർ പരിശീലനം നൽകും. സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കുള്ള കോഴ്സുകൾ നടത്തുന്ന വിവിധ സർക്കാർ/ സർക്കാർ ഇതര സ്ഥാപനങ്ങളെ കുറിച്ചുള്ള അറിവ് ഇവർക്കു നൽകുന്നു. പഠനത്തോടൊപ്പം സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. നൂതന പ്രോജക്ടുകൾക്കു വേണ്ടിയുള്ള ജില്ലാതല വിദഗ്ധസമിതി ഈ പ്രോജക്ടിന് അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

78

**4.55 <u>പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്</u>**

**പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.07.2023 ലെ കത്ത് (SRG 973/23)**

**വിഷയം:-** സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കലോത്സവത്തിൽ പങ്കെടുക്കുന്നതിന് ധനസഹായം നൽകുന്നതു സംബന്ധിച്ച്.

| *പ്രോ.നം:* 64/24 | ***അടങ്കൽ*** | ***1,00,000 രൂപ*** *(എസ്.സി.പി)* |
|---|---|---|
| ***പേര്*** | ***ജില്ലാ യൂണിവേഴ്സിറ്റിതല മത്സരങ്ങളിലെ വിജയികൾക്ക് ഡാൻസ് കിറ്റ്, സ്പോർട്സ് കിറ്റ്, മറ്റുപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ധനസഹായം*** | |

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി - ധനസഹായ മാർഗ്ഗരേഖ പ്രകാരം ജില്ലാ കലോത്സവങ്ങൾ, ജില്ലാ കായിക മേളകൾ, യൂണിവേഴ്സിറ്റിയിൽ മത്സരിച്ച് വിജയിച്ച് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് അവരവരുടെ മേഖലയിൽ തുടർന്നും പ്രവർത്തിക്കുന്നതിനു ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകാം. മാർഗ്ഗരേഖയിൽ ഈ ധനസഹായം കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളെ ആണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന് ചൂണ്ടികാണിച്ച് ഇതേ രീതിയിൽ സ്കൂൾ വിദ്യാർത്ഥികളിൽ ജില്ലാതല കലോത്സവങ്ങൾ, കായിക മേളകളിൽ വിജയിച്ച് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് ധനസഹായം നൽകാമോ എന്ന് വ്യക്തത വരുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

79

**4.56 <u>പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്</u>**
**പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 26.06.2023ലെ കത്തും അനുബന്ധ രേഖകളും (SRG** 974/**23, SRG 925/23)**

**വിഷയം:-** വടക്കുമ്പാട് ജി.എൽ.പി സ്കൂൾ കെട്ടിടത്തിന്റെ വൈദ്യുതീകരണം സംബന്ധിച്ച്.

പേരാമ്പ്ര ബ്ലോക്ക് പരിധിയിൽപ്പെട്ട ചങ്ങോരത്ത് ഗ്രാമപഞ്ചായത്തിലെ വടക്കുമ്പാട് ജി.എൽ.പി സ്കൂൾ കെട്ടിട നിർമ്മാണത്തിന് 2018-19ൽ MPLAD- യിൽ 13.20 ലക്ഷം രൂപ അനുവദിച്ചിരുന്നു. കെട്ടിടത്തിന്റെ വൈദ്യുതീകരണവും ഉൾപ്പെടുത്തിയിരുന്നു. 01.11.2021 ൽ ഈ കെട്ടിടത്തിന്റെ ഫൈനൽ ബിൽ സമർപ്പിക്കുകയും 24.03.2023 ന് ബിൽ തുകയായ 7,70,078 രൂപ കരാറുകാരന് കൈമാറുകയും ചെയ്തു. എന്നാൽ ഈ കെട്ടിടത്തിൽ വൈദ്യുതീകരണ പ്രവൃത്തി ചെയ്തിരുന്നില്ല. ഫൈനൽ ബിൽ നൽകുന്നതിന് മുമ്പ് (19.03.2022) വൈദ്യുതീകരണത്തിന് ടെണ്ടർ ചെയ്ത് കരാറുകാരനെ ഏല്പിക്കുകയും ജോലി പൂർത്തിയാക്കി 1,68,714 രൂപയുടെ ബിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബഹു.രാജ്യസഭാ എം.പി ശ്രീ കെ.കെ രാഗേഷിന്റെ കാലാവധി കഴിഞ്ഞതിനാലും കെട്ടിടത്തിന്റെ ഫൈനൽ ബിൽ നൽകിയതിനാലും MPLADയിൽ നിന്ന് ഇനി തുക നൽകാൻ കഴിയില്ല എന്നറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കെട്ടിടം വൈദ്യുതീകരിച്ചതിന്റെ ബിൽ തുകയായ 1,68,714 രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

80

**4.57 <u>അങ്കമാലി മുനിസിപ്പാലിറ്റി</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.08.2023 ലെ കത്തുകളും (രണ്ടെണ്ണം) അനുബന്ധരേഖകളും (SRG -1133/23 - CC/527/2023).**

**വിഷയം:-** നഗരസഭ ലൈബ്രറി കമ്പ്യൂട്ടർവത്കരിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 45/24 | ***അടങ്കൽ*** | ***8,00,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | **നഗരസഭ ലൈബ്രറി കമ്പ്യൂട്ടർ വത്കരണം** | |

അങ്കമാലി നഗരസഭ ലൈബ്രറിയിലെ പുസ്തകങ്ങൾ തരംതിരിക്കൽ, ക്യാറ്റലോഗിംഗ്, പുസ്തകവിതരണം എന്നിവയ്ക്കായി 'കോഹ' (KOHA) സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. KOHA ഒരു ഫ്രീ സോഫ്റ്റ് വെയറാണെന്നും ഇത് സൗജന്യമായി ഡൗൺലോഡ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലൈബ്രറി കമ്പ്യൂട്ടർവത്കരണത്തിന് KOHA സോഫ്റ്റ് വെയർ ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

81

**4.58 <u>കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്</u>**
**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.09.2023-ലെ കത്ത് (SRG/1268/23 - CC/653/23)**

**വിഷയം:-** പട്ടികവർഗ്ഗവിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 156/24 | ***അടങ്കൽ*** | ***2,00,000 രൂപ*** *(റ്റി.എസ്.പി)* |
| ***പേര്*** | **പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം സ്റ്റിച്ചിംഗ് ചാർജ്ജ്** | |

പട്ടികവർഗ്ഗവിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് യൂണിഫോമിനുള്ള തുണി സ്കൂളിൽ നിന്നും നൽകുന്നുണ്ട്. ഇതിന്റെ തയ്യൽ ചാർജ്ജ് നൽകാനാണ് പ്രോജക്ട്. 2018-19 മുതൽ ഗ്രാമപഞ്ചായത്തിൽ നിന്ന് സ്റ്റിച്ചിംഗ് ചാർജ് നൽകുന്നുണ്ട്. ഈ പ്രോജക്ട് ഈ വർഷം നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

82 4.59 ചൂണ്ടൽ ഗ്രാമപഞ്ചായത്ത്

**ചൂണ്ടൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.01.2023-ലെ കത്തും ചൂണ്ടൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.12.2022-ലെ 7(1)-ാം നമ്പർ തീരുമാനവും (SRG/ 1400/23).**

**വിഷയം:-** പാറന്നൂർ ചിറ ഓപ്പൺ ജിം സ്ഥാപിച്ചതിന് ബിൽ തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 23/23 | ***അടങ്കൽ*** | ***7,24,020 രൂപ*** *(വികസന ഫണ്ട് ജനറൽ)* |
| ***പേര്*** | **പാറന്നൂർ ചിറ ഓപ്പൺ ജിം** | |

പാറന്നൂർ ചിറ ഓപ്പൺ ജിം സ്ഥാപിക്കുന്നതിന് 2021-22 വർഷം പ്രോജക്ട് ഏറ്റെടുക്കുകയും 2022-23 വർഷം പൂർത്തിയാക്കുകയും ചെയ്തു. ARTCO പാലക്കാട് ഏജൻസി മുഖേനയാണ് പൂർത്തീകരിച്ചത്. എന്നാൽ ഇത്തരം പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയല്ല ARTCO. അക്രഡിറ്റഡ് ഏജൻസിയാണെന്ന ധാരണയിലാണ് പ്രവൃത്തി ARTCO -യെ ഏൽപ്പിച്ചത്. തൃപ്തികരമായി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്നറിയിച്ചുകൊണ്ട് ഇതിന്റെ ബിൽ തുകയായ 7,24,020 രൂപ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

83 4.60 ഇടുക്കി ജില്ലാ പഞ്ചായത്ത്

**ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 04.07.2023 ലെ കത്തും ഇടുക്കി ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 01.03.2023 ലെ 1(6)-ാം നമ്പർ തീരുമാനവും (SRG/936/23)**

**വിഷയം:-** സ്പോർട്സ് ക്ലബ്ബുകൾക്ക് കായിക ഉപകരണം നൽകുന്നതു സംബന്ധിച്ച്

നിലവിലെ മാർഗ്ഗരേഖ പ്രകാരം രജിസ്റ്റേർഡ് സ്പോർട്സ് ക്ലബ്ബുകൾക്ക് 6000 രൂപയിലധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നൽകാം. ഇത് 25000 രൂപയായി ഉയർത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

84 4.61 പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.08.2023 ലെ കത്തും പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 12.09.2023 ലെ BP461/23-ാം നമ്പർ കത്തും പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.06.2023-ലെ 1(4)-ാം നമ്പർ തീരുമാനവും (SRG/1190/23 - CC/593/23).**

**വിഷയം:-** കായിക വികസനത്തിന് കളിസ്ഥലം നിർമ്മിക്കാൻ സ്ഥലം വാങ്ങുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 106/24 | ***അടങ്കൽ*** | ***2,00,00,000 രൂപ*** |
| | *വികസനഫണ്ട് - ജനറൽ* | *20,00,000 രൂപ* |
| | *ലോൺ* | *1,80,00,000 രൂപ* |
| ***പേര്*** | **ബ്ലോക്ക് പഞ്ചായത്ത്തല കായിക വികസനത്തിന് കളിസ്ഥലം വാങ്ങൽ** | |

പട്ടണക്കാട് ബ്ലോക്കുപഞ്ചായത്തു പ്രദേശത്തു കളിസ്ഥലം നിർമ്മിക്കുന്നതിന് ഒരേക്കറിൽ കുറയാതെ സ്ഥലം വാങ്ങാനാണ് പ്രോജക്ട്. ആകെ അടങ്കലായ 2.00 കോടി രൂപയിൽ 20.00 ലക്ഷം രൂപ വികസനഫണ്ടും ബാക്കി തുക ലോൺ എടുക്കാനുമാണ് ഉദ്ദേശിക്കുന്നത്. 2023 - 24 ൽ ലോൺ എടുത്ത് 10 വർഷം കൊണ്ട് വികസന ഫണ്ടിൽ നിന്ന് തിരിച്ചടയ്ക്കാൻ ലക്ഷ്യമിടുന്നു. ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

85 4.62 കോഴിക്കോട് ജില്ലാപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.2023 ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 04.10.2023-ലെ P6/4867/2023-ാം നമ്പർ കത്തും (SRG/ 1378/23 - CC/818/23).**

**വിഷയം:-** ട്രാൻസ്ജെന്റർ കൾച്ചറൽ ഗ്രൂപ്പ് രൂപീകരിക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 540/24 | ***അടങ്കൽ*** | ***5,00,000 രൂപ*** *(വികസന ഫണ്ട് ജനറൽ)* |
| ***പേര്*** | **ട്രാൻസ്ജെന്റർ കൾച്ചറൽ ഗ്രൂപ്പ്** | |

കുടുംബശ്രീ ജില്ലാമിഷൻ കോഓർഡിനേറ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവരെ ഉൾപ്പെടുത്തി കൾച്ചറൽ ഗ്രൂപ്പ് രൂപീകരിക്കാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവർക്ക് കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് ഉപകരണങ്ങൾ വാങ്ങി ഒരു സംരംഭക പ്രോജക്ടായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. മാർഗ്ഗരേഖ പ്രകാരം പൊതുവിഭാഗത്തിന് 2.50 ലക്ഷം രൂപയും എസ്.സി, എസ്.റ്റി, വനിത ഗ്രൂപ്പുകൾക്ക് 3.75 ലക്ഷം രൂപയുമാണ് ധനസഹായം നൽകാവുന്നത്. പ്രത്യേക പരിഗണനയോടെ മുഴുവൻ തുകയും (5.00 ലക്ഷം രൂപ) ധനസഹായമായി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഒരു കൾച്ചറൽ ഗ്രൂപ്പ് രൂപീകരിക്കാനാണ് ജില്ലാ പഞ്ചായത്ത് ഉദ്ദേശിക്കുന്നത്.

86

**4.63 <u>മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.07.2023 ലെ കത്തും മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 28.12.2022 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 949/23 - CC/45/23).**

**വിഷയം:-** വയോജനങ്ങൾക്ക് ശ്രവണസഹായി നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 114/23 | ***അടങ്കൽ*** | ***4,83,447 രൂപ*** *(വികസനഫണ്ട് - ജനറൽ)* |
| ***പേര്*** | **വയോജനങ്ങൾക്ക് ശ്രവണ സഹായി** | |

ബ്ലോക്ക് പഞ്ചായത്ത് മുകളിൽ പറഞ്ഞ പ്രോജക്ട് 2022-23 ൽ ഭേദഗതി ചെയ്യുകയും അടങ്കൽ 9,83,447 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. കഴിഞ്ഞവർഷം 57 പേർക്ക് ശ്രവണസഹായി വിതരണം ചെയ്തു. കെൽട്രോണാണ് ഉപകരണം നൽകിയത്. ഇതനുസരിച്ച് കെൽട്രോണിന് 4,56,000 രൂപ ബിൽതുകയായി നൽകി. ബാക്കി തുകയായ 5,27,447 രൂപ ഉൾപ്പെടുത്തി ഈ വർഷം സ്പിൽഓവർ ആയി പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാം ഘട്ടമായി 66 ഗുണഭോക്താക്കൾക്കു കൂടി ശ്രവണസഹായി നൽകി. ഇതിന്റെ 5.28 ലക്ഷം രൂപയുടെ ബിൽ കെൽട്രോൺ നൽകിയിട്ടുണ്ട്.

പദ്ധതിമാർഗ്ഗരേഖ പ്രകാരം (28.02.2022 - ലെ 115/2022/തസ്വഭവ ഉത്തരവ്) ഈ പ്രോജക്ട് നടപ്പാക്കാവുന്നത് ഗ്രാമപഞ്ചായത്തിനും നഗരസഭയ്ക്കുമാണ്. ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമപഞ്ചായത്തുകൾ ഒന്നും ഇതിനായി പ്രോജക്ട് വച്ചിട്ടില്ല എന്നു അറിയിച്ചുകൊണ്ട് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

87

**4.64 <u>കൊച്ചി കോർപ്പറേഷൻ</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.08.2023 ലെ കത്തുകളും (2 എണ്ണം) ബഹു.കൊച്ചി കോർപ്പറേഷൻ മേയറുടെ 08.08.2023 ലെ CCPC/16/00211/23-ലെ കത്തും (SRG -1208/23 - CC/601/2023).**

**വിഷയം:-** വയോജനങ്ങൾക്ക് പോഷകാഹാര കിറ്റ് നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 546/24 | ***അടങ്കൽ*** | ***1,70,00,000 രൂപ*** *(വികസനഫണ്ട് - ജനറൽ)* |
| ***പേര്*** | **വയോജനങ്ങൾക്ക് പോഷകാഹാര വിതരണ പദ്ധതി** | |

ഡയറ്റീഷ്യന്റെ നിർദ്ദേശാനുസരണം നുറുക്ക് ഗോതമ്പ്, ചെറുപയർ, റാഗി പൗഡർ, ഓട്സ്, പൊടിയരി, സ്കിമ്ഡ് മിൽക്ക്, ശർക്കര, മുതിര എന്നിവയടങ്ങുന്ന ഭക്ഷണ സാധനങ്ങളടങ്ങിയ കിറ്റ് ബി.പി.എൽ കുടുംബത്തിൽപ്പെട്ട 60 വയസ്സുകഴിഞ്ഞ വയോജനങ്ങൾക്ക് നൽകുന്നതിനാണ് പ്രോജക്ട്. നൂതന പ്രോജക്ടുകൾക്കു വേണ്ടിയുള്ള ജില്ലാതല വിദഗ്ധ സമിതി ഇതിന് അനുമതി നിരസിച്ചു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. 2022-23 ൽ 1.50 കോടി രൂപ വകയിരുത്തി 6200 പേർക്ക് ഇതേ രീതിയിൽ പോഷകാഹാരം വിതരണം നടത്തിയിരുന്നു.

88

**4.65 വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.07.2023 ലെ കത്തുകളും (2 എണ്ണം) അനുബന്ധരേഖകളും (SRG 1058/23 - CC/528/2023).**

**വിഷയം:-** വയോജന ക്ലബ്ബുകൾക്ക് സൗണ്ട് സിസ്റ്റം വാങ്ങി നൽകുന്നതു സംബന്ധിച്ച്

| *പ്രോ.നം:* 14/24 | *അടങ്കൽ* | *1,00,000 രൂപ (വികസനഫണ്ട് ജനറൽ)* |
|---|---|---|
| *പേര്* | **വയോജനക്ലബ്ബുകൾക്ക് സൗണ്ട് സിസ്റ്റം വാങ്ങി നൽകൽ** | |

വയോജനക്ലബ്ബുകളിൽ മെച്ചപ്പെട്ട രീതിയിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി സൗണ്ട് സിസ്റ്റം വാങ്ങി നൽകാനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

89

**4.66 വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.08.2023 ലെ കത്ത് (SRG 1068/23 - CC/543/2023).**

**വിഷയം:-** വയോജനങ്ങൾക്ക് കണ്ണട നൽകുന്നതു സംബന്ധിച്ച്.

| *പ്രോ.നം:* 222/24 | *അടങ്കൽ* | *2,00,000രൂപ (വികസനഫണ്ട് ജനറൽ)* |
|---|---|---|
| *പേര്* | **വൃദ്ധർക്ക് സഹായ ഉപകരണങ്ങൾ നൽകൽ** | |

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വൃദ്ധജനങ്ങൾക്ക് കാഴ്ച പരിമിതിയെ മറികടക്കുന്നതിന് കണ്ണട നൽകുന്നതിനു വേണ്ടിയുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

90

**4.67 ദേവികുളം ഗ്രാമപഞ്ചായത്ത്**

**ദേവികുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.05.2023 ലെ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.04.2023 ലെ 7(6)-ാം നമ്പർ തീരുമാനവും (SRG 924/23).**

**വിഷയം:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ബെഡ് വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 18 വാർഡുകളിൽ 17 വാർഡും എസ്റ്റേറ്റ് മേഖലയിലാണ്. ദേവികുളം ഗ്രാമപഞ്ചായത്തിലെ 85 ശതമാനം ആളുകളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും 5 ശതമാനം ആളുകൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുമാണ്. മുൻവർഷങ്ങളിലായി ജനറൽ വിഭാഗമുൾപ്പെടെ ഭൂരിഭാഗം വയോജനങ്ങൾക്കും കട്ടിലും കമ്പിളിയും നൽകി. വരും വർഷങ്ങളിൽ ഇവർക്ക് കട്ടിലുകൾക്ക് യോജിച്ച ബെഡ്ഡുകൾ വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

91

**4.68 മുട്ടിൽ ഗ്രാമപഞ്ചായത്ത്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.08.2023 ലെ കത്തും മുട്ടിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.06.2023 ലെ 3(2)-ാം നമ്പർ തീരുമാനവും (SRG 1112/23 - CC/563/23).**

**വിഷയം:-** വയോജനങ്ങൾക്ക് വാക്കിംഗ് സ്റ്റിക്ക് വാങ്ങി നൽകിയതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

| *പ്രോ.നം:* 391/23 | ***അടങ്കൽ*** | ***2,40,000 രൂപ*** *(വികസനഫണ്ട് - ജനറൽ)* |
|---|---|---|
| ***പേര്*** | **വയോജനങ്ങൾക്ക് ഊന്നുവടി, ഹിയറിംഗ് എയ്ഡ്** | |

വയോജനങ്ങൾക്ക് ഊന്നുവടിയും ഹിയറിംഗ് എയ്ഡും വാങ്ങി നൽകുന്നതിന് 2022-23 വർഷം പ്രോജക്ട് എടുത്തിരുന്നു. ഹിയറിംഗ് എയ്ഡ് വാങ്ങി നൽകുന്നതിന് മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ടെങ്കിലും ഊന്നുവടി വാങ്ങി നൽകുന്നത് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിരുന്നില്ല. 92,030 രൂപ ചെലവഴിച്ച് 156 വാക്കിംഗ് സ്റ്റിക് (ഊന്നുവടി) വാങ്ങി നൽകി. ഇതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

92

**4.69 <u>കരുണ പെയിൻ & പാലിയേറ്റീവ് കെയർ സൊസൈറ്റി, ചെങ്ങന്നൂർ</u>**

**ചെങ്ങന്നൂർ കരുണ പെയിൻ & പാലിയേറ്റീവ് കെയർ സൊസൈറ്റി ജനറൽ സെക്രട്ടറിയുടെ കത്ത് (ലഭിച്ചത് 26.06.2023) (SRG/906/23)**

**വിഷയം:-** കരുണ പെയിൻ & പാലിയേറ്റീവ് കെയർ സൊസൈറ്റിക്ക് വിവിധ സൗകര്യങ്ങൾ ഒരുക്കുന്നതിന് ത്രിതല തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് സഹായം ലഭിക്കുന്നത് സംബന്ധിച്ച്

ചെങ്ങന്നൂർ കരുണ പെയിൻ & പാലിയേറ്റീവ് കെയർ സൊസൈറ്റി പാലിയേറ്റീവ് മേഖലയിലും ജീവകാരുണ്യ മേഖലയിലും വിവിധ സേവനങ്ങൾ നൽകുന്നുണ്ട്. ആരോഗ്യ മേഖലയോടൊപ്പം വീട് നിർമ്മിച്ചു നൽകുന്നതിനും സ്വന്തം സ്ഥലത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സൊസൈറ്റി പരിപാടികൾ നടപ്പാക്കുന്നുണ്ട്. സൊസൈറ്റിയുടെ നടത്തിപ്പിന് എസ്.റ്റി.പി പ്ലാന്റ്, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ആംബുലൻസ്, പാലിയേറ്റീവ് രോഗികൾക്ക് ആവശ്യമായ വിവിധ ആരോഗ്യപരിചരണ ഉപകരണങ്ങൾ, വാഷിംഗ് മെഷീൻ തുടങ്ങിയവയ്ക്ക് ധനസഹായം നൽകുന്നതിന് ത്രിതല തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

93

**4.70 <u>തണൽ - കൊടകര ബ്ലോക്ക് പഞ്ചായത്ത് സീനിയർ സിറ്റിസൺസ് വെൽഫെയർ സൊസൈറ്റി</u>**

**ബഹു. പുതുക്കാട് എം.എൽ.എയുടെ 17.07.2023 ലെ കത്തും കൊടകര ബ്ലോക്ക് പഞ്ചായത്ത് സീനിയർ സിറ്റിസൺസ് വെൽഫെയർ സൊസൈറ്റി സെക്രട്ടറിയുടെ 30.06.2023 ലെ കത്തും (SRG 977/23)**

**വിഷയം:-** തദ്ദേശഭരണസ്ഥാപനങ്ങൾ വയോജന ക്ഷേമ പ്രോജക്ടുകൾ തയ്യാറാക്കുന്നതു സംബന്ധിച്ച്.

മാർഗ്ഗരേഖ പ്രകാരം പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി വിഹിതത്തിന്റെ ആകെ തുകയുടെ കുറഞ്ഞത് 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് പരിചരണത്തിനുമായി മാറ്റി വയ്ക്കണം. ഇങ്ങനെ മാറ്റിവയ്ക്കുന്ന തുക ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സീനിയർ സിറ്റിസൺ സംഘടനകളുമായി ചർച്ച ചെയ്തു തീരുമാനമെടുക്കണമെന്ന് സർക്കാർ കർശന നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

94

4.71 <u>ദേവികുളം ഗ്രാമപഞ്ചായത്ത്</u>

**ദേവികുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.05.2023-ലെ കത്തും ദേവികുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.04.2023-ലെ 7(05)-ാം നമ്പർ തീരുമാനവും (SRG/ 1397/23)**

**വിഷയം:-** വയോജനങ്ങൾക്ക് വെള്ളം ചൂടാക്കുന്നതിന് കെറ്റിൽ വാങ്ങി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *(1) **പ്രോ.നം. 68/24*** | ***അടങ്കൽ*** | ***38,00,000 രൂപ** (എസ്.സി.പി)* |
| ***പേര്*** | **ഇലക്ട്രിക് കെറ്റിൽ വാങ്ങി നൽകൽ** | |
| *(2) **പ്രോ.നം. 70/24*** | ***അടങ്കൽ*** | *7,00,000 രൂപ* |
| ***പേര്*** | **ഇലക്ട്രിക് കെറ്റിൽ വാങ്ങി നൽകൽ** | |

ദേവികുളം ഗ്രാമപഞ്ചായത്തിൽ തണുപ്പ് മൂലം ബുദ്ധിമുട്ടുന്ന വയോജനങ്ങൾക്ക് വെള്ളം ചൂടാക്കുന്നതിന് ഇലക്ട്രിക് കെറ്റിൽ വാങ്ങി നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. പട്ടികജാതി വിഭാഗക്കാർക്കും പൊതുവിഭാഗക്കാർക്കും പ്രത്യേകമായി രണ്ട് പ്രോജക്ടാണ് എടുത്തിരിക്കുന്നത്.

95

4.72 <u>തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്</u>

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.08.2023 ലെ കത്ത് (SRG 1110/23 – CC/559/23).**

**വിഷയം:-** മാനസിക ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 34/24 | ***അടങ്കൽ*** | ***16,00,000 രൂപ*** |
| | *വികസനഫണ്ട് – ജനറൽ* | *9,00,000 രൂപ* |
| | *തനത് ഫണ്ട്* | *60,000 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *4,80,000 രൂപ* |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | *1,60,000 രൂപ* |
| ***പേര്*** | **ശാരീരിക-മാനസിക വിഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ബത്ത നൽകൽ** | |

മാനസിക വെല്ലുവിളികൾ, വളർച്ചാ സംബന്ധമായ വെല്ലുവിളികൾ, സെറിബ്രൽ പാൾസി, ഓട്ടിസം മുതലായവ നേരിടുന്നവരിൽ വിദ്യാലയങ്ങളിലോ ഡേ-കെയർ സെന്ററിലോ പോകുന്നില്ല എങ്കിലും വയസ്സു പരിഗണിക്കാതെ പ്രതിമാസം 1000 രൂപ വീതം ബത്ത നൽകാമെന്ന് പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. എന്നാൽ പതിമൂന്നാം പദ്ധതിയിലെ ധനസഹായ സബ്സിഡി മാർഗ്ഗരേഖയിൽ ഇത്തരം ഗുണഭോക്താക്കൾക്ക് 18 വയസ്സിൽ അധികരിക്കരുതെന്ന് നിഷ്കർഷിച്ചിരുന്നു. വയസ്സു പരിഗണിക്കാതെ തന്നെ പ്രതിമാസ ബത്ത നൽകാമോ എന്നു വ്യക്തത വരുത്തണമെന്ന് അറിയിച്ചിരിക്കുന്നു.

96

4.73 <u>കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത്</u>

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.09.2023 ലെ കത്തും കുന്നുമ്മേൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 18.09.2023, 12.10.2023 എന്നീ തീയതികളിലെ കത്തുകളും അനുബന്ധരേഖകളും (SRG/1338/23 –** CC/**734**/2023)

**വിഷയം:-** ഭിന്നശേഷി വിഭാഗക്കാരുടെ ക്ഷേമത്തിനുവേണ്ടിയുള്ള എനേബ്ലിംഗ് കോഴിക്കോട് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച്

| *പ്രോ.നം:* 42/24 | ***അടങ്കൽ*** | ***10,00,000/- രൂപ*** |
|---|---|---|
| | *വികസനഫണ്ട് ജനറൽ* | *7,00,000 രൂപ* |
| | *ജില്ലാപഞ്ചായത്ത് വിഹിതം* | *3,00,000 രൂപ* |
| ***പേര്*** | ***എനേബ്ലിംഗ് കോഴിക്കോട് – കുന്നുമ്മൽ CDMC ഓണറേറിയം*** | |

കോഴിക്കോട് ജില്ലയിലെ ഭിന്നശേഷി വിഭാഗക്കാരുടെ ക്ഷേമത്തിനു വേണ്ടി കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് എനേബ്ലിംഗ് കോഴിക്കോട് എന്ന പദ്ധതി എല്ലാ സി.എച്ച്.സി തലത്തിലും നടപ്പാക്കാൻ 2021-22ൽ ജില്ലാ കളക്ടർ നിർദ്ദേശിച്ചിരുന്നു. എനേബ്ലിംഗ് കോഴിക്കോട് പദ്ധതിയുടെ ഭാഗമായി കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് Community Disability Management Centre (CDMC) ലേക്ക് ഓണറേറിയം വ്യവസ്ഥയിൽ താഴെ പറയുന്നവരെ നിയമിക്കാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. 2021-22, 2022-23 വർഷം നൂതന പ്രോജക്ടായി ഇതിന് അനുമതി നൽകിയെങ്കിലും ഈ വർഷം ഈ പദ്ധതിക്ക് അനുമതി നൽകിയില്ല. താഴെ പറയും പ്രകാരമാണ് നിയമനം നടത്താൻ ഉദ്ദേശിക്കുന്നത്.

| തസ്തിക | പ്രതിമാസ വേതനം |
|---|---|
| സൈക്കോ തെറാപ്പിസ്റ്റ് | 26,400 രൂപ |
| സ്പീച്ച് തെറാപ്പിസ്റ്റ് | 26,400 |
| സ്പെഷ്യൽ എഡ്യൂക്കേറ്റർ | 17,250 രൂപ |

മുകളിൽ പറഞ്ഞ പ്രകാരം വേതനം നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

97

**4.74 <u>മീനങ്ങാടി ഗ്രാമപഞ്ചായത്ത്</u>**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.08.2023 ലെ കത്ത് (SRG 1108/23 - CC/517/23).**

**വിഷയം:-** ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് ആവശ്യത്തിനു ഇലക്ട്രിക് സ്കൂട്ടർ വാങ്ങുന്നത് സംബന്ധിച്ച്.

| *പ്രോ.നം:* 171/24 | ***അടങ്കൽ*** | ***1,50,000 രൂപ*** *(തനത് ഫണ്ട്)* |
|---|---|---|
| ***പേര്*** | **ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ഇലക്ട്രിക് സ്കൂട്ടർ വാങ്ങൽ** | |

മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് ആവശ്യത്തിന് ഒരു ഇലക്ട്രിക് സ്കൂട്ടർ വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

98

**4.75 <u>കഠിനംകുളം ഗ്രാമപഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.07.2023 ലെ കത്തുകളും (രണ്ടെണ്ണം) കഠിനംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.05.2023 ലെ 3(10)-ാം നമ്പർ തീരുമാനവും (SRG 1031/23 - CC/525/23).**

**വിഷയം:-** ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് ആവശ്യത്തിന് ഇലക്ട്രിക് മോട്ടോർ സൈക്കിൾ വാങ്ങാൻ അനുമതി സംബന്ധിച്ച്.

| *പ്രോ.നം:* 70/24 | ***അടങ്കൽ*** | ***1,75,000 രൂപ*** *(തനത് ഫണ്ട്)* |
|---|---|---|
| ***പേര്*** | **കഠിനംകുളം ഗ്രാമപഞ്ചായത്ത് ഓഫീസിന് ഇലക്ട്രിക് മോട്ടോർ സൈക്കിൾ വാങ്ങൽ** | |

ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് ഫീൽഡിൽ പോകുന്നതിനും മറ്റ് ഓഫീസുകളിൽ പോകുന്നതിനുമായി ഇലക്ട്രിക് മോട്ടോർ സൈക്കിൾ വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

99

4.76 <u>എടരിക്കോട് ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.06.2023 ലെ കത്തും എടരിക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.03.2023 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 829/23/- CC/350/23)**

**വിഷയം:-** ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 196/24 | ***അടങ്കൽ*** | ***7,50,920 രൂപ*** |
| | *തനത്ഫണ്ട്* | *1,50,000 രൂപ* |
| | *സി.എഫ്.സി റ്റൈഡ് ഗ്രാന്റ്* | *6,00,920 രൂപ* |
| ***പേര്*** | **ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ** | |

എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതിയും MCF പ്രവർത്തിക്കുന്ന വാടക കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലവും പരിഗണിച്ച് ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനത്തിനു പകരം ഡീസൽ/പെട്രോൾ വാഹനം വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

100

4.77 <u>അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്</u>

**ബഹു. ഏറനാട് എം.എൽ.എ.യുടെ 10.08.2023-ലെ കത്തും അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.08.2023-ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി യുടെ 25.04.2023-ലെ 3(9) -ാം നമ്പർ തീരുമാനവും (SRG/ 1298/23)**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്തിന് വാഹനം വാങ്ങുന്നത് സംബന്ധിച്ച്

അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉപയോഗിക്കുന്ന 2012 മോഡൽ Toyoto Etios കാർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറി പ്രസിഡന്റിനായി പുതിയ വാഹനം വാങ്ങുന്നത് സംബന്ധിച്ച്

101

4.78 <u>മാടായി ഗ്രാമപഞ്ചായത്ത്</u>

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.05.2023 ലെ കത്തും മാടായി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 09.12.2022 ലെ തീരുമാനവും (SRG 810/23 - CC/355/23)**

**വിഷയം:-** കുണ്ടായിട്ടമ്മൽ സാംസ്കാരിക നിലയത്തിന്റെ നവീകരണ പ്രവർത്തനത്തിനുള്ള പ്രോജക്ടിന്റെ അംഗീകാരം സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 117/23 | ***അടങ്കൽ*** | ***10,42,659 രൂപ*** *(എസ്.സി.പി)* |
| ***പേര്*** | **കുണ്ടായിട്ടമ്മൽ സാംസ്കാരിക നിലയം നവീകരണം** | |

മാടായി ഗ്രാമപഞ്ചായത്ത് പതിനാറാം വാർഡിൽ 2005-06 വാർഷിക പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ശ്മശാന ഭൂമിയിൽ ഈ വിഭാഗത്തിന്റെ തന്നെ ആവശ്യത്തിനായി സാംസ്കാരിക നിലയം നിർമ്മിച്ചിരുന്നു. ഈ കെട്ടിടം പുലയ സമുദായത്തിന്റെ ഭൂമിയിൽ സ്ഥിതി ചെയ്യുന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഈ കെട്ടിടത്തിന് ജീർണ്ണത സംഭവിച്ചതിനാൽ അറ്റകുറ്റപ്പണി ആവശ്യമാണ്. ഇതിനായി ഗ്രാമപഞ്ചായത്ത് കഴിഞ്ഞ വർഷം പ്രോജക്ട് ഏറ്റെടുത്തുവെങ്കിലും ആസ്തി രജിസ്റ്ററിൽ ഇല്ലാത്തതിനാൽ അംഗീകാരം ലഭിച്ചിട്ടില്ല. ഈ പ്രോജക്ട് ഈ വർഷം നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

102

4.79 <u>തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്</u>

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.06.2023 ലെ കത്ത് (SRG 910/23 - CC/405/2023, SRG 911/23 - CC/406/23)**

**വിഷയം:-** സ്റ്റേഡിയം നവീകരണത്തിനും ഖാദി കെട്ടിടം റീ വയറിംഗിനും നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

| | | | |
|---|---|---|---|
| i | ***പ്രോ.നം:*** 49/2023 | ***അടങ്കൽ*** | ***24,46,000 രൂപ*** *(മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്)* |
| | ***പേര്*** | **കൊഴൂർ നയനാർ സ്റ്റേഡിയം നവീകരണം** | |
| ii | ***പ്രോ.നം:*** 104/2023 | **അടങ്കൽ** | **3,00,000 രൂപ** (നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ) |
| | ***പേര്*** | **മേലൂർ ഖാദി കെട്ടിടം റീവയറിംഗ്** | |

തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് ഈ വർഷം നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ആയി 84.40 ലക്ഷം രൂപയാണ് ലഭിച്ചത്. ബ്ലോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളായ Agricultural Assistant Director ഓഫീസ് , സി.ഡി.പി.ഒ ഓഫീസ് (2 എണ്ണം) വാടക കെട്ടിടത്തിലും Diary Extension Office, തലശ്ശേരി മിനി സിവിൽ സ്റ്റേഷനിലും, Industrial Extension Office, Assistant Executive Engineer ഓഫീസ് എന്നിവ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലുമാണ്. സ്വന്തമായി കെട്ടിടമുള്ളത് സി.എച്ച്.സി പിണറായിക്കു മാത്രമാണ്. ഇവിടെ 19.75 കോടി രൂപയുടെ NABARD സഹായത്തോടെ സൂപ്പർ സ്പെഷ്യാലിറ്റി സെന്റർ നിർമ്മാണം നടന്നു വരുന്നു. അതിനാൽ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് മുഴുവൻ ഉപയോഗിക്കാൻ കഴിയുന്നില്ല. ഘടക സ്ഥാപനങ്ങൾക്കായി 56.94 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മുകളിൽ പറഞ്ഞ രണ്ട് പ്രോജക്ടുകൾക്ക് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

103

**4.80 <u>പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.07.2023 ലെ കത്തും പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.06.2023 ലെ 3(1)-ാം നമ്പർ തീരുമാനവും (SRG 945/23 – CC/410/23).**

**വിഷയം:-** ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ ഫർണീഷിംഗ് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:*** 112/24 | ***അടങ്കൽ*** | ***55,49,000 രൂപ*** |
| | *മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്* | ***54,74,000 രൂപ*** |
| | *തനത് ഫണ്ട്* | ***75,000 രൂപ*** |
| ***പേര്*** | **ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ ഫർണിഷിംഗ് പ്രവൃത്തികൾ – കസേരകൾ, മേശകൾ** | |

ഗ്രാമപഞ്ചായത്തിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം 3.25 കോടി രൂപയോളം മുടക്കി നടന്നുകൊണ്ടിരിക്കുകയാണ്. മറ്റു ഫണ്ടു കണ്ടെത്താൻ ബുദ്ധിമുട്ടായതിനാൽ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് ആവശ്യമായ ഫർണിച്ചറുകൾ, മറ്റു ഫർണിഷിംഗ് പ്രവൃത്തികൾ എന്നിവയ്ക്കായി നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

104

**4.81 <u>പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.2023 ലെ <u>കത്തും</u> പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 02.06.2023 ലെ <u>കത്തും</u> (SRG 885/23 – CC/376/23).**

**വിഷയം:-** പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് ക്യാബിൻ നിർമ്മാണം സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:*** 36/24 | ***അടങ്കൽ*** | ***17,00,000 രൂപ*** *(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)* |
| ***പേര്*** | **പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് 2023-24 –അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് ക്യാബിൻ** | |

പുഴയ്ക്കൽ ബ്ലോക്ക പഞ്ചായത്തിനായി പുതുതായി നിർമ്മിച്ച കെട്ടിടത്തിലേക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് മാറ്റാൻ തീരുമാനിച്ചു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ക്യാബിൻ നിർമ്മിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാനായി അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

105

4.82 <u>മാറഞ്ചേരി ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.07.2023 ലെ കത്തും അനുബന്ധരേഖകളും (SRG 1060/23 – CC/280/2023).**

**വിഷയം:-** ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാൾ ഫർണിഷിംഗ് ചെയ്യുന്നതു സംബന്ധിച്ച്.

| *പ്രോ.നം:* 16/23 | ***അടങ്കൽ*** | ***26,25,000 രൂപ*** |
|---|---|---|
| | *സി.എഫ്.സി റ്റൈഡ് ഗ്രാന്റ്* | *25,00,000 രൂപ* |
| | *തനത് ഫണ്ട്* | *1,25,000 രൂപ* |
| ***പേര്*** | **ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം** | |

മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് നവീകരണം എന്ന പേരിൽ കോൺഫറൻസ് ഹാൾ ഫർണിഷിംഗ് ജോലി കഴിഞ്ഞവർഷം നടത്തി. മരത്തടിയിലധിഷ്ഠിതമായ ഫർണിഷിംഗ് പ്രവൃത്തിയാണ് നടത്തിയത്. ഫർണിഷിംഗിനോടൊപ്പം ഫാൻ, എ.സി, സൗണ്ട് സിസ്റ്റം അടക്കമുള്ളവയും സ്ഥാപിച്ചു. SIDCO –യെ ഈ പ്രവൃത്തികൾ ഏല്പിച്ചത് ക്രമപ്രകാരമാണോ എന്ന് അവ്യക്തത ഉള്ളതിനാൽ ബിൽതുക നൽകിയിട്ടില്ല. ബിഡിംഗിൽ ARTCO യും SIDCOയും ഉണ്ടായിരുന്നു. അതിനുശേഷമാണ് SIDCO –യെ പ്രവൃത്തി ഏല്പിച്ചത്. നടപ്പാക്കിയ പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വാല്യുവേഷൻ തുക 21,83,915 രൂപ. SIDCO – യെ പ്രവൃത്തി ഏല്പിച്ചതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

106

4.83 <u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത്</u>

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.09.2023 ലെ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 12.09.2023 ലെ കത്തും (SRG 1284/23 – CC/698/23).**

**വിഷയം:-** എ.ബി.സി കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതു സംബന്ധിച്ച്

| *പ്രോ.നം:* 121/24 | ***അടങ്കൽ*** | ***1,00,00,000 രൂപ*** |
|---|---|---|
| | *വികസനഫണ്ട് – ജനറൽ* | *30,00,000 രൂപ* |
| | *ഗ്രാമപഞ്ചായത്ത് വിഹിതം* | *70,00,000 രൂപ* |
| ***പേര്*** | **എ.ബി.സി കേന്ദ്രം കെട്ടിട നിർമ്മാണം** | |

പത്തനംതിട്ട ജില്ലയിൽ കടപ്രയിൽ മൃഗസംരക്ഷണ വകുപ്പിന്റെ 18.62 ആർ ഭൂമിയിൽ എ.ബി.സി കേന്ദ്രം നിർമ്മിക്കാനായി മൃഗസംരക്ഷണവകുപ്പ് അനുമതി നൽകിയിട്ടുണ്ട്. എ.ബി.സി സംബന്ധിച്ച് സർക്കാർ ഉത്തരവു പ്രകാരം എ.ബി.സി കേന്ദ്രങ്ങൾ നിർമ്മിക്കേണ്ടത് തദ്ദേശഭരണസ്ഥാപനത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗമാണ്. എന്നാൽ തദ്ദേശസ്വയം ഭരണവകുപ്പ് എഞ്ചിനീയറുടെ ജോലി ഭാരം കണക്കിലെടുത്ത് ഇവിടെ നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടം പ്രീ ഫാബ്രിക്കേറ്റഡ് സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന അക്രഡിറ്റഡ് ഏജൻസി മുഖേന നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു. ഈ രീതിയിൽ നിർമ്മാണം നടത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

107

**4.84 കാസർഗോഡ് ജില്ലാ പഞ്ചായത്ത്**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.10.2023-ലെ കത്തും കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 12.10.2023-ലെ** E1 – 2533/23-ാം **നമ്പർ കത്തും (SRG/** 1393/**23)**

**വിഷയം:-** ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 227/24 | ***അടങ്കൽ*** | *70,00,000 രൂപ (വികസനഫണ്ട് ജനറൽ – 45,00,000 രൂപ )* |
| | | ***തനത് ഫണ്ട് – 25,00,000)*** |
| ***പേര്*** | **സ്വന്തമായി സ്ഥലം ഉള്ള അംഗീകൃത ലൈബ്രറികൾക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം നൽകൽ** | |

കാസർഗോഡ് ജില്ലയിൽ ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള 450 ലൈബ്രറികൾ ഉണ്ട്. ഇവയിൽ 200 ലൈബ്രറികൾക്ക് സ്വന്തമായി കെട്ടിടമില്ല. സ്വന്തമായി സ്ഥലം ഉള്ളതും കെട്ടിടം നിർമ്മിക്കാൻ സന്നദ്ധരായതുമായ 7 ലൈബ്രറികൾക്ക് 10 ലക്ഷം രൂപ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു. ലൈബ്രറി കമ്മിറ്റികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റും പ്ലാനും അനുസരിച്ച് 4 ഘട്ടമായി കെട്ടിട നിർമ്മാണം പൂർത്തിയാക്കാനും ഓരോ ഘട്ടത്തിന്റേയും വാല്യുവേഷൻ അനുസരിച്ച് ഘട്ടംഘട്ടമായി ലൈബ്രറി കമ്മിറ്റിക്ക് തുക നേരിട്ട് നൽകാനുമാണ് ഉദ്ദേശിക്കുന്നത്. ഈ രീതിയിൽ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

108

**4.85 തൂണേരി ബ്ലോക്ക് പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2023 ലെ കത്തും തൂണേരി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 28.04.2023 ലെ 4/1-ാം നമ്പർ തീരുമാനവും (SRG 1174/23 – CC/320/23).**

**വിഷയം:-** സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ നിർമ്മാണ പ്രവർത്തനത്തിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 102/24 | ***അടങ്കൽ*** | ***96,48,000 രൂപ*** *(നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ്)* |
| ***പേര്*** | **വളയം സി.എച്ച്.സി മുകൾ നില നവീകരിക്കൽ** | |

തൂണേരി ബ്ലോക്ക പഞ്ചായത്തിന്റെ വളയം സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി സി.എച്ച്.സിയുടെ മുകളിലത്തെ നിലയിൽ പുതിയ നിർമ്മാണ പ്രവൃത്തി നടത്തുന്നതിനു നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

109

**4.86 തൂണേരി ബ്ലോക്ക് പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2023 ലെ കത്തും തൂണേരി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 28.04.2023 ലെ 4/2-ാം നമ്പർ തീരുമാനവും (SRG/1175/23 – CC/321/23).**

**വിഷയം:-** നാദാപുരം താലൂക്കാശുപത്രിയിൽ മുകളിലത്തെ നിലയിൽ നിർമ്മാണ പ്രവർത്തനത്തിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 101/24 | ***അടങ്കൽ*** | ***90,00,000 രൂപ*** *(നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ്)* |
| ***പേര്*** | **നാദാപുരം താലൂക്കാശുപത്രി മുകൾനില നവീകരിക്കൽ** | |

ത്തുണേരി ബ്ലോക്ക പഞ്ചായത്തിലെ നാദാപുരം താലൂക്കാശുപത്രിയുടെ മുകൾ നിലയിൽ നിർമ്മാണ പ്രവർത്തനത്തിനാണ് പ്രോജക്റ്റ്. നിലവിൽ മേൽക്കൂര ഇരുമ്പു പൈപ്പും ഇരുമ്പ് ഷീറ്റും കൊണ്ടുമുള്ളതാണ്. ഇതിനു പകരം കോൺക്രീറ്റ് തൂൺ സ്ഥാപിച്ച് സ്ഥിരമായ മേൽക്കൂര സ്ഥാപിക്കാനായി നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

110 4.87 <u>തൂണേരി ബ്ലോക്ക് പഞ്ചായത്ത്</u>

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.09.2023 ലെ കത്തും തൂണേരി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കുറിപ്പും തൂണേരി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 28.04.2023 ലെ 1/2-ാം നമ്പർ തീരുമാനവും (SRG/1330/23 - CC/319/23).**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്തിന്റെ സ്ത്രീ കേന്ദ്രത്തിന്റെ മുകളിലത്തെ നിലയിൽ വനിതാ ജീവനക്കാർക്ക് താമസസൗകര്യമൊരുക്കുന്നതു സംബന്ധിച്ച്.

| *പ്രോ.നം:* 104/23 | ***അടങ്കൽ*** | *10,00,000 രൂപ (നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ്)* |
|---|---|---|
| ***പേര്*** | **ബ്ലോക്ക് പഞ്ചായത്ത് സ്ത്രീകേന്ദ്രം മുകൾനില നവീകരിക്കൽ** | |

തൂണേരി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ച് വനിതകൾക്ക് വിശ്രമിക്കാനും മറ്റും ഒരു സ്ത്രീ കേന്ദ്രമുണ്ട്. ഇതിന് മുകളിലത്തെ നില ഷീറ്റ് മേൽക്കൂര സ്ഥാപിച്ച് നവീകരിക്കാനാണ് പ്രോജക്റ്റ്. ഇങ്ങനെ കെട്ടിടം നവീകരിച്ച് ബ്ലോക്ക് പഞ്ചായത്തിലെയും ഘടകസ്ഥാപന ങ്ങളിലെയും വനിതാ ജീവനക്കാർക്ക് സുരക്ഷിത താമസസൗകര്യം ഒരുക്കാൻ ഉദ്ദേശിക്കുന്നു. ഇപ്രകാരം താമസസൗകര്യമൊരുക്കുന്നതിനുള്ള നവീകരണ പ്രവർത്തനത്തിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

111 4.88 <u>കുത്തിയതോട് ഗ്രാമപഞ്ചായത്ത്</u>

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.06.2023 ലെ കത്തും കുത്തിയതോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.05.2023 ലെ 6(2)-ാം നമ്പർ തീരുമാനവും (SRG 913/23 - CC/369/2023)**

**വിഷയം:-** പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് വാട്ടർ ടാങ്ക് നൽകുന്നതു സംബന്ധിച്ച്.

കുത്തിയതോട് ഗ്രാമപഞ്ചായത്തിലെ ഒമ്പതാം വാർഡിൽ കലിയത്ത് കോളനിയിൽ 13 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്. ഇവർക്ക് 2018-19 ൽ വാട്ടർടാങ്ക് നൽകിയിരുന്നു. ഇത് KWAയുടെ കുടിവെള്ളം ശേഖരിക്കുന്നതിനു പര്യാപ്തമല്ല എന്നറിയിച്ചുകൊണ്ട് ഇവർക്ക് വീണ്ടും വാട്ടർ ടാങ്ക് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

112 4.89 <u>ഏലപ്പാറ ഗ്രാമപഞ്ചായത്ത്</u>

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.08.2023 ലെ കത്തും (SRG 1070/23 - CC/490/23).**

**വിഷയം:-** പൊതുടാപ്പുകളുടെ കുടിവെള്ള ചാർജ്ജിന്റെ കുടിശ്ശിക അടയ്ക്കുന്നതു സംബന്ധിച്ച്.

| *പ്രോ.നം:* 108/23 | ***അടങ്കൽ*** | *17,00,000 രൂപ (സി.എഫ്.സി. റ്റൈഡ് ഗ്രാന്റ്)* |
|---|---|---|
| ***പേര്*** | **പൊതുടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക നൽകൽ** | |

ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ കുടിവെള്ള ചാർജ്ജിന്റെ കുടിശ്ശികയായി 26,66,299 രൂപയുടെ ഒറ്റത്തവണ സെറ്റിൽമെന്റ് പ്രകാരം 19.00 ലക്ഷം രൂപയായി KWA കുറവു ചെയ്തു നൽകിയിട്ടുണ്ട്. ഈ തുക 31.07.2023 ന് മുമ്പ് അടയ്ക്കണമായിരുന്നു. കുടിവെള്ള ചാർജ്ജിന്റെ കുടിശ്ശിക അടയ്ക്കുന്നതിന് ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

113 **4.90 പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.09.2023 ലെ കത്തും പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 14.09.2023 ലെ BOPKL-TSR/509/2023-B നമ്പർ കത്തും അനുബന്ധരേഖകളും (SRG/1329/23 - CC/707/23).**

**വിഷയം:-** ശാന്തി മന്ദിരം കുടിവെള്ള പദ്ധതിക്ക് ഫിൽറ്റർ സിസ്റ്റം സ്ഥാപിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 136/23 | ***അടങ്കൽ*** | ***2,09,000 രൂപ*** *(CFC Tied Grant)* |
| ***പേര്*** | **ശാന്തി മന്ദിരം കുടിവെള്ള പദ്ധതി - ഫിൽറ്റർ സ്ഥാപിക്കലും അനുബന്ധ പ്രവർത്തനങ്ങളും.** | |

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിലെ തോളൂർ ഗ്രാമപഞ്ചായത്തിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മുഖേന ശാന്തി മന്ദിരം കുടിവെള്ള പദ്ധതി പൂർത്തിയായി. ഇവിടെ ലഭ്യമായ വെള്ളം ചെളികലർന്നതാകയാൽ (ടർബിഡിറ്റി ലെവൽ കൂടുതൽ) ജലം ശുദ്ധീകരിക്കേണ്ടതുണ്ട്. അതിനായി ഫിൽറ്റർ സ്ഥാപിക്കണം. ഗ്രൗണ്ട് വാട്ടർ വകുപ്പും കേരള വാട്ടർ അതോറിറ്റിയും ഈ പ്രവൃത്തി ഏറ്റെടുത്തില്ല. അതിനാൽ ജലനിധിയെ സമീപിക്കുകയും എസ്റ്റിമേറ്റ് ലഭിക്കുകയും ചെയ്തു. ജലനിധി മുഖേന ഫിൽറ്ററും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കാൻ തുക ജലനിധിക്ക് ഡിപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകണമെന്നും ഇതിനുള്ള സൗകര്യം 'സുലേഖ' സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

114 **4.91 ദേവികുളം ബ്ലോക്ക് പഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.2023-ലെ കത്ത് (SRG/ 1304/23 - CC/789/2023)**

**വിഷയം:-** ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ സോളാർ ലാമ്പ് വിതരണം ചെയ്യുന്നത് സംബന്ധിച്ച്

ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ കുടുംബങ്ങൾക്ക് ദേവികുളം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നേരിട്ട് സോളാർ ലാമ്പ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള പ്രോജക്റ്റ് തയ്യാറാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

115 **4.92 കാറളം ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.07.2023 ലെ കത്തും കാറളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.02.2023 ലെ 29(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG 1011/23 - CC/190/23).**

**വിഷയം:-** കുടുംബശ്രീ യൂണിറ്റിൽ നിന്നും LED ലൈറ്റുകൾ വാങ്ങുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 160/23 (പുതിയ നമ്പർ 145/24) | ***അടങ്കൽ*** | ***60,000 രൂപ*** *(വികസനഫണ്ട് -ജനറൽ)* |
| ***പേര്*** | **കാറളം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീയിൽ നിന്നും LED ബൾബ് വാങ്ങൽ** | |

കാറളം ഗ്രാമപഞ്ചായത്തിൽ സൂര്യപ്രഭ LED യൂണിറ്റ് എന്ന പേരിൽ ഒരു സംരംഭക യൂണിറ്റ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. RAY-2 എന്ന പേരിൽ ബൾബ് നിർമ്മിച്ചു വിതരണം ചെയ്യാനുള്ള തയ്യാറെടുപ്പിലാണ്. 06.09.2018 ലെ 2385/2018/LSGD നമ്പർ ഉത്തരവു പ്രകാരം കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള ബൾബ് നിർമ്മാണം / സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ്

യൂണിറ്റുകളിൽ നിന്ന് ടെണ്ടർനടപടി കൂടാതെ LED ബൾബുകൾ വാങ്ങുന്നതിനും സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വർക്കുകൾ ഈ യൂണിറ്റുകളെ ഏല്പിക്കുന്നതിനും അനുമതിയുണ്ട്. മുകളിൽ പറഞ്ഞ ഉത്തരവിൽ ഓരോ ജില്ലകളിലേയും അംഗീകരിച്ച കുടുംബശ്രീ യൂണിറ്റുകളുടെ പേര് പറഞ്ഞിട്ടുണ്ട്. പുതിയ യൂണിറ്റായതിനാൽ മുകളിൽ പറഞ്ഞ യൂണിറ്റിന്റെ പേര് ഉത്തരവിൽ ഇല്ല. ഈ യൂണിറ്റിന്റെ ഗുണനിലവാര പരിശോധന നടത്തി തൃശ്ശൂർ ഗവ.എഞ്ചിനീയറിംഗ് കോളേജിൽ നിന്നു സാക്ഷി പത്രം ലഭിച്ചിട്ടുണ്ട്.

ഈ യൂണിറ്റിൽ നിന്ന് ടെണ്ടർ ഒഴിവാക്കി LED ബൾബ് വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

116

**4.93 തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.2023 ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 16.05.2023 ലെ തീരുമാനവും (SRG/886/23 - CC/393/23).**

**വിഷയം:-** തൃശ്ശൂർ ജില്ലയിൽ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച്

തൃശ്ശൂർ ജില്ലയിൽ താഴെ പറയുന്ന പ്രദേശങ്ങളിൽ മിനിമാസ്റ്റ് / ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വിഹിതം |
|---|---|---|---|
| 1 | 37/24 | എരുമപ്പെട്ടി ഡിവിഷനിലെ എരുമപ്പെട്ടി കടങ്ങോട് വേലൂർ ഗ്രാമപഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് | 20,00,000 - CFC Basic Grant |
| 2 | 45/24 | കൈപറമ്പ് അടാട്ട് തോളൂർ അരിമ്പൂർ ഗ്രാമപഞ്ചായത്തുകളിൽ മിനിമാസ്റ്റ് ലൈറ്റ് | 10,00,000 - (S.C.P) |
| 3 | 53/24 | കടപ്പുറം ഡിവിഷനിൽ വിവിധ പട്ടികജാതി സങ്കേതങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് | 20,00,000 -(S.C.P) |
| 4 | 54/24 | തിരുവില്ല്വാമല ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് | 10,00,000 - (S.C.P) |
| 5 | 106/24 | ആമ്പല്ലൂർ ഡിവിഷനിലെ ജില്ലാ പഞ്ചായത്ത് റോഡുകളിൽ ഹൈമാസ്റ്റ് - മിനി മാസ്റ്റ് ലൈറ്റുകൾ | 8,00,000 - (CFC Basic Grant) |
| 6 | 130/24 | പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് വാർഡ് 6 - കുനത്തയിൽ എസ്.സി കോളനി സമഗ്രവികസനം - മിനിമാസ്റ്റ് ലൈറ്റ് | 10,00,000 - (S.C.P) |
| 7 | 140/24 | എടത്തിരുത്തി ഗ്രാമപഞ്ചായത്ത് - വാർഡ് 16- കമ്പളാം പറമ്പ് സെന്റർ സർഹാർ റോഡിന്റെ തുടക്കത്തിൽ ഹൈമാസ്റ്റ് ലൈറ്റ് | 3,00,000 - (CFC Basic Grant) |

**4.94 പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്**

117

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.06.2023 ലെ കത്തും പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.05.2023 ലെ 1(1)-ാം നമ്പർ തീരുമാനവും (SRG 868/23 - CC/372/2023)**

**വിഷയം:-** നിലാവ് പദ്ധതി - തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച്.

| പ്രോ.നം: 156/23 | അടങ്കൽ | 98,000 രൂപ (വികസനഫണ്ട് – ജനറൽ) |
| --- | --- | --- |
| പേര് | നിലാവ് പദ്ധതി – എ.എം.സി | |

പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിൽ നിലാവ് പദ്ധതി പ്രകാരം 500 എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലാവ് പദ്ധതി പ്രകാരം ഏഴു വർഷത്തെ വാറന്റി സമയത്തിനകം കേടാവുന്ന എൽ.ഇ.ഡി ലൈറ്റുകൾക്ക് പകരം ലൈറ്റുകൾ അനുവദിക്കുകയും ഇത് മാറ്റി ഇടുന്നതടക്കമുള്ള പരിപാലനം KSEB മുഖേനയോ മറ്റു സർവ്വീസ് കരാറുകാരൻ മുഖേനയോ നടപ്പിലാക്കാവുന്നതാണെന്ന് സർക്കുലർ ഉണ്ട്. (26.10.2022 ലെ EWB 1/101/2022/തസ്വഭവ) പരിപാലന ചുമതല KSEBയെയാണ് ഏല്പിക്കുന്നതെങ്കിൽ ഓരോ ലൈറ്റ് മാറ്റി സ്ഥാപിക്കുന്നതിന് 166 രൂപ + 18 ശതമാനം GST ആയി KSEB ക്ക് നൽകണം. ഇതനുസരിച്ച് 500 ലൈറ്റുകൾക്കുള്ള തുക (500x166+18% GST) യായ 98,000 രൂപ KSEB ക്ക് അടച്ചു. KSEB ക്ക് സ്റ്റാഫില്ല എന്ന് അറിയിച്ചുകൊണ്ട് ഈ തുക തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണമെന്ന് ഇപ്പോൾ KSEB അറിയിച്ചിട്ടുണ്ട്. ഈ വിഷയം പരിഹരിക്കണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരിക്കുന്നു.

സ്ട്രീറ്റ് ലൈറ്റ് അറ്റക്കുറ്റപ്പണിക്ക് ഗ്രാമപഞ്ചായത്ത് ടെണ്ടർ ചെയ്യുമ്പോൾ ഒരു വർഷത്തേക്ക് പോസ്റ്റിൽ കയറി അറ്റകുറ്റപ്പണിയ്ക്കുള്ള തുകയ്ക്കാണ് ടെണ്ടർ ക്ഷണിക്കുന്നത്. എത്ര പ്രാവശ്യം പോസ്റ്റിൽ കയറിയാലും കൂടുതൽ നിരക്ക് നൽകേണ്ടതില്ല. മുകളിൽ പറഞ്ഞ 26.01.2022 ലെ സർക്കുലർ പ്രകാരം ഒരു പ്രാവശ്യം പോസ്റ്റിൽ കയറുന്നതിനുള്ള നിരക്കാണ് Rs.166+18 ശതമാനം GST തുക എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്ത് മറ്റ് ഏജൻസികളെ റിപ്പയറിംഗ് ഏല്പിച്ചാൽ വലിയ നഷ്ടം വരുമെന്ന് മാത്രമല്ല എത്ര പ്രാവശ്യം പോസ്റ്റിൽ കയറി എന്ന് നോക്കുക പ്രായോഗികമല്ല എന്നു ചൂണ്ടികാണിച്ച് KSEB തന്നെ അറ്റകുറ്റപ്പണി നടത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**118**

**4.95 <u>കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.08.2023 ലെ കത്തും കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.07.2023 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 1064/23- CC/489/23)**

**വിഷയം:** തെരുവു വിളക്കിന്റെ അറ്റകുറ്റപ്പണിക്ക് കരാറടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിക്കുന്നതു സംബന്ധിച്ച്.

തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ടെണ്ടറിലൂടെ ഏജൻസിയെ കണ്ടെത്തി പ്രവൃത്തി ഏല്പിക്കുന്നതിനു പകരം കരാറടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിച്ച് അറ്റകുറ്റപ്പണി നടത്താൻ ഉദ്ദേശിക്കുന്നു. 50 വിളക്കുകളെങ്കിലും ഒരു സമയം റിപ്പയർ ചെയ്യുവാൻ ലഭിച്ചാൽ മാത്രമേ ടെണ്ടറിലൂടെ കണ്ടെത്തുന്ന ഏജൻസിക്കു ലാഭകരമാകു എന്ന് ഗ്രാമപഞ്ചായത്ത് ചൂണ്ടി കാണിച്ചിരിക്കുന്നു. അതിനാൽ കരാറടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**119**

**4.96 <u>പുറക്കാട് ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.06.2023 ലെ കത്ത് (SRG 912/23 - CC/413/2023)**

**വിഷയം:-** തെരുവു വിളക്കുകളുടെ പരിപാലനത്തിന് ദിവസ വേതനാടിസ്ഥാനത്തിൽ ആളുകളെ നിയമിക്കുന്നതു സംബന്ധിച്ച്.

തെരുവു വിളക്കുകളുടെ പരിപാലന ചുമതലയുള്ള ഏജൻസികൾ കൃത്യമായി അറ്റകുറ്റപ്പണി നടത്തുന്നില്ല. ഓരോ വർഷവും 5.00 ലക്ഷം രൂപയോളം ഇതിന് ചെലവു വരുന്നു. ഇതിനു പകരം ദിവസവേതനാടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

120 **4.97 മങ്കട ബ്ലോക്ക് പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.08.2023 –ലെ കത്ത് (SRG/1196/23 – CC /572/2023))**

**വിഷയം:-** വിവിധ പട്ടികജാതി സങ്കേതങ്ങളിൽ മിനി മാസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 162/24 | ***അടങ്കൽ*** | ***22,00,000 രൂപ (എസ്.സി.പി))*** |
| ***പേര്*** | **മങ്കട ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ എസ്.സി. കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ** | |

മങ്കട ബ്ലോക്ക് പഞ്ചായത്തിലെ മൂർക്കനാട്, പുഴക്കാട്ടിരി, കുറവ, മക്കരപ്പറമ്പ്, എന്നീ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി സങ്കേതങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് മിനി മാസ്റ്റ് സ്ഥാപിക്കാൻ പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. മിനി മാസ്റ്റിന്റെ ഭാവിയിലെ കറന്റ് ചാർജ്ജടക്കമുള്ള മെയിന്റനൻസ് അതത് ഗ്രാമപഞ്ചായത്ത് വഹിക്കുമെന്നറിയിച്ചിട്ടുണ്ട്. ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

121 **4.98 മുളവുകാട് ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2023 ലെ കത്തുകളും (2 എണ്ണം) മുളവുകാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.08.2023 ലെ 2(1)–ാം നമ്പർ തീരുമാനവും (SRG /1180/23 – CC/595/23).**

**വിഷയം:-** വിവിധ ഭവന പദ്ധതികളുടെ ഭാഗമായി ബാങ്കിലുള്ള തുക ലൈഫ് ഭവന പദ്ധതിക്ക് ഉപയോഗിക്കുന്നതു സംബന്ധിച്ച്.

മുളവുകാട് ഗ്രാമപഞ്ചായത്ത് 2002-03 ൽ ആരംഭിച്ച ജനകീയ ഭവന പദ്ധതിയിൽ യൂണിയൻ ബാങ്ക് അക്കൗണ്ടിൽ 1,81,811 രൂപ ബാക്കിയുണ്ട്. 2008-09 വർഷത്തിലെ BSUP ഭവന പദ്ധതിയുടെ ഭാഗമായി കാനറ ബാങ്കിൽ 54,03,444 രൂപ ബാക്കിയുണ്ട്. ആകെ 55,85,255 രൂപ. ഏതാനും ഗുണഭോക്താക്കൾ പണി ആരംഭിക്കാത്തതിനാലും ആദ്യ ഗഡുക്കൾ വാങ്ങിയതിന് ശേഷം പണിപൂർത്തിയാക്കാതെ വന്നതിനാലും പലിശ ഇനത്തിലുമാണ് തുക ബാക്കി വന്നത്. ഈ അക്കൗണ്ടിലെ തുകയുമായി ബന്ധപ്പെട്ട യാതൊരു ബാധ്യതയും നിലവിലില്ല എന്നറിയിച്ചിട്ടുണ്ട്. ഈ തുക ഈ വർഷത്തെ ലൈഫ് ഭവന പദ്ധതിക്ക് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

122 **4.99 എടവക ഗ്രാമപഞ്ചായത്ത്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.08.2023–ലെ കത്തും എടവക ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.05.2023–ലെ 11(1)–ാം നമ്പർ തീരുമാനവും 30.06.2023 –ലെ 6(5)–ാം നമ്പർ തീരുമാനവും (SRG/ 1109/23 – CC/521/23).**

**വിഷയം:-** പത്മശ്രീ ജേതാവായ ശ്രീ. ചെറുവയൽ രാമന് വീട് നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 397/24 | ***അടങ്കൽ*** | ***2,00,000 രൂപ (TSP)*** |
| ***പേര്*** | **സമഗ്ര കോളനി വികസനം** | |

പാരമ്പര്യ നെൽവിത്തുകളുടെ സംരക്ഷകനും പ്രചാരകനുമാണ് പത്മശ്രീ ജേതാവായ ശ്രീ. ചെറുവയൽ രാമൻ. ശ്രീ.ചെറുവയൽ രാമൻ ഇപ്പോൾ താമസിക്കുന്ന വീടിന് നൂറു

വർഷത്തിലധികം പഴക്കമുണ്ട്. പുരസ്കാരങ്ങൾ സൂക്ഷിക്കാനും വീട്ടിലുള്ളവർക്ക് താമസിക്കാനും മതിയായ സൗകര്യം ഇവിടെയില്ല. ലൈഫ് ഭവന പദ്ധതിയടക്കമുള്ള ഭവനപദ്ധതിയിലൊന്നും ഇദ്ദേഹം ഉൾപ്പെട്ടിട്ടില്ല. കുറിച്യ സമുദായാംഗമായ ശ്രീ. ചെറുവയൽ രാമൻ നിലവിൽ താമസിക്കുന്ന വീട് കൂട്ടുകുടുംബ വ്യവസ്ഥയിലുള്ള സ്ഥലത്താണ്. സ്ഥല സംബന്ധമായി കോടതി വ്യവഹാരങ്ങൾ കാരണം ഇവിടെ വീടു നിർമ്മിക്കുന്നതിന് സാധിക്കുകയില്ല. അതിനാൽ സമഗ്ര കോളനി വികസനം പദ്ധതിയിലെ 20.00 ലക്ഷം രൂപ ഉപയോഗിച്ച് സ്ഥലം വാങ്ങി കേരളീയ പൈതൃക മാതൃകയിലുള്ള വീട് നിർമ്മിച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

123

4.100 <u>ദേവികുളം ബ്ലോക്ക് പഞ്ചായത്ത്</u>

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.2023-ലെ കത്തും ദേവികുളം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 20.09.2023-ലെ 7(2)-ാം നമ്പർ തീരുമാനവും (SRG/ 1303/23 - CC/797/2023)**

**വിഷയം:-** ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്

ഭൂരഹിത ഭവന രഹിത ലൈഫ് ഗുണഭോക്താക്കൾക്കും ഭൂരഹിതരായ മറ്റു കുടുംബങ്ങൾക്കും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഭൂമി വാങ്ങി നല്കാൻ പ്രോജക്റ്റ് തയ്യാറാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

124

4.101 <u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>

**മലപ്പുറം ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ 01.07.2023 ലെ DP/MPM/12/2023-ാം നമ്പർ കത്ത് (SRG 937/23)**

**വിഷയം:-** ജില്ലാപഞ്ചായത്ത് അംഗങ്ങൾക്ക് പ്രത്യേക യാത്രാബത്ത അനുവദിക്കുന്നത് സംബന്ധിച്ച്

ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്ക് താമസസ്ഥലത്തു നിന്ന് ജില്ലാപഞ്ചായത്ത് ഓഫീസിലേക്കുള്ള ദൂരം കണക്കാക്കി നിലവിലെ യാത്രാബത്തക്കുപുറമേ ഒരു നിശ്ചിത തുക പ്രത്യേക ബത്തയായി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

125

4.102 <u>തിരുവനന്തപുരം കോർപ്പറേഷൻ</u>

**ബഹു. തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 25.05.2023 ലെ A3/7/2022/HREDC നമ്പർ കത്തും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 25.05.2023 ലെ A3/7/2022/HREDC നമ്പർ കത്തും അനുബന്ധരേഖകളും (SRG 1097/23).**

**വിഷയം:-** നഗരസഭയിലെ ജനന/മരണ/വിവാഹ രജിസ്റ്ററുടെ ഡിജിറ്റൈസേഷനു വേണ്ടിയുള്ള ഡേറ്റാ എൻട്രി ചാർജ്ജ് വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച്

തിരുവനന്തപുരം കോർപ്പറേഷന്റെ ജനന/മരണ/വിവാഹ രജിസ്ട്രേഷനുകളുടെ 1979 നു മുമ്പുള്ള റിക്കാർഡുകളുടെ ഡിജിറ്റൈസേഷൻ കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള HREDC മുഖേന നടന്നുവരികയാണ്. ഈ രേഖകളുടെ കമ്പ്യൂട്ടറൈസേഷനുള്ള നിരക്ക് 04.05.2012 - ലെ 1021/IBI/2012/തസ്വഭവ ഉത്തരവു പ്രകാരം നിശ്ചയിച്ചതാണ്. 2012 ൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ദിവസവേതനം 350 രൂപയായിരുന്നത് നിലവിൽ 755 രൂപയായി. ഈ സാഹചര്യത്തിൽ 2012-ൽ നിശ്ചയിച്ച രേഖകളുടെ കമ്പ്യൂട്ടറൈസേഷൻ നിരക്കും വർദ്ധിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

2012 ൽ നിശ്ചയിച്ച നിരക്കും പുതുതായി നിശ്ചയിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്ന നിരക്കും താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | ഇനം | 2012 ൽ നിശ്ചയിച്ച നിരക്ക് (ഒരെണ്ണത്തിന് ) | ഇപ്പോൾ ആവശ്യപ്പെടുന്ന നിരക്ക് (ഒരെണ്ണത്തിനു) |
|---|---|---|---|
| 1 | (i) ജനന/മരണ ഹിന്ദു വിവാഹ ഡേറ്റാ എൻട്രി ചാർജ്ജ് | 6.00 രൂപ | 10.00 രൂപ |
| | (ii) ജീവനക്കാരുടെ പരിശോധന, ഓണറേറിയം, മറ്റു ചെലവുകൾ | 2.00 രൂപ | 4.00 രൂപ |
| 2 | (i) പൊതുവിവാഹ ഡാറ്റാ എൻട്രി ചാർജ്ജ് | 7.50 രൂപ | 12.00 രൂപ |
| | (ii) ജീവനക്കാരുടെ പരിശോധന, ഓണറേറിയം, മറ്റുചെലവുകൾ | 2.50 രൂപ | 5.00 രൂപ |

126 **4.103 ളാലം ബ്ലോക്ക് പഞ്ചായത്ത്**

**ളാലം ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റിന്റെ 12.06.2023 ലെ BPLLM-S-067/2023-B നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023 ലെ യോഗ തീരുമാനവും (ഖണ്ഡിക 4.117) ടൂറിസം കോട്ടയം ഡെപ്യൂട്ടി ഡയറക്ടറുടെ 31.05.2023 ലെ DTKP 385/2023-ാം നമ്പർ കത്തും (SRG 877/23).**

**വിഷയം:-** കരൂർ ഗ്രാമപഞ്ചായത്തിൽ സെന്റ് തോമസ് മൗണ്ട് ഭാഗത്ത് - ടൂറിസം പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 67/23 | ***അടങ്കൽ*** | ***15,00,000 രൂപ*** |
| | *അവാർഡ് തുക* | ***10,00,000 രൂപ*** |
| | *തനത് ഫണ്ട്* | ***5,00,000 രൂപ*** |
| ***പേര്*** | **കരൂർ പഞ്ചായത്ത് സെന്റ് തോമസ് മൗണ്ട് ഭാഗത്ത് ടൂറിസം പദ്ധതി** | |

ബ്ലോക്ക് പഞ്ചായത്തിലെ കരൂർ ഗ്രാമപഞ്ചായത്തിലെ സെന്റ് തോമസ് മൗണ്ട് ഭാഗത്ത് ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് 6 സെന്റ് സ്ഥലം വാങ്ങാൻ ഉദ്ദേശിക്കുന്നു. ഈ പ്രദേശത്ത് ഹിൽവ്യൂ പോയിന്റ്, ടോയിലറ്റ്, കോഫിഷോപ്പ്, ചെറിയ പാർക്ക് തുടങ്ങിയ നിർമ്മാണ പ്രവൃത്തികളും നടപ്പാക്കാനുദ്ദേശിക്കുന്നു. ഈ പ്രോജക്ടിനുള്ള അംഗീകാരം കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023 ലെ യോഗം പരിശോധിക്കുകയും ഇതു സംബന്ധിച്ച് കോട്ടയം ടൂറിസം ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് സഹിതം വിശദാംശങ്ങൾ ഉൾപ്പെടുത്തി നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു. ടൂറിസം വകുപ്പിൽ നിന്നു വിഹിതം ലഭിക്കാൻ സാധ്യതയുണ്ടോ എന്നും റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് ടൂറിസം ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് സഹിതം നൽകിയിട്ടുണ്ട്.

<u>**ടൂറിസം ഡയറക്ടറുടെ റിപ്പോർട്ട്**</u>:- സെന്റ് തോമസ് മൗണ്ട് ഭാഗത്ത് സഞ്ചാരികൾ എത്തിച്ചേരുന്ന മനോഹരമായ പ്രദേശങ്ങൾ പള്ളിയുടെ കൈവശാവകാശത്തിലുള്ളതാണ്. ഇവിടെ നിർമ്മാണ പ്രവൃത്തികൾക്ക് പള്ളി സ്ഥലം വിട്ടുതരില്ല. ആയതിനാൽ ഡെസ്റ്റിനേഷൻ ചലഞ്ച് സ്കീമിൽപ്പെടുത്തി ഒരു ടൂറിസം പദ്ധതി ഇവിടെ ആവിഷ്കരിക്കാൻ കഴിയില്ല. എന്നാൽ പള്ളി ഗേറ്റിനു പുറത്ത് സ്വകാര്യ വ്യക്തിയുടെ സ്ഥലം ഗ്രാമപഞ്ചായത്തു വാങ്ങി സഞ്ചാരികൾക്കാവശ്യമായ സൗകര്യങ്ങളും സേവനങ്ങളും ഏർപ്പെടുത്താവുന്നതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

127 **4.104 മലയിൻകീഴ് ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.07.2023 ലെ കത്തുകളും (2 എണ്ണം) മലയിൻകീഴ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.06.2023 ലെ 2(1)-ാം നമ്പർ തീരുമാനവും (SRG 1035/23 – CC/414/23).**

**വിഷയം:-** കേരളത്തിലെ വിവിധ ജൈവ വൈവിധ്യപാർക്ക് സന്ദർശിക്കുന്നതിന് പഠനയാത്ര നടത്തുന്നതു സംബന്ധിച്ച്.

| *പ്രോ.നം:* 252/24 | ***അടങ്കൽ*** | ***1,50,000 രൂപ*** *(തനതുഫണ്ട്)* |
|---|---|---|
| ***പേര്*** | **പ്രാദേശിക വിനോദസഞ്ചാര സാധ്യതകളെ കുറിച്ചുള്ള പഠനയാത്ര** | |

മലയിൻകീഴ് ആനപ്പാറ പ്രദേശത്ത് ജൈവവൈവിധ്യ പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി വിവിധ പ്രദേശങ്ങളിലുള്ള പാർക്കുകൾ സന്ദർശിക്കുന്നതിന് ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പഠനയാത്ര നടത്താനാണ് പ്രോജക്ട്. ഇതിനായുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

128

4.105 <u>ആര്യനാട് ഗ്രാമപഞ്ചായത്ത്</u>

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.07.2023 ലെ കത്തുകളും (രണ്ടെണ്ണം) ആര്യനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.06.2023 ലെ 1(11)-ാം നമ്പർ തീരുമാനവും (SRG 1033/23 - CC/479/23).**

**വിഷയം:-** ജനങ്ങളുടെ ഇടയിലുള്ള നിയമപരമായ പ്രശ്നങ്ങൾക്ക് പരിഹാരത്തിനായി ഗ്രാമപഞ്ചായത്തിൽ ഗ്രാമീണ കോടതി സ്ഥാപിക്കുന്നത് സംബന്ധിച്ച്.

| *പ്രോ.നം:* 93/24 | ***അടങ്കൽ*** | ***3,00,000 രൂപ*** *(തനത് ഫണ്ട്)* |
|---|---|---|
| ***പേര്*** | **ഗ്രാമീണ കോടതി.** | |

പൊതുജനങ്ങളുടെ ഇടയിലുണ്ടാകുന്ന അതിർത്തി തർക്കം, മദ്യപാനം, മയക്കമരുന്ന് ഉപയോഗം അപകടകരമായ വൃക്ഷങ്ങൾ മുറിച്ചു നീക്കൽ, പൊതുസ്ഥലങ്ങളിലെ കൈയ്യേറ്റം, എന്നിവയ്ക്കായി പോലീസ് മുഖാന്തിരമല്ലാതെ നിയമപരമായ പരിഹാരം കാണുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഗ്രാമീണ കോടതി സ്ഥാപിക്കാനാണ് ലക്ഷ്യം. ഇതിനായി നിയമവിദഗ്ധരെ ചുമതല ഏല്പിക്കാനും ഉദ്ദേശിക്കുന്നു. വ്യവഹാരരഹിത പഞ്ചായത്താക്കുന്നതിനു വേണ്ടിയുള്ള ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

129

4.106 <u>ആവോലി ഗ്രാമപഞ്ചായത്ത്</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.08.2023 ലെ കത്തും ജില്ലാ പ്ലാനിംഗ് ഓഫീസറുടെ റിപ്പോർട്ടും (SRG 1072/23 - CC/469/2023).**

**വിഷയം:-** ആവോലി ഗ്രാമപഞ്ചായത്തിലെ ആനിക്കാട് ചിറയിൽ പുതുവത്സരത്തിൽ ഫെസ്റ്റ് സംഘടിപ്പിക്കുന്നതു സംബന്ധിച്ച്

| *പ്രോ.നം:* 117/23 | ***അടങ്കൽ*** | ***5,00,000 രൂപ*** *(തനത് ഫണ്ട്)* |
|---|---|---|
| ***പേര്*** | **ആവോലി ഫെസ്റ്റ്** | |

ആവോലി ഗ്രാമപഞ്ചായത്തിൽ ആനിക്കാട് ചിറയിൽ (ജലാശയം) പുതുവത്സരത്തോടനുബന്ധിച്ച് നാലു ദിവസം നീളുന്ന ഒരു ഫെസ്റ്റ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നു. ആഭ്യന്തര ടൂറിസത്തിന്റെ ഭാഗമായി ചിറയിൽ ബോട്ട് സർവ്വീസ്, വിവിധ കലാസാംസ്കാരിക പരിപാടികൾ, വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവരെ ആദരിക്കൽ തുടങ്ങിയവ നടത്തുന്നു. ഇതിന്റെ ഭാഗമായി സ്റ്റേജ്, ലൈറ്റ് & സൗണ്ട്സ്, റിഫ്രഷ്മെന്റ്, മെമെന്റോ, ക്യാഷ് അവാർഡ്, ബോട്ടുവാടക തുടങ്ങിയവയ്ക്കായി തനതുഫണ്ടിൽ നിന്ന് ചെലവ് നടത്താനാണ് പ്രോജക്ട്. ഇതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

130 4.107 കണ്ണൂർ ജില്ലാ പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.08.2023 ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 29.07.2023 ലെ B8-1407/2023-ാം നമ്പർ കത്തും (SRG 1113/23 - CC/567/23).**

**വിഷയം:-** ജന്റർ റിസോഴ്സ് സെന്ററിന്റെ നടത്തിപ്പിനായി വാച്ച്മാനടക്കമുള്ളവരെ നിയമിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 100/24 | ***അടങ്കൽ*** | ***8,00,000 രൂപ*** |
| | *വികസനഫണ്ട് - ജനറൽ* | *5,00,000 രൂപ* |
| | *തനത് ഫണ്ട്* | *3,00,000 രൂപ* |
| ***പേര്*** | **ജന്റർ റിസോഴ്സ് സെന്റർ തുടർ പ്രവർത്തനം** | |

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുട്ടകപ്പാറയിലെ ആസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ജന്റർ റിസോഴ്സ് സെന്ററിലേക്ക് കൗൺസിലർ കം കോഓർഡിനേറ്റർ, വാച്ച്മാൻ, കാഷ്വൽ സ്വീപ്പർ എന്നിവരെ 2021-22 വർഷം നിയമിച്ചിരുന്നു. ഇതിന്മേൽ ഓഡിറ്റ് കുറിപ്പുണ്ട്. അതിനാൽ ഇപ്രകാരം നിയമിച്ചതിന് സാധൂകരണം നൽകണമെന്നും ഈ വർഷവും ഇവരെ നിയമിക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. ജന്റർ റിസോഴ്സ് സെന്ററിനോട് ചേർന്ന് 2400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു പരിശീലന കേന്ദ്രവും ഉണ്ട്.

131 4.108 പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.08.2023 ലെ കത്തുകളും (2 എണ്ണം) ജില്ലാ പ്ലാനിംഗ് ഓഫീസറുടെ കുറിപ്പും (SRG 1132/23 - CC/551/23).**

**വിഷയം:-** കലാസാംസ്കാരിക രംഗത്തുണ്ടായിരുന്ന പ്രമുഖരുടെ സ്മരണ നിലനിർത്താനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 98/23 | ***അടങ്കൽ*** | ***1,50,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | **സ്മൃതി സാംസ്കാരിക ഉത്സവം** | |

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തു പരിധിയിൽ ജനിച്ചുവളർന്ന് മൺമറഞ്ഞുപോയ കലാസാംസ്കാരിക രംഗങ്ങളിലെ പ്രതിഭകളുടെ സ്മരണ നിലനിർത്താനും അതുവഴി അവർ പ്രതിനിധാനം ചെയ്ത മേഖലയെ പരിപോഷിപ്പിക്കുന്നതിനുമാണ് പ്രോജക്ട്. ഇത്തരം മേഖലകളിൽ വളർന്നു വരുന്ന പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന് ക്യാഷ് അവാർഡ് നൽകുക, അവരുടെ കലാരൂപങ്ങളുടെ പ്രദർശനങ്ങൾ, സിംപോസിയം തുടങ്ങിയവയാണ് പ്രവർത്തനം. ക്യാഷ് അവാർഡ് നൽകുന്നു എന്നതിനാൽ നൂതന പ്രോജക്ടിനുള്ള ജില്ലാതല വിദഗ്ധ സമിതി ഇതിന് അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

132 4.109 എറണാകുളം ജില്ലാ പഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2023 ലെ കത്തുകളും (രണ്ടെണ്ണം) എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 07.08.2023 ലെ LSGD/DP/Ekm/96/2023/DP11 നമ്പർ കത്തും (SRG 1177/23 - CC/592/23).**

**വിഷയം:-** ഓണാഘോഷത്തിന്റെ ഭാഗമായി വിവിധ മേളകൾ സംഘടിപ്പിക്കുന്നതു സംബന്ധിച്ച്

| *പ്രോ.നം:* 1196/24 | *അടങ്കൽ* | *2,00,000 രൂപ (തനത് ഫണ്ട്)* |
|---|---|---|
| *പേര്* | **' തുമ്പപ്പൂ' - ജില്ലാ പഞ്ചായത്ത് ഓണാഘോഷം** | |

ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളും ജില്ലാ ഭരണകൂടവും DTPC യും യോജിച്ച് അത്തം മുതൽ ഒരാഴ്ച നീണ്ടു നിൽക്കുന്ന ഓണാഘോഷപരിപാടിയാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവിധ കലാകായിക മത്സരങ്ങൾ, പ്രദർശന മേളകൾ, കലാപരിപാടികൾ, ദീപാലങ്കാരങ്ങൾ, വിവിധ കലാരൂപങ്ങൾ ഉൾപ്പെടുത്തിയുള്ള വിളംബര ഘോഷയാത്ര എന്നിവയാണ് പരിപാടി. ഈ പ്രോജക്റ്റിന് അനുമതി സംബന്ധിച്ച്.

133

4.110 <u>**കണ്ണൂർ ജില്ലാ പഞ്ചായത്ത്**</u>

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.10.2023-ലെ കത്ത്** (SRG/1388/23 – CC/763/23)

**വിഷയം:-** സ്ത്രീകൾക്കുവേണ്ടിയുള്ള **"ഷീനൈറ്റ് ഹോം"** താമസ സൗകര്യത്തിനായുള്ള ആവർത്തന ചെലവ് സംബന്ധിച്ച്

| *പ്രോ.നം:* 148/24 | *അടങ്കൽ* | *7,00,000 രൂപ (തനതുഫണ്ട്)* |
|---|---|---|
| *പേര്* | **ഷീനൈറ്റ് ഹോം തുടർനടത്തിപ്പ്** | |

കണ്ണൂർ ജില്ലാ പഞ്ചായത്ത് വികസനകേന്ദ്രം കെട്ടിടത്തിൽ സ്ത്രീകൾക്ക് താമസസൗകര്യം ഒരുക്കുന്നതിന് 'ഷീനൈറ്റ് ഹോം' എന്ന സ്ഥാപനം 2018-19 മുതൽ പ്രവർത്തിച്ചുവരുന്നു. രാത്രികാലങ്ങളിൽ കണ്ണൂർ നഗരത്തിൽ എത്തിച്ചേരുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസസൗകര്യം ഒരുക്കുന്നതിനാണ് ഈ സ്ഥാപനം തുടങ്ങിയത്. ഈ സ്ഥാപനത്തിന്റെ നടത്തിപ്പിനായി രണ്ട് കെയർടേക്കർമാരെയും ഒരു അറ്റന്ററെയും താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതിന് സർക്കാരിന്റെ സാധൂകരണം വാങ്ങണമെന്ന് കോഴിക്കോട് മേഖല പെർഫോമൻസ് ഓഡിറ്റ് വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് മുൻവർഷങ്ങളിൽ മുകളിൽ പറഞ്ഞ പ്രകാരം നിയമിച്ചതിന് സാധൂകരണം നൽകണമെന്നും ഈ വർഷവും തുടർന്നുള്ള വർഷങ്ങളിലും മുകളിൽ പറഞ്ഞ പ്രകാരം രണ്ട് കെയർടേക്കർമാരെയും ഒരു അറ്റന്ററെയും താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

134

4.111 <u>**ദി കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്,**</u>

**കോഴിക്കോട് കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയുടെ 07.09.2023 – ലെ 1139/09/2023–ാം നമ്പർ കത്ത് (SRG/ 1139/09/2023 –ാം നമ്പർ കത്ത് SRG 1377/23)**

**വിഷയം:-** കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റി ഉല്പാദിപ്പിക്കുന്ന മരുന്നുവാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച്.

ആയുർവേദ മരുന്ന് നിർമ്മാണത്തിനും വിതരണത്തിനും കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റിക്ക് 31.12.2025 വരെ Good Manufactories Practice (ജി.എം.പി.) സർട്ടിഫിക്കറ്റ് ഉണ്ട്. ഭാരതീയ ചികിത്സാ വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കിൽ അധികരിക്കാതെ കേരള ആയുർവേദ കോഓപ്പറേറ്റീവ് സൊസൈറ്റി തനതായി ഉല്പാദിപ്പിക്കുന്നതും സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ അംഗീകാരമുള്ളതുമായ ആയുർവേദ ഔഷധങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ

23.12.2023 വരെ നൽകുന്നതിന് 20.12.2022-ലെ 3144/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതിയുണ്ട്. ഇത് 31.12.2025 വരെ ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

135

**4.112 <u>ദി കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ (കൺസ്യൂമർ ഫെഡ്)</u>**
**സർക്കാരിന്റെ 24.08.2023-ലെ** DA1/307/2023/**തസ്വഭവ കത്തും കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ചെയർമാന്റെ 10.07.2023 -ലെ കത്തും (SRG/ 1215/23)**

**വിഷയം:-** തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്കാവശ്യമായ സാധനങ്ങൾ കൺസ്യൂമർ ഫെഡിൽ നിന്ന് വാങ്ങുന്നത് സംബന്ധിച്ച്

സർക്കാർ ഉത്തരവു പ്രകാരം പർച്ചേസ് സബ്റ്റൂളിലെ വ്യവസ്ഥകൾക്കു വിധേയമായി ഇ-ടെണ്ടർ നടപടിയിലൂടെയാണ് കൺസ്യൂമർ ഫെഡ് സാധനങ്ങൾ വാങ്ങുന്നത്. അതിനാൽ മറ്റൊരു ടെണ്ടർ നടപടിയില്ലാതെ തദ്ദേശഭരണസ്ഥാപനങ്ങൾക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മുഴുവൻ സ്ഥാപനങ്ങളിലേയ്ക്കും ആവശ്യമായ എല്ലാ സാധനങ്ങളും നേരിട്ട് വാങ്ങാൻ കഴിയുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ കൺസ്യൂമർ ഫെഡിനെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

136

**4.113 <u>തൂണേരി ബ്ലോക്ക് പഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.2023 ലെ കത്ത് (SRG/1392/23 - CC/318/23).**

**വിഷയം:-** സ്വയംതൊഴിൽ കണ്ടെത്തുന്നതിന് മൊബൈൽ ലാബ് തുടങ്ങാൻ ധനസഹായം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:* 6/24** | ***അടങ്കൽ*** | ***11,00,000 രൂപ*** |
| | *വികസനഫണ്ട് - ജനറൽ* | *3,00,000 രൂപ* |
| | *ലോൺ* | *8,00,000 രൂപ* |
| ***പേര്*** | **സായൂജ്യം - മൊബൈൽ ലാബ്** | |

ബ്ലോക്കു പഞ്ചായത്തിലെ ഓരോ ഗ്രാമപഞ്ചായത്തിൽ നിന്നും രണ്ടു വനിതകളെ വീതം കണ്ടെത്തി ജീവിതശൈലി രോഗങ്ങളുടെ പരിശോധനയ്ക്കായി മൊബൈൽ യൂണിറ്റു തുടങ്ങുകയാണ് ലക്ഷ്യം. സ്വയംതൊഴിൽ സംരംഭം എന്ന നിലയിൽ രണ്ടു പേർക്ക് വീതം പരിശീലനം നൽകുന്നു. നിശ്ചിത ഫീസ് ഈടാക്കി സ്വയംതൊഴിൽ സംരംഭം എന്ന നിലയിലുള്ള ഈ പ്രോജക്ട് മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗസരഭകൾക്കുമാണ് നടപ്പാക്കാവുന്നത്. ഈ പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നേരിട്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

137

**4.114 <u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ</u>**

**കില ഡയറക്ടർ ജനറലിന്റെ 18.10.2023-ലെ 2021/177/HQ നമ്പർ കത്ത് (SRG/1405/23).**

**വിഷയം:-** ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നവർക്ക് യാത്രാബത്ത നൽകുന്നത് സംബന്ധിച്ച്

ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ കേന്ദ്രങ്ങളിൽ 'കില' പരിശീലനം നടത്തുന്നുണ്ട്. ഈ പരിശീലന പരിപാടിയിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, ആശ/അങ്കണവാടി വർക്കർമാർ എന്നിവർ പങ്കെടുക്കാറുണ്ട്. ഇത്തരം പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് അനുവദനീയമായ യാത്രാബത്ത/യഥാർത്ഥ ചെലവ് തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതി ആസൂത്രണത്തിനായി മാറ്റി വച്ചിരിക്കുന്ന ഫണ്ടിൽ നിന്നോ തനതുഫണ്ടിൽ നിന്നോ നൽകണമെന്ന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.